JEEVA MOZHIKAL RNI/KERBIL/-2003/21404
June 2011 www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

## 'വലിയ' ന്യായാധിപനും 'ചെറിയ' മൂഡിയും

**ക്രി**സ്തീയ പ്രവർത്തനങ്ങൾ ആരംഭിച്ച കാലത്ത് ഡി.എൽ.മൂഡി ഇല്ലിനോയി എന്ന സ്ഥലം സന്ദർശിക്കവേ, ഒരു ന്യായാധിപന്റെ ഭാര്യ തന്റെ ഭർത്താവിനെ കണ്ടു സംസാരിക്കണമെന്ന് അദ്ദേഹത്തോട് അപേക്ഷിച്ചു.മൂഡി പക്ഷേ മടിച്ചു. അദ്ദേഹം ഇപ്രകാരം പറഞ്ഞു: "നിങ്ങളുടെ ഭർത്താവ് വിദ്യാസമ്പന്നനായ ഒരു ക്രിസ്തുനിഷേധിയാണ്. ഞാനാകട്ടെ, വിദ്യാവിഹീനനായ ഒരു യുവക്രിസ്ത്യാനിയാണ്. ഞാൻ പറഞ്ഞാൽ അദ്ദേഹം കേൾക്കുമോ?"

എന്നാൽ ന്യായാധിപന്റെ ഭാര്യ നിർബന്ധിച്ചു. മൂഡി ഒടുവിൽ സമ്മതിച്ചു. ഷിക്കാഗോയിലെ സാധാരണക്കാരനായ യുവാവ് വിദ്യാസമ്പന്നനായ ന്യായാധിപനോടു സംസാരിക്കാൻ പോകുന്നതു കണ്ട് ന്യായാധിപന്റെ ഓഫീസിലുള്ള ഗുമസ്ഥന്മാർ ചിരിച്ചു.

മൂഡി ന്യായാധിപനോട് അല്പനേരമേ സംസാരിച്ചുള്ളു. അതിങ്ങനെയായിരുന്നു: "അല്ലയോ ജഡ്ജി, എനിക്ക് അങ്ങയോടു സംസാരിക്കാനുള്ള കഴിവില്ല. നിങ്ങൾ വിദ്യാഭ്യാസമുള്ള ഒരു ക്രിസ്തുവിദ്വേഷിയാണ്". ഞാൻ വിദ്യാവിഹീനനായ ഒരു ക്രിസ്തുവിശ്വാസിയുമാണ്. എന്നാൽ ഞാൻ അങ്ങയോടു ലളിതമായ ഒരു കാര്യം മാത്രം ചോദിക്കട്ടെ: "നിങ്ങൾ എപ്പോഴെങ്കിലും മാനസാന്തരപ്പെട്ടാൽ എന്നെ അറിയിക്കുമോ?"അങ്ങനെ ചെയ്യാമെന്നു ന്യായാധിപൻ ഒരു വാക്കിൽ പറഞ്ഞതോടെ ആ കൂടിക്കാഴ്ച അവസാനിച്ചു.

പക്ഷേ അത്ഭുതം! വൈകാതെ ന്യായാധിപൻ മാനസാന്തരപ്പെട്ടു. മൂഡി പിന്നീട് ആ പട്ടണം സന്ദർശിച്ചപ്പോൾ അത് എങ്ങനെ സംഭവിച്ചു എന്നു വിശദമാക്കാമോ എന്നു ന്യായാധിപനോടു ചോദിച്ചു.

അദ്ദേഹം ഇങ്ങനെ മറുപടി നൽകി: "ഒരു രാത്രി എന്റെ ഭാര്യ പ്രാർത്ഥനായോഗത്തിനു പോയ സമയത്ത് ഞാൻ വളരെ അസ്വസ്ഥതയുള്ളവനായിത്തീർന്നു. ആ രാത്രി എനിക്ക് ഉറങ്ങാനേ കഴിഞ്ഞില്ല. പിറ്റേന്ന് പുലർച്ചെ തന്നെ ഞാൻ ഓഫീസിലേക്കുപോയി. ഗുമസ്ഥന്മാർക്കെല്ലാം ഒരു ദിവസത്തെ അവധി നൽകിയിട്ട് ഞാൻ ഓഫീസിന്റെ ഉൾമുറിയിൽ കയറി വാതിലടച്ചു. ഞാൻ കൂടുതൽ അരിഷ്ടനായി എനിക്കു തോന്നി. അവസാനം ഞാൻ വിനയപ്പെട്ട് "എന്റെ പാപങ്ങളെ ക്ഷമിക്കണമേ" എന്നു ദൈവത്തോട് അപേക്ഷിച്ചു. എന്നാൽ യേശുവിന്റെ നാമത്തിലല്ല ഞാൻ അപേക്ഷിച്ചത്. കാരണം ഞാൻ ഏകേശ്വരവാദിയായതുകൊണ്ട് യേശുവിന്റെ പ്രായശ്ചിത്തയാഗത്തിൽ വിശ്വസിച്ചിരുന്നില്ല. ദൈവമേ എന്റെ പാപങ്ങളെ ക്ഷമിക്കണമേ എന്നു പിന്നേയും ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എന്നാൽ മറുപടി ഉണ്ടായില്ല. അവസാനം ഞാൻ നിരാശനായി നിലവിളിച്ചു: 'എന്റെ ദൈവമേ, യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ പാപങ്ങൾ എന്നോടു ക്ഷമിക്കണമേ' അപ്പോൾ തന്നെ ദൈവം എന്നെ അംഗീകരിച്ചു എന്ന ഉറപ്പ് എനിക്കു കൈവന്നു. എനിക്കു സമാധാനം ലഭ്യമായി.


ഈ സംഭവകഥ രണ്ട് ആത്മീയ സത്യങ്ങൾ വെളിവാക്കുന്നു. ഒന്ന്: നമ്മുടെ കഴിവല്ല, ഒരാളെ വ്യത്യാസപ്പെടുത്തുന്നത്. രണ്ട്: യേശുവിന്റെ പ്രായശ്ചിത്ത ബലിയിലുള്ള വിശ്വാസത്തോടെ അവിടുത്തെ നാമത്തിൽ പ്രാർത്ഥിക്കുമ്പോഴാണു നമ്മുടെ പാപങ്ങൾ ദൈവം ക്ഷമിക്കുന്നത്. നമുക്ക് സമാധാനം കൈവരുന്നത്.

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 9 – ലക്കം 6 ജൂൺ 2011 Rs. 7.00



**എഡിറ്റോറിയൽ**

# ഡേവിഡ് വിൽക്കേഴ്സൺ



'**എ**ല്ലും തോലുമായ, നാട്ടിൻ പുറത്തുകാരൻ ഉപദേശി'– ന്യൂയോർക്കിൽ മൈക്കൽ ഫാർമർ കൊലക്കേസിലെ കോടതി നടപടികളിലിടപെട്ടു പരിഹാസപാത്രമായ ഡേവിഡ് വിൽക്കേഴ്സണെ മാധ്യമങ്ങൾ അങ്ങനെയാണു വിശേഷിപ്പിച്ചിരുന്നത്. എന്നാൽ അതു പഴയ കഥ. ദൈവം തന്നെ നടത്തിയ വഴികളുടെ നേർ സാക്ഷ്യം വിൽക്കേഴ്സൺ 'ദ് ക്രോസ് ആൻഡ് ദ് സ്വിച്ച് ബ്ലേഡ്' എന്ന ഗ്രന്ഥത്തിലൂടെ വിവരിക്കുകയും അതിന്റെ ലക്ഷക്കണക്കിനു കോപ്പികൾ ചൂടപ്പം പോലെ വിറ്റഴിയുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ 'താരമൂല്യം' യുഎസിൽ പൊടുന്നനെ ഉയർന്നു.

ലഹരിമുരുന്നുകളിൽ നിന്നു കുട്ടികളെ വിമോചിപ്പിക്കുന്നതിന്റെ ഒരു വിദഗ്ദ്ധനായി രാജ്യ വ്യാപകമായി വിൽക്കേഴ്സൺ വാഴ്ത്തപ്പെട്ടു. അദ്ദേഹത്തിന്റെയും ടീൻ ചലഞ്ചിന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് വലിയൊരു സചിത്ര ലേഖനം ലൈഫ് മാസികയിൽ വന്നു (മൈക്കൽ ഫാർമർ കൊലക്കേസിലെ പ്രതികളായ കൗമാരക്കാരായ ഏഴുകുട്ടികളെക്കുറിച്ച് നേരത്തെ ഇതേ മാസികയിൽ വന്ന ലേഖനവും ചിത്രവുമാണ് വിൽക്കേഴ്സൺന്റെ ജീവിതത്തിൽ വഴിത്തിരിവായത്). ടൈം, ന്യൂയോർക്ക് ടൈംസ്, ഡെയ്‌ലി ന്യൂസ്, വാഷിങ്ടൺ പോസ്റ്റ് എന്നു വേണ്ട ഒട്ടുമിക്ക പ്രശസ്ത പത്രങ്ങളും മാസികകളും വിൽക്കേഴ്സണെക്കുറിച്ചുള്ള തുടർഫീച്ചറുകൾ പ്രസിദ്ധപ്പെടുത്തി. ടെലിവിഷൻ ചാനലുകളിലും റേഡിയോകളിലും ആദ്ദേഹത്തിന്റെ അഭിമുഖങ്ങൾ വന്നു. ലോകമെങ്ങും വിവിധ സ്ഥലങ്ങളിൽ നിന്നു സെമിനാറുകളിൽ പ്രബന്ധം അവതരിപ്പിക്കാനും പ്രസംഗിക്കാനുമുള്ള ക്ഷണങ്ങൾ എത്തി. ചെറുപ്പക്കാർക്കു വേണ്ടിയുള്ള പ്രത്യേക യോഗങ്ങൾക്കു നേതൃത്വം നൽകാനും യുവാക്കളുടെ റാലികൾ നടത്താനും മുഖ്യാതിഥിയായി ക്ഷണിക്കപ്പെട്ടു. അദ്ദേഹത്തിനു വരുന്ന കത്തുകൾക്കു മറുപടി നൽകാൻ മാത്രം നാലു സെക്രട്ടറിമാരെ ജോലിക്കു വയ്ക്കേണ്ടി വന്നു. വിമാനത്താവളത്തിലും റസ്റ്ററന്റുകളിലും ആളുകൾ അദ്ദേഹത്തെ തിരിച്ചറിഞ്ഞു സംസാരിക്കാൻ താത്പര്യം കാട്ടി. ചുരുക്കത്തിൽ വിൽക്കേഴ്സൺ വളരെ വേഗം നാട്ടിൻപുറത്തെ ഉപദേശി എന്ന നിലയിൽ നിന്നു അതിപ്രശസ്തനായ ഒരു പൊതുവ്യക്തി എന്ന അവസ്ഥയിലേക്കു മാറി.

ഇങ്ങനെ നാലു വർഷങ്ങൾ കടന്നു പോയി. 1968 ലെ ഒരു വേനൽക്കാലം. ടീൻ ചലഞ്ചിന്റെ '416, ക്ലിന്റൺ അവന്യൂ' എന്ന ആസ്ഥാന മന്ദിരത്തിൽ നിന്നു '444, ക്ലിന്റൺ അവന്യൂ'വിൽ വാങ്ങിയ പുതിയ ഓഫിസിലേക്കു ഒരു സുപ്രധാന അഭിമുഖത്തിനായി തിരക്കിട്ടു നടക്കുകയാണ് ഡേവിഡ് വിൽക്കേഴ്സൺ. പെട്ടെന്ന് വിൽക്കേഴ്സൺന്റെ വഴി വിലങ്ങി ഒരു ചൈനാക്കാരൻ നില്ക്കുന്നു. അയാളെ ഒഴിഞ്ഞുപോകാൻ വിൽക്കേഴ്സൺ ഇടത്തേക്കുമാറി. അയാളും അങ്ങോട്ടു മാറി. വലത്തോട്ടു തിരിഞ്ഞു പോകാൻ ശ്രമിച്ചപ്പോൾ അയാളും അങ്ങോട്ടു ചുവടുവച്ചു. നിവൃത്തിയില്ലാതെ വിൽക്കേഴ്സൺ നടപ്പു നിർത്തി അവിടെ തന്നെ നിന്നു. ചൈനാക്കാരൻ തൊട്ടു മുൻപിൽ ശാന്തനായി നിന്നുകൊണ്ട് ഇങ്ങനെ പറഞ്ഞു. "നിങ്ങളാണു ഡേവിഡ് വിൽക്കേഴ്സൺ" അതൊരു ചോദ്യമായിരുന്നില്ല; ഒരു പ്രസ്താവനയായിരുന്നു. വിൽക്കേഴ്സൺ തലയുയർത്തി അഭിമുഖം നിൽക്കുന്ന ചൈനാക്കാരന്റെ മുഖത്തേക്കു നോക്കി. ആ ഇടുങ്ങിയ കണ്ണുകളിൽ തിരയൊഴിഞ്ഞ സമുദ്രത്തിന്റെ ശാന്തത. ചൈനാക്കാരൻ കറതീർന്ന ഇംഗ്ലീഷിൽ തുടർന്നു: "ഞാൻ ഒരു ദൈവമനുഷ്യനാണ്. ഹോങ്കോങ്ങിൽ ജീവിക്കുന്നു. താങ്കളോടു സംസാരിക്കുന്നതിന് ദൈവം എന്നെ അയച്ചിരിക്കുന്നു. എനിക്കു പറയാനുള്ള സന്ദേശം വളരെ ലളിതമാണ്– നിങ്ങൾ ആവശ്യത്തിലേറെ ഡേവിഡ് വിൽക്കേഴ്സണിൽ ആശ്രയിക്കുന്നു. നിങ്ങൾ പരിശുദ്ധാത്മാവിൽ ആശ്രയിക്കുന്നില്ല. നിങ്ങൾക്കു ലാളിത്യം നഷ്ടമായിരിക്കുന്നു."


വിൽക്കേഴ്സൺ ഒരു നിമിഷം സ്തംഭിച്ചു പോയി. പക്ഷേ അദ്ദേഹത്തിൽ മെല്ലെ ദേഷ്യം നുരഞ്ഞുപൊന്തി. 'പുതിയ ഓഫിസിൽ വളരെ പ്രധാനപ്പെട്ട ഒരു അഭിമുഖത്തിനു പോകുന്ന എന്നെ തടഞ്ഞു നിർത്താൻ ഈ കൊച്ചു ചൈനാക്കാരന് എങ്ങനെ കഴിഞ്ഞു? ഏകദേശം ആറായിരം പേരോട് ഓരോ ആഴ്ചയും പ്രസംഗിക്കുന്നവനാണു ഞാനെന്നും, എന്റെ ലഹരിവിരുദ്ധ പുനരധിവാസ പ്രവർത്തനങ്ങൾ രാജ്യം മുഴുവൻ വ്യാപിച്ചു കിടക്കുന്നുവെന്നും ഇയാൾ അറിയുന്നില്ലേ?' ഇങ്ങനെയൊന്നും വിൽക്കേഴ്സൺ പറഞ്ഞില്ല. പക്ഷേ അദ്ദേഹം ചൈനാക്കാരനോടു സംസാരിച്ച ചുരുക്കം വാക്കുകളിൽ ഇതെല്ലാം പ്രകടമായിരുന്നു. ആ വാക്കുകളിൽ നിശ്ശബ്ദമായ ഇങ്ങനെ ഒരു ചോദ്യം ഉണ്ടായിരുന്നു. "നിങ്ങൾക്ക് ഈ സുപ്രധാനവ്യക്തി, ഡേവിഡ് വിൽക്കേഴ്സണെ, തടഞ്ഞു നിർത്താൻ എങ്ങനെ ധൈര്യം വന്നു?."

ഉവ്വ്, ആ ചോദ്യം വായിച്ചെടുത്ത കൊച്ചു ചൈനാക്കാരൻ വ്രണിത ഹൃദയനായി. അയാളുടെ കണ്ണുകൾ നിറഞ്ഞു: "ഞാൻ എന്നെ ചൊല്ലിയല്ല വിഷമിക്കുന്നത്, ഡേവിഡ്. ഞാൻ താങ്കൾക്കു വേണ്ടിയാണു കരയുന്നത്. ഞാൻ ഒരു കാരണവശാലും താങ്കളെ ദേഷ്യപ്പെടുത്തുമായിരുന്നില്ല. നിങ്ങൾ ദൈവത്തിനായി ഉപയോഗിക്കപ്പെടുന്നവനാണെന്ന് എനിക്കറിയാം. എന്നാലും എനിക്കനുസരിക്കാതെ വയ്യ. താങ്കളോടു വന്നു പറയാൻ എന്നോട് ആവശ്യപ്പെട്ടു. അതു ഞാൻ ചെയ്തു." ആ വാക്കുകളോടെ ചൈനാക്കാരൻ നടന്നു നീങ്ങി. പിന്നീട് ജീവിതത്തിലൊരിക്കലും വിൽക്കേഴ്സൺ അയാളെ കണ്ടിട്ടില്ല.

ഒരു നിമിഷം എന്തു ചെയ്യണമെന്നറിയാതെ വിൽക്കേഴ്സൺ നിന്നു. പിന്നെ, അഭിമുഖത്തിനുപോകേണ്ട തിടുക്കമുണ്ടായിരുന്നതുകൊണ്ട് അയാളുടെ വാക്കുകൾ ഗൗരവമായി എടുക്കാതെ ചുമൽ ഒന്നു കുലുക്കി നടന്നു പോയി.

പക്ഷേ അയാൾ ഏല്പിച്ച ആഘാതം അത്രയെളുപ്പത്തിൽ ഹൃദയത്തിൽ നിന്നു കുടഞ്ഞെറിയാവുന്നതായിരുന്നില്ല. ചൈനാക്കാരന്റെ വാക്കുകൾ രാത്രി വൈകിയും ഹൃദയത്തിൽ അസ്വസ്ഥത പടർത്തിയപ്പോൾ വിൽക്കേഴ്സൺ, ഭാര്യ ജ്വെന്നിനോട് അതു പങ്കിട്ടു. എല്ലാം കേട്ടശേഷം ജ്വെന്നും സത്യസന്ധതയോടെ പറഞ്ഞു: 'ഒരിക്കൽ ഡേവിഡ് വിൽക്കേഴ്സണുണ്ടായിരുന്ന ലാളിത്യം കൈമോശം വന്നിരിക്കുന്നു.'

അതായിരുന്നു തുടക്കം. ജീവിതത്തിന്റെ ഓരോ വഴിത്തിരിവിലും പരിശുദ്ധാത്മാവിന്റെ സ്വരത്തിനു കാതോർക്കുകയും ആ സ്വരത്തോട് അനുസരണം കാട്ടുകയും ചെയ്തിരുന്ന വിൽക്കേഴ്സൺ ഇവിടെയും അതു തന്നെ ചെയ്തു. അദ്ദേഹം ഒരി



(ശേഷം പേജ് 36 ൽ)

# ഡേവിഡ് വിൽക്കേഴ്സൺ 'ഓട്ടം തികച്ചു'

'മരണത്തിലൂടെ ജീവന്റെ വെളിപ്പെടുത്തൽ' എന്ന ഡേവിഡ് വിൽക്കേഴ്സൺന്റെ ലേഖനം കഴിഞ്ഞ ലക്കം 'ജീവമൊഴി' മാസികയിൽ പ്രസിദ്ധപ്പെടുത്താനായി തിരഞ്ഞെടുക്കുമ്പോൾ, അത് അച്ചടിമഷി പുരണ്ടുവരും മുൻപേ ലേഖനകർത്താവിന്റെ മരണവാർത്തവരുമെന്നു പ്രതീക്ഷിച്ചില്ല. എന്നാൽ അങ്ങനെയാണു ദൈവത്തിനു ഹിതമായത്. ഏപ്രിൽ 27 ന് ആ വാർത്ത വന്നു - ഡേവിഡ് വിൽക്കേഴ്സൺ യു.എസിലെ ടെക്സസിൽ കാർ അപകടത്തിൽ നിര്യാതനായി. ഭാര്യ ജെൻ വിൽക്കേഴ്സണുമൊത്തു കാറിൽ സഞ്ചരിക്കവേ, തെരുവിൽ ഒരു പടുകൂറ്റൻ ട്രാക്ടർ ട്രെയ്ലറുമായി കൂട്ടിയിടിച്ചായിരുന്നു അന്ത്യം. അപകടത്തിൽ ഗുരുതരമായി പരുക്കേറ്റ ജെൻ ആശുപത്രിയിൽ സുഖംപ്രാപിച്ചുവരുന്നു.

പരിശുദ്ധാത്മാവിന്റെ സ്വരത്തെ അവഗണിക്കാതിരിക്കുകയും ദൈവം അനുവദിച്ച അളവിൽ വിശ്വാസത്തിന്റെ ചുവടുകൾ വച്ചു മുന്നോട്ടു പോകുകയും ചെയ്തതാണ് ഈ തലമുറയിൽ വിൽക്കേഴ്സണെ ശ്രദ്ധേയനായ ഒരു ദൈവമനുഷ്യനാക്കി മാറ്റിയത്. പെൻസിൽവാനിയയിൽ ഒരു അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ ശുശ്രൂഷകനായിരിക്കെ, 27 വയസ്സു പ്രായമുള്ളപ്പോൾ,രാത്രി വൈകി ടെലിവിഷൻ പരിപാടികൾ കാണുന്നത് ഉപേക്ഷിച്ച് ആ സമയം പ്രാർത്ഥനയ്ക്കായി ചെലവഴിക്കാൻ 1958 ഫെബ്രുവരി 9 ന് പരിശുദ്ധാത്മാവ് അദ്ദേഹത്തെ പ്രേരിപ്പിച്ചു. അദ്ദേഹം അതനുസരിച്ചു. ടെലിവിഷൻസെറ്റ് വിറ്റശേഷം വിൽക്കേഴ്സൺ പ്രാർത്ഥനയ്ക്കായി ആ സമയം ഉപയോഗിച്ചു. രണ്ടാഴ്ചയും രണ്ടുദിവസവും കഴിഞ്ഞ് പ്രാർത്ഥനാസമയത്ത് മേശമേൽ കിടന്ന ലൈഫ് മാസിക മറിച്ചു നോക്കുവാനുള്ള പ്രേരണ അദ്ദേഹത്തിനുണ്ടായി. 1958 ഫെബ്രുവരി 24-ാം ലക്കം മാസികയായിരുന്നു അത്. അതിന്റെ 30,31 പേജുകളിൽ മൈക്കൽ ഫാർമർ എന്ന പോളിയോ ബാധിതനായ പതിനഞ്ചു വയസ്സുകാരനെ ലഹരിമരുന്നിന്റെ ലഹരിയിൽ മൃഗീയമായി കൊലപ്പെടുത്തിയ കൗമാരഅധോലോകസംഘമായ 'ഡ്രാഗണി'ലെ 7 കുട്ടികളുടെ ചിത്രങ്ങൾ കൊടുത്തിരുന്നു. കൊലക്കേസിൽ പ്രതികളായ അവർ ന്യൂയോർക്ക് കോടതിയിൽ വിചാരണ നേരിടുകയാണ്. 'പോയി ഈ കുട്ടികളെ സഹായിക്കുക' എന്ന് പരിശുദ്ധാത്മാവ് തന്നോട് ആവശ്യപ്പെടുന്നതായി വിൽക്കേഴ്സണ് അനുഭവപ്പെട്ടു.

350 മൈൽ അകലെയുള്ള ന്യൂയോർക്കിൽ അതിനുമുമ്പ് പോയിട്ടില്ലെങ്കിലും പരിശുദ്ധാത്മാവിന്റെ സ്വരത്തെ അവഗണിക്കാതെ അദ്ദേഹം മിൽസ്ഹോവർ എന്ന സഭാംഗത്തെ കൂട്ടിക്കൊണ്ട് കാറിൽ അങ്ങോട്ട് യാത്രയായി. സ്ഥലം തപ്പിപ്പിടിച്ച് വിചാരണക്കോടതിയിൽ വിൽക്കേഴ്സൺ സന്ദർശകനായി എത്തി. എന്നാൽ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ കോടതി നടപടികളിൽ ഇടപെട്ട അദ്ദേഹം

**നിവർത്തിപ്പിടിച്ച കഠാരകളുടെ പ്രതികാരത്തിന്റെ തിളങ്ങുന്ന വായ്ത്തല കുരിശിലെ സ്നേഹത്തിനു മുമ്പിൽ മടങ്ങിപ്പോയ ഉദ്വേഗജകമായ അനുഭവങ്ങൾ 'ദ് ക്രോസ് ആന്റ് ദ് സ്വിച്ച് ബ്ലേഡ്' എന്ന പേരിൽ പുസ്തകമാക്കിയപ്പോൾ മുപ്പത് ഭാഷകളിലായി അതിന്റെ ഒന്നരക്കോടി കോപ്പികളാണ് വിറ്റുപോയത്. വിൽക്കേഴ്സൺന്റെ പ്രവർത്തനത്താൽ രക്ഷിക്കപ്പെട്ട് സുവിശേഷകനായിത്തീർന്ന നിക്കിക്രൂസ് എഴുതിയ 'റൺ ബേബി റൺ' എന്ന പുസ്തകവും അദ്ദേഹത്തിന്റെ തെരുവിലെ പ്രവർത്തനങ്ങളുടെ നഖചിത്രമാണ്.**

പോലീസിന്റെ പിടിയിലായി. അദ്ദേഹത്തിന്റെ ഫോട്ടോയും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു.

'ചീപ്പ് പോപ്പുലാരിറ്റി'ക്കുവേണ്ടി ശ്രമിച്ച ആളെന്നെ നിലയിൽ കോടതിയുടേയും പോലീസിന്റെയും അവഹേളനത്തിനും സമൂഹത്തിന്റെയും മാധ്യമങ്ങളുടേയും പരിഹാസത്തിനും വിധേയനായെങ്കിലും ആ സംഭവം വിൽക്കേഴ്സൺന്റെ ജീവിതത്തിൽ വഴിത്തിരിവായി.

ന്യൂയോർക്ക് പട്ടണത്തിൽ കൗമാരപ്രായക്കാരായ ആൺകുട്ടികളും പെൺകുട്ടികളും അംഗങ്ങളായ ധാരാളം അധോലോകസംഘങ്ങൾ ഉണ്ടായിരുന്നു. അവരെല്ലാം ഫാർമർകൊലക്കേസ് വിചാരണയുടെ വിശദാംശങ്ങൾ ശ്രദ്ധിക്കാറുണ്ടായിരുന്നു. അതുകൊണ്ടുതന്നെ വിൽക്കേഴ്സൺ വളരെ വേഗം അവർക്കിടയിൽ ശ്രദ്ധേയനായി. പത്രങ്ങളിലും ടി.വിയിലും വന്ന ചിത്രവും വാർത്തയും മൂലം ന്യൂയോർക്ക് തെരുവിൽ അവർ അദ്ദേഹത്തെ തിരിച്ചറിഞ്ഞു. തങ്ങളിലൊരാളായി അവർ വിൽക്കേഴ്സണെ കണ്ടു. അതിന്റെ പിന്നിലെ മനഃശാസ്ത്രം അവർ തന്നെ വിൽക്കേഴ്സണോട് ഇങ്ങനെ വിശദീകരിച്ചു: പോലീസും കോടതിയും അധോലോകസംഘാംഗങ്ങളായ കുട്ടികൾക്ക് എതിരാണ്. അതേ പോലീസും കോടതിയും വിൽക്കേഴ്സണും എതിരാണ്. അതുകൊണ്ട് തങ്ങളിൽ ഒരാളാണ് വിൽക്കേഴ്സൺ.

അങ്ങനെ അധോലോകസംഘങ്ങളുടെ താവളങ്ങളിൽ വിൽക്കേഴ്സണ് പ്രവേശനം ലഭിച്ചു. മറ്റാർക്കും ലഭിച്ചിട്ടില്ലാത്ത അവസരങ്ങൾ .റിബൽസ്, മൗമൗ, ചാപ്ലയ്ൻസ്, ഡ്രാഗൺ, ജി.ജി.ഐ....എന്നിങ്ങനെ വിചിത്രമായ പേരുകളുള്ള ഓരോ സംഘത്തിലും യഥേഷ്ടം ചെന്ന് കുട്ടികളുമായി പരിചയപ്പെട്ടപ്പോൾ വിൽക്കേഴ്സൺ അമ്പരന്നുപോയി. ഇവരിൽ നല്ല പങ്കും മാരിജുവാന, എൽ.എസ്.ഡി., ഹീറോയിൻ തുടങ്ങിയ ലഹരിമരുന്നുകളുടെ അടിമകളാണ്. ഹീറോയിൻ ഞരമ്പിൽ നേരിട്ട് കുത്തിവയ്ക്കുന്ന 'മെയിൻ ലൈനർ'മാരാണ് പെൺകുട്ടികൾ ഉൾപ്പെടെ പലരും. കുത്തും കൊലയും കുടിപ്പകയും അധോലോകസംഘങ്ങൾ തമ്മിലുള്ള പോരാട്ടവും ഒരു വശത്ത്. ലഹരി മരുന്നിന്റെ വ്യാപകമായ ഉപയോഗവും വിൽപ്പനയും വേറൊരു വശത്ത്. സെക്സ് പാർട്ടികളും മദ്യപാനവും മറ്റൊരു വശത്ത്. ഇതിൽപ്പെട്ട് നാടിനും വീടിനും തലവേദനയായി, ആഗ്രഹമുണ്ടെങ്കിലും രക്ഷപ്പെടാൻ കഴിയാതെ, നശിക്കുന്ന ആയിരക്കണക്കിന് കൗമാരക്കാർ.

ഇവരുടെ കഥകൾ തൊട്ടറിഞ്ഞപ്പോൾ വിൽക്കേഴ്സൺ തന്റെ ജീവിതം ഈ കുട്ടികളുടെ വിമോചനത്തിനായി ഉഴിഞ്ഞുവച്ചു. ഫാർമർ കൊലക്കേസ് പ്രതികളായ 7 കുട്ടികളെ രക്ഷിക്കുന്നതിനേക്കാൾ എത്രയോ വലിയ ദൗത്യമായിരുന്നു





ഇത്! വിൽക്കേഴ്സൺ സകുടുംബം ന്യൂയോർക്കിലേക്കു താമസം മാറ്റി. 'ടീൻ ചലഞ്ച്' എന്നൊരു സന്നദ്ധസംഘടന രൂപീകരിച്ച് ലഹരിമരുന്നിനെതിരേ കുരിശുയുദ്ധം തന്നെ പ്രഖ്യാപിച്ചു. ആയിരക്കണക്കിന് കുട്ടികൾക്ക് രൂപാന്തരം സംഭവിച്ചു. നിവർത്തിപ്പിടിച്ച കഠാരകളുടെ പ്രതികാരത്തിന്റെ തിളങ്ങുന്ന വായ്ത്തല കുരിശിലെ സ്നേഹത്തിനു മുമ്പിൽ മടങ്ങിപ്പോയ ഉദ്വേഗജകമായ അനുഭവങ്ങൾ 'ദ് ക്രോസ് ആന്റ് ദ് സ്വിച്ച് ബ്ലേഡ്' എന്ന പേരിൽ പുസ്തകമാക്കിയപ്പോൾ മുപ്പത് ഭാഷകളിലായി അതിന്റെ ഒന്നരക്കോടി കോപ്പികളാണ് ലോകമെങ്ങും വിറ്റുപോയത്. വിൽക്കേഴ്സൺന്റെ പ്രവർത്തനത്താൽ രക്ഷിക്കപ്പെട്ട് സുവിശേഷകനായിത്തീർന്ന നിക്കിക്രൂസ് എഴുതിയ 'റൺ ബേബി റൺ' എന്ന പുസ്തകവും അദ്ദേഹത്തിന്റെ തെരുവിലെ പ്രവർത്തനങ്ങളുടെ നഖചിത്രമാണ്.

ക്രിസ്തീയപ്രവർത്തനങ്ങളുടെ തിരക്ക്, വിൽക്കേഴ്സണെ പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതോർക്കുന്നതിൽ നിന്നു പിന്തിരിപ്പിച്ചില്ല. പ്രശസ്തിയുടെ കൊടുമുടിയിൽ നിൽക്കെ, ഒരു സുപ്രഭാതത്തിൽ ദൈവികനിയോഗത്താൽ അദ്ദേഹം പ്രവർത്തനങ്ങളിൽ നിന്നെല്ലാം ഉൾവലിഞ്ഞു. വളരെ വർഷങ്ങൾ വിൽക്കേഴ്സണെപ്പറ്റി ഒന്നും കേൾക്കാനില്ലായിരുന്നു. പ്രവർത്തനത്തെക്കാളുപരി ജീവിതമാണ് പ്രധാനമെന്ന് പരിശുദ്ധാത്മാവ് അദ്ദേഹത്തിന് ബോധ്യം നൽകി. ആഴമേറിയ ഒരു ക്രിസ്തീയ ജീവിതത്തിന്റെ പാഠങ്ങൾ പരിശുദ്ധാത്മാവ് അദ്ദേഹത്തെ പഠിപ്പിച്ചു. ഈ പ്രത്യേക അനുഭവങ്ങളുടെ നേർസാക്ഷ്യമാണ് വിൽക്കേഴ്സന്റെ 'ബിയോൺഡ് ക്രോസ് ആന്റ് സ്വിച്ച് ബ്ലേഡ്' എന്ന പുസ്തകം.

ഒടുവിൽ ദൈവികനിയോഗമനുസരിച്ചു വർഷങ്ങൾക്കു ശേഷം 1987 ൽ അദ്ദേഹം വീണ്ടും ന്യൂയോർക്കിൽ ടൈംസ് സ്ക്വയറിലെത്തി. അവിടെ 'ടൈംസ് സ്ക്വയർ ചർച്ചി'ന്റെ പുൾപ്പിറ്റിൽ നിന്ന് ആഴമേറിയ ക്രിസ്തീയജീവതത്തെക്കുറിച്ച് നൽകിയ സന്ദേശങ്ങൾ 'ടൈംസ് സ്ക്വയർ പുൾപിറ്റ് സീരിസ്' എന്ന പ്രസിദ്ധീകരണത്തിലൂടെ ലോകമെങ്ങും എത്തിക്കുവാൻ തുടങ്ങി. ഈ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരിക്കെയാണ് അടുത്തയിടെ 79 -ാം വയസ്സിൽ അദ്ദേഹത്തിന്റെ പെട്ടെന്നുള്ള അന്ത്യം. ഭാര്യ ജ്വെന്നുമൊത്തു ന്യൂയോർക്കിലായിരുന്നു താമസം. നാലുമക്കളും 11 കൊച്ചുമക്കളുമായി സന്തുഷ്ടകുടുംബജീവിതം. ദ് വിഷൻ, റിവൈവൽ ഓൺ ബ്രോഡ്വേ, ഹംഗ്റി ഫോർ മോർ ജീസസ്, ഹാവ് യൂ ഫെൽറ്റ് ലൈക്ക് ഗിവിങ് അപ് ലേറ്റ്ലി?, ന്യൂ കവനന്റ് അൺവെയ്ൽഡ് എന്നിവയാണ് അദ്ദേഹത്തിന്റെ മറ്റു ഗ്രന്ഥങ്ങൾ.

ആഴമേറിയ ക്രിസ്തീയജീവിതത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഒട്ടേറെ ലേഖനങ്ങൾ 'ജീവമൊഴി' മാസികയുടെ കഴിഞ്ഞ അനേകം ലക്കങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വിൽക്കേഴ്സൺന്റെ 'ദ് ക്രോസ് ആൻഡ് ദ് സ്വിച്ച് ബ്ലേഡ്'മലയാളത്തിൽ പരിഭാഷപ്പെടുത്തി മാസികയിൽ പ്രസിദ്ധപ്പെടുത്തുന്നതിന് 'വേൾഡ് ചലഞ്ച്' ജീവമൊഴിക്കു പ്രത്യേക അനുവാദം നൽകിയിരുന്നു. 'കുരിശും കഠാരയും' എന്ന പേരിൽ അതു ജീവമൊഴിയിൽ ഖണ്ഡശ: പ്രസിദ്ധപ്പെടുത്തിയപ്പോൾ വായനക്കാരിൽ നിന്ന് ആവേശകരമായ സ്വീകരണമായിരുന്നു ലഭിച്ചത്.

'മരണത്തിലൂടെ ജീവന്റെ വെളിപ്പെടുത്തൽ' എന്ന വിൽക്കേഴ്സൺന്റെ ലേഖനത്തിന്റെ സമാപനഭാഗം ഈ ലക്കത്തിൽ വായിക്കുക. ❖

# ഡേവിഡ് വിൽക്കേഴ്സണെ ഓർക്കുമ്പോൾ...

**സാക് പുന്നൻ**



**സാക്പുന്നൻ ഡേവിഡ് വിൽക്കേഴ്സണോടൊപ്പം**
**ടൈംസ് സ്ക്വയർ ചർച്ച്, ന്യൂയോർക്ക് ജൂലൈ 9, 2000.**

ഡേവിഡ് വിൽക്കേഴ്സണെ പോലെയുള്ള തന്റെ ഒരു വിശ്വസ്തഭൃത്യനെ ഒരു കാർ അപകടത്തിലൂടെ ഈ ലോകത്തിൽ നിന്നു മാറ്റാൻ ദൈവത്തിന് എങ്ങനെ അനുവദിക്കാൻ കഴിയുമെന്നു പല വിശ്വാസികളും ചോദിച്ചേക്കാം. പരസ്യമായി ചോദിച്ചില്ലെങ്കിലും ചിലരുടെ മനസ്സിൽ ഈ ചോദ്യം ഉണ്ടെന്നു വന്നേക്കാം.

എന്റെ മറുപടി ഇതാണ്: അപകടത്തെ സംബന്ധിച്ച എല്ലാ വസ്തുതകളും നമുക്ക് അറിഞ്ഞുകൂടാ. അതുകൊണ്ടു നമ്മുടെ ചെവികൊണ്ടു കേട്ടതും നമ്മുടെ കണ്ണുകൊണ്ടു വായിച്ചതുമായ കാര്യങ്ങൾ വച്ചു നാം വിധിക്കരുത്. യേശു താൻ തന്നെ ഒരിക്കലും അങ്ങനെ ചെയ്തില്ല (യേശ്യ. 11:13).

എന്നാൽ ഡേവിഡ് വിൽക്കേഴ്സൺ ഒരു യഥാർത്ഥദൈവമനുഷ്യനായിരുന്നുവെന്നു നമുക്ക് അറിയാം. (യു.എസ്.എ.യിൽ, ഞാൻ ഏറ്റവും കൂടുതൽ ബഹുമാനിച്ചിരുന്നത് ഇദ്ദേഹത്തെയായിരുന്നു) 'തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്കു വിലയേറിയതാകുന്നു' (സങ്കീ. 116:15) എന്നും നമുക്കറിയാം.

ഡേവിഡ് വിൽക്കേഴ്സൺ അവസാനമായി എഴുതിയ ബ്ലോഗ് സന്ദേശത്തിൽ (അപകടം നടന്ന അതേ ദിവസമാണ് അദ്ദേഹം അതെഴുതിയിരിക്കുന്നത്) അദ്ദേഹം ഇങ്ങനെ കുറിച്ചു: "ആ ഇരുളിൽ പിതാവിന്റെ മന്ത്രണം നിങ്ങൾ ഇങ്ങനെ കേൾക്കും -ഞാൻ നിന്നോടൊപ്പം ഉണ്ട്. എന്തുകൊണ്ടാണിവയെല്ലാം ഇങ്ങനെയെന്ന് എനിക്കിപ്പോൾ പറയാനാവില്ല. എന്നാൽ ഒരു ദിവസം എല്ലാം മനസ്സിലാകും. ഇതെല്ലാം എന്റെ പദ്ധതിയുടെ ഭാഗമായിരുന്നുവെന്നു നിങ്ങൾ കണ്ടെത്തും. അതൊരു അപകടമായിരുന്നില്ല. അതു നിങ്ങളുടെ ഭാഗത്തെ പരാജയമായിരുന്നില്ല. മുറുകെപ്പിടിക്കുക. നിങ്ങളുടെ വേദനയുടെ മണിക്കൂറിൽ ഞാൻ നിങ്ങളെ ആലിംഗനം ചെയ്യട്ടെ."

പ്രവചനാത്മകമായ വാക്കുകളാണിവയെന്നു നാം കാണുന്നു. തന്റെ വേദനയുടെ നാഴികയിൽ ഡേവിഡ് വിൽക്കേഴ്സണെ സ്വർഗീയപിതാവ് ആലിംഗനം ചെയ്യുകയാണുണ്ടായതെന്നു ഞാൻ വിശ്വസിക്കുന്നു - അത് (അദ്ദേഹം എഴുതിയതുപോലെ) ദൈവത്തിന്റെ ദൃഷ്ടിയിൽ കേവലം ഒരു 'അപകടം' ആയിരുന്നില്ല.

ദൈവജനം, തങ്ങൾക്കു പൂർണവിവരങ്ങൾ അറിഞ്ഞുകൂടാത്ത സംഭവങ്ങൾ സംബന്ധിച്ച് ഏറ്റവും നല്ലതു മാത്രം കരുതുന്നവരാണ്. ഒരു സംഭവം സംബന്ധിച്ച് എല്ലാ വിവരങ്ങളും നമുക്കു ലഭ്യമായാൽ തന്നെ അതു സംബന്ധിച്ച എല്ലാ സത്യങ്ങളും നാം അറിയണമെന്നില്ല. ഇത് അംഗീകരിക്കാനുള്ള താഴ്മ നമുക്കെല്ലാവർക്കും ഉണ്ടായിരിക്കണം. അതുകൊണ്ട് ഇത്തരം കാര്യങ്ങളെല്ലാം ദൈവത്തിനു വിടുന്നതാണ് ഏറ്റവും നല്ലത്. "മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളതത്രേ. വെളിപ്പെട്ടിരിക്കുന്ന കാര്യങ്ങൾ..... നമുക്കുള്ളതാകുന്നു" (ആവർത്തനം 29:28).

മറഞ്ഞിരിക്കുന്നതും അജ്ഞാതവുമായ കാര്യങ്ങളെക്കുറിച്ചുള്ള അനാവശ്യമായ നമ്മുടെ ജിജ്ഞാസയെ നാം ഇല്ലാതെയാക്കണം.

ഡേവിഡ് വിൽക്കേഴ്സൺ മഹാനായ സുവിശേഷകനും പ്രവാചകനുമായിരുന്നു - സഭയിൽ ഏറെക്കുറെ കാണാനില്ലാത്തതാണ് ഈ രണ്ടുവരങ്ങളുടെ അതുല്യമായ യോജിപ്പ്. അദ്ദേഹം പഴയനിയമ പ്രവാചകനായിരുന്നില്ല, മറിച്ച് പുതിയനിയമപ്രവാചകനായിരുന്നു. പഴയ ഉടമ്പടിയിലെ പ്രവാചകരും പുതിയ ഉടമ്പടിയിലെ പ്രവാചകരും തമ്മിലുള്ള വ്യത്യാസം പല വിശ്വാസികൾക്കും അറിഞ്ഞുകൂടാ.

പറഞ്ഞതുപോലെ കൃത്യമായി എല്ലാ പ്രവചനങ്ങളും നിറവേറുന്നു എന്നതാണു പഴയ നിയമ പ്രവാചകന്മാരെ തിരിച്ചറിയാനുള്ള മാനദണ്ഡം (ആവർത്തനം 18:22). എന്നാൽ പുതിയ നിയമ പ്രവാചകന്മാരെ ദൈവം സഭയ്ക്കുനൽകിയിരിക്കുന്നത് ക്രിസ്തുവിന്റെ ശരീരം പണിയുവാൻ വിശുദ്ധന്മാരെ സജ്ജരാക്കുന്നതിനുവേണ്ടിയാണ്. എഫേസ്യർ 4:11-13 വാക്യങ്ങളിൽ ഇതു വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് പുതിയ ഉടമ്പടിയിലെ പ്രവാചകന്മാരുടെ പ്രവചനങ്ങൾ പ്രാഥമികമായും ആളുകളെ അനുതാപത്തിലേക്ക് വെല്ലു വിളിക്കുന്നവയാണ്. ആളുകളുടെ ഹൃദയത്തിലെ ക്രിസ്തുതുല്യമല്ലാത്ത മനോഭാവങ്ങളെ തുറന്നു കാട്ടുന്നവയാണവ (1 കൊരിന്ത്യർ 14:24, 25). ചിലപ്പോൾ ഈ പുതിയ നിയമ പ്രവാചകന്മാർ, ചില സാഹചര്യങ്ങളെക്കുറിച്ചുള്ള തങ്ങളുടെ ബോധ്യവും വിവേചനവുമനുസരിച്ച് ഭാവിസംഭവങ്ങളെക്കുറിച്ച് സംസാരിച്ചെങ്കിൽ അവർക്കു തെറ്റുപറ്റിയെന്നു വരാം, കാരണം നാം 'കണ്ണാടി

യിൽ കടമൊഴിയായി കാണുന്നു' (1 കൊരി. 13:12). പക്ഷേ അവർ പുതിയ ഉടമ്പടിയിലെ പ്രവാചകരാണെന്ന സത്യത്തെ അതു നിഷേധിക്കുന്നില്ല. **

അവസാനനിമിഷംവരെ ദൈവികമായ ഒരു ജീവിതം നയിച്ച ഡേവിഡ് വിൽക്കേഴ്സണെപ്പോലെ ഒരു മനുഷ്യൻ നൽകിയ ജീവിതമാതൃകയ്ക്കു നാം ദൈവത്തോടു നന്ദിയുള്ളവരായിരിക്കണം. അദ്ദേഹം ജീവിതത്തിന്റെ അന്ത്യംവരെ ഒത്തുതീർപ്പില്ലാതെ സത്യത്തിനുവേണ്ടി നിൽക്കുകയും അതുല്യമായ നിലയിൽ അഭിഷേകമുള്ള ഒരു ശുശ്രൂഷ നിർവഹിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മാതൃക കണക്കിലെടുത്ത്, അദ്ദേഹം ക്രിസ്തുവിന്റെ അനുകാരിയായിരുന്നതുപോലെ നമുക്ക് അദ്ദേഹത്തിന്റെ അനുകാരികളാകാം (1 കൊരിന്ത്യർ 11:1).

“ദൈവത്തിന്റെ സന്ദേശം നിങ്ങളോട് അറിയിച്ച നിങ്ങളുടെ മുൻനേതാക്കളെ ഓർക്കുക. അവർ എങ്ങനെ ജീവിച്ചുവെന്നും മരിച്ചുവെന്നും പിൻതിരിഞ്ഞു ചിന്തിക്കുക. എന്നിട്ട് അവരുടെ വിശ്വാസം അനുകരിക്കുക” (എബ്രായർ 13:7 ആധുനിക വിവർത്തനം).

**** കുറിപ്പ്:**

പഴയ നിയമ പ്രവാചകന്മാരിൽ നിന്നു വ്യത്യസ്തമായി, പ്രവചനവരമുള്ള പുതിയ നിയമ വിശ്വാസികൾ ഭാവിയെപ്പറ്റി പ്രവചിക്കുമ്പോൾ ചിലപ്പോൾ ശരിയാകാം (അഗബൊസിനെപ്പോലെ – പ്രവൃ. 11:28, 21:10, 11) ചിലപ്പോൾ തെറ്റിപ്പോകാം (സോരിലെ വിശ്വാസികളെപ്പോലെ – പ്രവൃ. 21:3, 4). പൗലൊസ് യെരുശലേമിൽ സാക്ഷിക്കുന്നതിനെ താൻ അംഗീകരിക്കുന്നതായി യേശു തന്നെ പറഞ്ഞതിൽ നിന്നും സോരിലെ വിശ്വാസികൾ തെറ്റായിട്ടാണു പ്രവചിച്ചതെന്ന് വ്യക്തമാണ് (പ്രവൃ. 23:11). തങ്ങളുടെ പ്രവചനത്തിൽ പൗലൊസിന് ഒരു നിർദ്ദേശം നൽകി എന്നതായിരുന്നു സോരിലെ വിശ്വാസികൾ ചെയ്ത തെറ്റ്. പ്രവചിക്കുമ്പോൾ, പഴയ നിയമ പ്രവാചകന്മാർ മാത്രമേ, നിർദ്ദേശങ്ങൾ നല്കിയിരുന്നുള്ളു. പുതിയ നിയമ പ്രവാചകന്മാർ ചിലപ്പോൾ ഭാവിയെപ്പറ്റി പ്രവചിച്ചാലും അവർ ഒരു വിശ്വാസിക്കും നിർദ്ദേശമൊന്നും നൽകാറില്ല. കാരണം തന്റെ ജനത്തിനു ദൈവം തന്നെ പരിശുദ്ധാത്മാവിലൂടെ തുടർ നിദ്ദേശങ്ങൾ നൽകുമെന്ന് അവർക്കറിയാം. (എന്നാൽ പഴയനിയമകാലത്ത് പ്രവാചകന്റെ മേൽ മാത്രമേ പരിശുദ്ധാത്മാധിവാസം ഉണ്ടായിരുന്നുള്ളല്ലോ). അതുകൊണ്ടാണ് തന്റെ രണ്ടു പ്രവചനങ്ങളിലും അഗബൊസ് ഒരിക്കലും തുടർന്ന് എന്തു ചെയ്യണമെന്ന നിർദ്ദേശങ്ങളൊന്നും നൽകാതിരുന്നത്. അദ്ദേഹം വരാൻ പോകുന്നതു പ്രവചിച്ചു; അവിടെ നിർത്തുകയും ചെയ്തു.

❖

**ഡേവിഡ് വിൽക്കേഴ്സൺ അവസാനമായി എഴുതിയ ബ്ലോഗ് സന്ദേശത്തിൽ (അപകടം നടന്ന അതേ ദിവസമാണ് അതെഴുതിയിരിക്കുന്നത്) അദ്ദേഹം ഇങ്ങനെ കുറിച്ചു: “ആ ഇരുളിൽ പിതാവിന്റെ മന്ത്രണം നിങ്ങൾ ഇങ്ങനെ കേൾക്കും -ഞാൻ നിന്നോടൊപ്പം ഉണ്ട്. അതൊരു അപകടമായിരുന്നില്ല. അതു നിങ്ങളുടെ ഭാഗത്തെ പരാജയമായിരുന്നില്ല. മുറുകെ പിടിക്കുക. നിങ്ങളുടെ വേദനയുടെ മണിക്കൂറിൽ ഞാൻ നിങ്ങളെ ആലിംഗനം ചെയ്യട്ടെ.”**





**മരണത്തിലൂടെ ജീവന്റെ വെളിപ്പെടുത്തൽ – 2**

# ദൈവിക പദ്ധതിയുടെ ലക്ഷ്യം

**ഡേവിഡ് വിൽക്കേഴ്സൺ**

**ദൈവം** നമ്മെ മരണസാഹചര്യങ്ങളിലൂടെ കടത്തിവിടുന്നത് നമ്മിൽ ഒരു പ്രവൃത്തി തികയ്ക്കാനാണ്.

2.ദൈവിക ജീവനിലേക്കു വരുവാൻ ഉൽക്കർഷേച്ഛയാണ് നിങ്ങളുടെ തടസ്സം എങ്കിൽ, ദൈവം ആദ്യം സാധ്യതകളുടെ ഒരുവാതിൽ നിന്റെ മുന്നിൽ തുറന്നിടും. അതു വളരെ നല്ലതായി നിനക്കു തോന്നും. “ഒടുവിലിതാ, എനിക്കൊരു വഴി തുറന്നുകിട്ടിയിരിക്കുന്നു” എന്നു നീ വിജയാരവം മുഴക്കും. പക്ഷേ ഒടുവിൽ ദൈവം ആ പദ്ധതികളെല്ലാം നിലം പരിചാകുവാൻ അനുവദിക്കും. ജീവിതാഭിലാഷം മുഴുവൻ കൺമുന്നിൽ തകർന്നടിയുമ്പോൾ നിങ്ങൾ വിലപിക്കും. “ദൈവമേ, ഈ പദ്ധതി അവിടുത്തെ ഹിതമാണെന്നു ഞാൻ കരുതി! അവിടുത്തെ അനുഗ്രഹവും അതിന്മേലുണ്ടെന്നു ഞാൻ ചിന്തിച്ചു. എന്നിട്ടും അവിടുന്നിങ്ങനെ അനുവദിച്ചതെന്താണ്”?



*നിങ്ങൾ മരണത്തിന് ഏല്പിക്കപ്പെട്ടിരിക്കുകയാണ്! ജഡത്തിലുള്ള ധൈര്യം മരിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ് നിങ്ങളുടെ ഈ വരൾച്ച.*

നിങ്ങൾ മരണത്തിന് ഏല്പിക്കപ്പെടുകയായിരുന്നു! നിങ്ങളുടെ പദ്ധതികളുടെ പരാജയം കൊണ്ടുവന്നത് നിങ്ങളുടെ ഉൽക്കർഷേച്ഛയുടെ മേലുള്ള മരണമാണ് - ക്രിസ്തുജീവൻ പ്രകാശിക്കുന്നതിനു തടസ്സമായിനിന്ന എല്ലാറ്റിന്മേലുമുള്ള മരണം.

3. ദൈവവചനത്തിൽ നിന്നു നിങ്ങൾക്കു ലഭിച്ച വെളിപ്പാടുകളും തടസ്സമാകാം! 'എന്തൊരു വിരോധാഭാസം' എന്നു തോന്നുമെങ്കിലും ഇത് ഒരു യാഥാർത്ഥ്യമാണ്.

ഒരു ദിവസം ദൈവവചനത്തിൽനിന്ന് ആഴമേറിയ ചില വെളിപ്പാടുകൾ നിങ്ങൾക്കു ലഭിക്കുന്നു. ദൈവികസത്യങ്ങളെല്ലാം തുറന്നു കിട്ടിയതുപോലെ. നിങ്ങളുടെ ആത്മവിശ്വാസം വർദ്ധിക്കുകയാണ്. "ഒടുവിൽ ഇതാ വിജയകരമായ ക്രിസ്തീയ ജീവിതത്തിനു വേണ്ട എല്ലാ വേദപുസ്തക സത്യങ്ങളും എനിക്കു വെളിവായിരിക്കുന്നു" എന്ന് നിങ്ങൾ ചിന്തിക്കുന്നു.

എന്നാൽ പൊടുന്നനെ പ്രത്യേകിച്ചു കാരണം ഒന്നും കൂടാതെ, നിങ്ങളുടെ ആത്മാവിൽ ഒരു വരൾച്ച അനുഭവപ്പെടുകയാണ്. നിങ്ങളുടെ സന്തോഷവും ധൈര്യവും, ബലഹീനതയ്ക്കും അയോഗ്യതാ ബോധത്തിനും വഴിമാറുകയാണ്. വിവരിക്കാനാവാത്ത ഒരു വിഷാദം ഉള്ളിൽ നിറയുന്നു. ഓരോ ദിവസവും ഭാരമേറിയതായി അനുഭവപ്പെടുന്നു.

വളരെ സജീവമായിരുന്ന ദൈവവചനം നിങ്ങളെ സംബന്ധിച്ചിടത്തോളം ഒരു അടഞ്ഞ പുസ്തകമായിത്തോന്നുന്നു. പുതിയ വെളിപ്പാടുകൾ പോയിട്ട്, ഇനി ഇതിൽ നിന്ന് എന്തെങ്കിലും പഠിക്കാൻ കഴിയുമോ എന്നുപോലും നിങ്ങൾ നിരാശപ്പെട്ടേക്കാം. "തിരുവെഴുത്തിലെ ഏറ്റവും സുവ്യക്തമായ ഭാഗങ്ങൾ പോലും എനിക്കു മുദ്രയിടപ്പെട്ടതുപോലെ ഇരിക്കുന്നുവല്ലോ. ദൈവത്തിൽനിന്ന് ഒരു ലളിതമായ വചനം പോലും എനിക്കു ലഭിക്കുന്നില്ല. ആത്മീയമായി ഞാൻ കേവലം അജ്ഞനായി മാറിയിരിക്കുന്നു!" നിങ്ങൾ വിലപിക്കുന്നു.

നിങ്ങൾ മരണത്തിന് ഏല്പിക്കപ്പെട്ടിരിക്കുകയാണ്! ജഡത്തിലുള്ള ധൈര്യം മരിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ് നിങ്ങളുടെ ഈ വരൾച്ച. ക്രിസ്തുവിൽ മാത്രം സന്തോഷം കണ്ടെത്തേണ്ടതിനു പകരം ലഭ്യമായ വെളിപ്പാടിൽ പുകഴുന്ന മനോഭാവത്തിന്മേലുള്ള മരണവിധിയാണിത്.

വെളിപ്പാടുകൾ നിഗളത്തിലേക്കു നടത്താം. ഇതുമൂലമാണല്ലോ പൗലൊസിനു ദൈവം ജഡത്തിൽ ഒരു ശൂലം നല്കിയത്. വെളിപ്പാടുകളുടെ ആധിക്യം മൂലം നിഗളിച്ചുപോകാതിരിക്കേണ്ടതിന് പൗലൊസിൻമേലുള്ള ദൈവത്തിന്റെ ഒരു കരുതൽ നടപടി ആയിരുന്നു അത്. തന്റെ വിശ്വസ്തഭൃത്യന്മാർ എപ്പോഴും താഴ്മയിൽ വസിക്കണമെന്നാണു ദൈവത്തിന്റെ ആഗ്രഹം.

'മരണസാഹചര്യങ്ങ'ളെ സഹിഷ്ണുതയോടെ സഹിക്കുന്നത് ഏറെ പ്രയാസമാണ്. യേശുവിനോടൊപ്പമുള്ള നമ്മുടെ നടപ്പിൽ നമ്മെ ഏറെ വേദനിപ്പിക്കുന്നതും ഇതുതന്നെ. എന്നാൽ മരണത്തെ അതിന്റെ പ്രവൃത്തി നമ്മിൽ പൂർത്തിയാക്കുവാൻ അനുവദിച്ചാൽ ക്രിസ്തുവിന്റെ പുനരുത്ഥാന ജീവൻ നമ്മിലൂടെ തടസ്സമില്ലാതെ പ്രവഹിക്കും. പകരം മരണത്തിന്റെ പ്രവൃത്തിയെ നാം ചെറുത്തുനിന്നാൽ നമ്മിൽ ഒരുകാലത്തും ക്രിസ്തുവിന്റെ ജീവൻ ഉരുവാകുകയില്ല.





**ദിവ്യപദ്ധതിയുടെ ലക്ഷ്യം**

നാം അനുഭവിക്കുന്ന മരണ സാഹചര്യങ്ങൾ നമ്മെ ഒടുക്കിക്കളയുകയില്ലെന്നു ദൈവത്തിനു നന്നായറിയാം. നാം എന്നേക്കുമായി മരണത്തിലേക്കു പതിക്കുകയില്ലെന്നും അവിടുത്തേക്കു ബോധ്യമുണ്ട്. നാം അനുഭവിക്കാൻ പോകുന്ന മരണം നമ്മെ എന്നേക്കുമായി പിടിച്ചുവയ്ക്കുകയോ നശിപ്പിക്കുകയോ ഇല്ല. പരീക്ഷയിൽനിന്നു വിജയാരവത്തോടെ, പുനരുത്ഥാനജീവനാൽ നിറഞ്ഞ് നാം പരിശുദ്ധാത്മാവിന്റെ സഹായത്താൽ മരണത്തെ അതിജീവിച്ചു പുറത്തുവരും - അതാണു പിതാവിന്റെ ദിവ്യപദ്ധതി.

ലളിതമായിപ്പറഞ്ഞാൽ മരണസാഹചര്യങ്ങൾ നമ്മുടെ വ്യക്തിജീവിതത്തിലെ ചില പോരാട്ടങ്ങൾ അവസാനിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ക്രിസ്തുവിൽ മാത്രം പൂർണ്ണമായി ആശ്രയിക്കുന്ന സാഹചര്യത്തിലേയ്ക്ക് പിതാവു നമ്മെ നടത്തുകയാണ്. "യേശുവേ, അവിടുന്നെന്നെ വിടുവിച്ചില്ലെങ്കിൽ, അതുകൊണ്ടു പ്രയോജനമില്ല. എന്റെ വിശ്വാസം പൂർണ്ണമായി അങ്ങിലാണ്" എന്നു നാം പറയണമെന്നാണ് അവിടുത്തെ ആഗ്രഹം.

പൗലൊസ് ഈ മട്ടിലുള്ള മരണത്തെയാണ് ജീവിതത്തിൽ ഉടനീളം അഭിമുഖീകരിച്ചത്. വിശ്വാസ ജീവിതത്തിന്റെ ആദ്യനാളുകളിൽ താൻ ദൈവത്തിൽ വിശ്വസിച്ചിരിക്കുന്നതിനാൽ എല്ലാ പ്രയാസങ്ങളിൽനിന്നും അവിടുന്നുതന്നെ കാത്തുകൊള്ളും എന്ന്, നമ്മിൽ പലരെയും പോലെ, പൗലൊസും കരുതിയിരിക്കണം.

ആദ്യവട്ടം തടങ്കലിലായപ്പോൾ പൗലൊസ് വിടുതലിനുവേണ്ടി ഇങ്ങനെ നിലവിളിച്ചിരിക്കാം "കർത്താവേ, ഈ കാരാഗൃഹത്തിന്റെ വാതിലുകൾ മലർക്കെത്തുറന്ന് എന്നെ മോചിപ്പിച്ചാലും. അവിടുത്തെ സുവിശേഷത്തിനുവേണ്ടി അങ്ങനെ ചെയ്താലും." ആദ്യത്തെ കപ്പൽ ച്ഛേതം ഉണ്ടായപ്പോഴും പൗലൊസ് ദൈവത്തോട് ഈ മട്ടിൽ പ്രാർത്ഥിച്ചിരിക്കാം "ദൈവമേ, അവിടുന്ന് എന്നെ സംരക്ഷിക്കാമെന്നു വാഗ് ദാനം ചെയ്തിട്ടുണ്ടല്ലോ. ഞാൻ ഈ ഭയാനകമായ പരീക്ഷ സഹിക്കേണ്ടി വരുന്നത് എന്തുകൊണ്ടാണെന്ന് എനിക്കു മനസ്സിലാകുന്നില്ല കർത്താവേ".

പക്ഷേ പൗലൊസിനെ സംബന്ധിച്ചിടത്തോളം കാര്യങ്ങൾ എളുപ്പമായിരുന്നില്ല. തന്റെ പ്രയാസങ്ങളിൽനിന്ന് പൗലൊസ് നേടിയ വിടുതലുകളെക്കുറിച്ചും തിരുവെഴുത്തു വളരെ കുറച്ചേ പറയുന്നുള്ളൂ.

എന്നാൽ രണ്ടാം പ്രാവശ്യം കപ്പൽച്ഛേതത്തിൽ അകപ്പെട്ടപ്പോൾ, ഞാൻ വിചാരിക്കുന്നത്, പൗലൊസ് ഇങ്ങനെ ചിന്തിച്ചിരിക്കാം എന്നാണ്. "എനിക്കറിയാം, കർത്താവ് എന്നിൽ വസിക്കുന്നുണ്ട്. അതുകൊണ്ട് ഈ പരീക്ഷ നൽകുവാൻ അവിടുത്തേക്കു മതിയായ കാരണമുണ്ട്. ദൈവത്തെ സ്നേഹിക്കുന്നവർക്ക്, വിളിക്കപ്പെട്ടവർക്ക് എല്ലാം നന്മയ്ക്കായി കൂടി വ്യാപരിക്കും എന്ന് അവിടുന്നെന്നോട് അരുളിച്ചെയ്തിട്ടുണ്ട്. ഈ നിലയിലാണ് അവിടുന്ന് ക്രിസ്തുവിന്റെ ജീവൻ എന്നിലൂടെ പ്രദർശിപ്പിക്കുവാൻ ആഗ്രഹിക്കുന്നതെങ്കിൽ അങ്ങനെ ആയിക്കൊള്ളട്ടെ."

മൂന്നാം പ്രവശ്യം കപ്പൽച്ഛേതം സംഭവിച്ചപ്പോഴോ? പൗലൊസ് പറഞ്ഞത് ഇപ്രകാരമായിരിക്കാം

"സ്വർഗ്ഗീയദൂതന്മാരേ, എന്നെ നോക്കുക! പിശാചുകളേ, എന്നെ ശ്രദ്ധിക്കുക, സഹോദരന്മാരേ, ലോക മനുഷ്യരേ, എന്നെ കാണുക! ഞാൻ വീണ്ടും ആഴമേറിയ വെള്ളത്തിൽ മുങ്ങുവാൻ പോകുന്നു. ഞാൻ നിങ്ങ ളുടെ കണ്ണുകൾക്ക് ഒരു കാഴ്ചയായി മാറുകയാണ്. മരണത്തിന് എന്നെ പി ടിച്ചുവയ്ക്കുക അസാധ്യമാണെന്ന് ദൈവത്തിനറിയാം എന്ന സത്യം നിങ്ങൾ മനസ്സിലാക്കിയാലും. ഈ പരീക്ഷ എനിക്കു നേരിട്ടതിനെക്കുറിച്ച് ഞാൻ പരാതിപ്പെടുകയോ ചോദ്യം ചെയ്യുകയോ ഇല്ല. ഈ മരണസാഹ ചര്യം അവസാനം അവിടുത്തെ മഹ ത്വത്തിനായിത്തീരും. ഈ ശോധനയി ലൂടെ എന്റെ വിശ്വാസം പൊന്നു പോലെ പുറത്തുവരുന്നത് എന്നെ ശ്രദ്ധിക്കുന്ന നിങ്ങൾക്കെല്ലാം കാണു വാൻ കഴിയും."

പൗലൊസിന് ലോകത്തോട് സാക്ഷിക്കുവാൻ ഉള്ളത് ഇതാണ്: "ഞങ്ങൾ സകലവിധത്തിലും കഷ്ടം അനുഭവിക്കുന്നവർ എങ്കിലും ഇടുങ്ങി യിരിക്കുന്നില്ല. ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല. ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും ഉപേ ക്ഷിക്കപ്പെടുന്നില്ല. വീണുകിടക്കുന്ന വർ എങ്കിലും നശിച്ചു പോകുന്നില്ല" (2 കൊരി. 4 : 8 - 9) 'നൊടിനേര ത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു' എന്നും ദൈവമക്കൾ എല്ലാവരും അറിയണമെ ന്നാണു പൗലൊസിന്റെ ആഗ്രഹം (17-ാം വാക്യം).

നമ്മുടെ 'മരണസാഹചര്യങ്ങൾ' സംബന്ധിച്ചുള്ള ദൈവത്തിന്റെ നിത്യ തയിലെ ഹിതം പൗലൊസ് ഒരു വാക്യത്തിൽ ഇപ്രകാരം സംക്ഷേപി ക്കുന്നു. പൗലൊസ് പറയുന്നതു ശ്രദ്ധിക്കുക "ഞങ്ങളിൽ മരണവും നിങ്ങളിൽ ജീവനും വ്യാപരിക്കുന്നു" (2 കൊരി. 4 : 12). അപ്പൊസ്തലൻ വളരെ വ്യക്തമായി ഇവിടെ പറ യുന്നു: "ദൈവം ഞങ്ങളെ മരണ ത്തിൽ ഏല്പിക്കുന്നതിനുള്ള കാരണം ഇവിടെ കണ്ടെത്താം. ക്രിസ്തുവിന്റെ ജീവൻ ഞങ്ങളി ലൂടെ മറ്റുള്ളവരിലേക്ക് ഒഴുകാൻ വേണ്ടിയാണ് അവിടുന്നിങ്ങനെ ചെയ്യുന്നത്! മരണം അതിന്റെ പ്രവൃത്തി ഞങ്ങളിൽ പൂർത്തിയാക്കു വാൻ അനുവദിച്ചാൽ ക്രിസ്തുവിന്റെ ജീവൻ ഞങ്ങളിൽ നിർബാധം ഒഴു കും. അപ്പോൾ ഞങ്ങളുടെ സാക്ഷ്യം അതുകേൾക്കുന്നവരിൽ ജീവൻ ഉള വാക്കും."

കർത്താവു നമ്മെ മരണത്തിന് - പാപത്തിന്റെ, മോഹത്തിന്റെ, അഭി ലാഷങ്ങളുടെ, നിഗളത്തിന്റെ, ജഡ ത്തിന്റെ എല്ലാം മരണത്തിന് - ഏല്പിക്കുന്നു. നമ്മുടെ ഉള്ളിൽനിന്ന് നിർമ്മലമായ ജീവജലത്തിന്റെ കവി ഞ്ഞൊഴുക്ക് ഉണ്ടാകാൻ വേണ്ടിയാ ണത്. ഈ ലോകത്തിനു മരിച്ച ഒരു വനുമാത്രമേ ക്രിസ്തുജീവന്റെ സ്വാധീനം തന്റെ ചുറ്റുപാടും പ്രസ രിപ്പിക്കുവാൻ കഴിയൂ.

പ്രിയരേ, മരണം അതിന്റെ പ്ര വൃത്തി നിങ്ങളിൽ പൂർത്തിയാക്കാൻ അനുവദിക്കുക. മറ്റുള്ളവരിലേക്ക് നിങ്ങളിൽ നിന്നുള്ള ക്രിസ്തു ജീവന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തു ന്നതെല്ലാം ഇല്ലാതാക്കുവാൻ മര ണത്തെ അനുവദിക്കുക. എങ്കിൽ ഭാവിയിൽ നിങ്ങൾക്കു ദു:ഖിക്കേ ണ്ടിവരികയില്ല.

**(കടപ്പാട് : വേൾഡ് ചലഞ്ച്)**

❖






**വിശുദ്ധരുടെ കാലൊച്ച**

# സിപ്രിയൻ: തടവറയിൽ ധീരതയോടെ

ഒന്നുരണ്ട് തലമുറകൾക്ക് മുമ്പ് പ്രസിദ്ധരായ വ്യക്തികളുടെയും, പ്രിയ പ്പെട്ടവരുടെയും അന്ത്യവചനങ്ങൾ രേഖപ്പെടുത്തുകയും ഓർക്കുകയും ചെയ്തിരുന്നു. ഇന്ന് മിക്കവരും ഏതെ ങ്കിലും ആശുപത്രിക്കിടക്കയിലോ, വൃദ്ധസദനങ്ങളിലോ ഏകാന്തതയിൽ മരിക്കുന്നതിനാ ലാവാം മേൽപ്പറഞ്ഞ സമ്പ്രദായം മിക്ക വാറും അപ്രത്യക്ഷമാ യിരിക്കുന്നു. ഇത് ഒരു സന്തോഷകരമായ കാര്യമല്ല. മരണത്തെ അഭിമുഖീകരിക്കുന്ന ഒരു വ്യക്തിയോട് പറ യുന്ന വാക്കുകളോ, ആ വ്യക്തിയിൽ നിന്നും നമുക്ക് ലഭി ക്കുന്ന അന്തിമ വച നങ്ങളോ, വിശ്വാസ ത്തിന്റെയും ധൈര്യ ത്തിന്റെയും ഉത്തേജ നകരമായ പ്രതിഫലനങ്ങളാവാം.



ജോൺവെസ്ലിയുടെ അന്തിമവചന ങ്ങൾ ഇന്നും നമുക്ക് വെല്ലുവിളി ഉയർത്തുന്നവയാണ്. "ദൈവം നമ്മോ ടുകൂടിയുണ്ട് എന്നതാണ് ഏറ്റവും ഉത്തമമായ കാര്യം!" ഇതായിരുന്നു വെസ്ലിയുടെ അവസാന വാക്കുകൾ. അമേരിക്കൻ സെനറ്റിന്റെ ചാപ്ലെയിൻ ആയിരുന്ന പീറ്റർ മാർഷലിന്റെ മനോ ഹരമായ അന്ത്യവചനങ്ങൾ പലരേയും ആകർഷിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പത്നി രചിച്ച പീറ്റർ മാർഷലിന്റെ ജീവ ചരിത്രം പ്രസിദ്ധമാണ്. പത്രോസ് എന്ന മനുഷ്യൻ മരണാസന്നനായ പീറ്ററിനെ ഒരു സ്ട്രെച്ചറിൽ ആശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോൾ അദ്ദേഹം പ്രിയപത്നിയോട് പറഞ്ഞു: "പ്രഭാത ത്തിൽ നമുക്ക് വീണ്ടും കാണാം." ആ രാത്രിയിൽ അദ്ദേഹം മരിച്ചു. നമ്മുടെ ജീവിത ത്തിന്റെ ഏറ്റവും നിർണ്ണായകമായ നിമിഷങ്ങളിൽ ഇത്തരം വാക്കുകൾ ക്രിസ്തീയ വിശ്വാസത്തിന്റെ മനോ ഹരമായ പ്രകടനമല്ലേ?

സഭയുടെ ആദ്യനാളു കളിൽ ക്രിസ്ത്യാനികൾ ദിനംപ്രതി മരണത്തെ അഭിമുഖീകരിച്ചിരുന്നു. രാത്രിയാകും മുമ്പേ മരണം കടന്നുവരാം. അത്തരം ഒരു കാലഘട്ട ത്തിൽ യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുമ്പോൾ എന്താണ് പറയേണ്ടത് എന്ന് ആത്മീയ ഗുരുക്ക ന്മാർക്ക് അറിയേണ്ട ആവശ്യമുണ്ടായി രുന്നു.

താസിയസ് സിപ്രിയൻ അത്തരത്തി ലുള്ള ഒരു ആത്മീയ ഗുരുവായിരുന്നു. ക്രിസ്തീയ വിശ്വാസത്തിന് സഹായക മായ പശ്ചാത്തലം സിപ്രിയന്റെ ഭവന ത്തിൽ ഇല്ലായിരുന്നു. ധനാഢ്യരായ, സംസ്കാരസമ്പന്നരായ മാതാപിതാ ക്കൾ തനിക്കുണ്ടായിരുന്നെങ്കിലും

അവർ ക്രിസ്തീയ വെളിച്ചം ഇല്ലാത്തവരായിരുന്നു. ക്രിസ്ത്യാനി എന്ന നാമം ധരിക്കുന്നത് അപകടകരമായിക്കൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് സിപ്രിയൻ യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറയുന്നത്. വടക്കേ ആഫ്രിക്കയിലെ കാർത്തേജിലായിരുന്നു കുട്ടിക്കാലം. (ഇന്നത്തെ ടൂണിസ് പട്ടണം പ്രാചീനകാലത്ത് കാർത്തേജ് എന്നാണ് അറിയപ്പെട്ടിരുന്നത്.) ഏകദേശം ഏ.ഡി. 246-ൽ ആയിരിക്കണം സിപ്രിയന്റെ സ്നാനം. കാർത്തേജിലെ ആദ്യകാല സഭയിൽ ക്രിസ്തീയ നേതൃത്വത്തിലേക്ക് വളരെവേഗത്തിൽ സിപ്രിയൻ എത്തിച്ചേർന്നു. ഏ.ഡി. 249-ൽ കാർത്തേജിലെ ബിഷപ്പായിത്തീർന്ന സിപ്രിയൻ ആദിമസഭയിലെ ശക്തമായ സ്വാധീന ശക്തി ആയിരുന്നപ്പോൾ തന്നെ അപകടകരമായ ഒരു സ്ഥാനത്തും ആയിരുന്നു. ആ വർഷത്തിന്റെ ഒടുവിൽ ഡീഷ്യസ് എന്ന റോമൻ ചക്രവർത്തി രാജ്യവ്യാപകമായി ക്രിസ്ത്യാനികളെ പീഡിപ്പിക്കാൻ തുടങ്ങി. ക്രിസ്തീയഭവനങ്ങളിൽ മരണം സാധാരണ സംഭവമായിത്തീർന്നു. ക്രിസ്തുവിന്റെ നാമം ധരിക്കുന്നതുമൂലം ആത്യന്തികമായി രക്തസാക്ഷിത്വം വഹിക്കുവാൻ ധൈര്യമില്ലാതെ അനേകം ക്രിസ്ത്യാനികൾ കാർത്തേജിൽ വിശ്വാസം ത്യജിച്ചു. ക്രിസ്തീയ സമൂഹത്തിന്റെ നേതൃത്വം വഹിച്ചിരുന്നതിനാൽ സിപ്രിയൻ കുറേക്കാലത്തേക്ക് ഒളിവിൽ പാർക്കാൻ നിർബന്ധിതനായി. ഏ.ഡി. 251-ൽ ഡീഷ്യൻ ചക്രവർത്തി യുദ്ധക്കളത്തിൽ കൊല്ലപ്പെട്ടതിനാൽ ക്രിസ്തീയ പീഡയ്ക്ക് താൽക്കാലികമായി ഒരു മാന്ദ്യം ഉണ്ടായെങ്കിലും 257-ൽ വലേറിയൻ ചക്രവർത്തിയുടെ കാലത്ത് ക്രിസ്തീയ പീഡ ശക്തമായി വീണ്ടും തുടങ്ങി. ഈ സമയത്ത് സിപ്രിയനെ തടവിലാക്കി. തടവിലായിരുന്നപ്പോൾ അധികം ദൂരത്തല്ലാതെ സിഗുവാ ഖനികളിൽ തടവുകാരായിരുന്ന തന്റെ ഒൻപത് സ്നേഹിതന്മാർക്ക് ധൈര്യം പകർന്നു നൽകാൻ സിപ്രിയൻ പരിശ്രമിച്ചു. അവർക്ക് അദ്ദേഹം അയച്ച കത്ത് കഷ്ടതയുടെയും മരണത്തിന്റെയും മുമ്പിൽ വിശ്വാസത്തിൽ നിലനിൽക്കാൻ അതിശക്തമായ ഒരു ആഹ്വാനമായിരുന്നു. ഏ.ഡി. 258, സെപ്റ്റംബർ 14-ാം തീയതി കാർത്തേജിനടുത്തുവച്ച് സിപ്രിയൻ തന്റെ സ്നേഹിതന്മാരെപ്പോലെ ക്രിസ്തുവിനായി രക്തസാക്ഷിയായി. വലേറിയൻ ചക്രവർത്തിയുടെ കൽപ്പനയാൽ ശിരച്ഛേദം ചെയ്യപ്പെട്ട സിപ്രിയൻ ഖനികളിൽ മരണം കാത്തു കഴിഞ്ഞ തന്റെ സ്നേഹിതർക്കയച്ച കത്ത് തുടർന്നു വായിക്കുക.

**ചങ്ങലകൾ ആഭരണങ്ങളാക്കാം**

ഫെലിക്സ്, വിക്ടർ, ജേഡൽ തുടങ്ങി ഖനികളിലുള്ള പ്രിയപ്പെട്ട സഹോദരന്മാരേ! സർവ്വശക്തനായ പിതാവാം ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെയും രക്തസാക്ഷികളേ! നമ്മുടെ സംരക്ഷകനായ ദൈവത്തിന്റെ നാമത്തിൽ വന്ദനം.

നമ്മുടെ കർത്താവായ യേശുവിന്റെ നാമം ധരിക്കുന്നതുമൂലം ഞാൻ തടവിലായിരുന്നില്ലെങ്കിൽ, അനുഗൃഹീതരും പ്രിയരുമായ സഹോദരന്മാരേ, നിങ്ങളുടെ മഹത്വപൂർണ്ണമായ ജീവിതം മൂലം നിങ്ങളുടെ അടുത്തെത്തി നിങ്ങളെ ആശ്ലേഷിക്കാൻ ഞാൻ തയ്യാറാകുമായിരുന്നു. ശാരീരികമായി അടുത്തായിരിക്കാൻ കഴിയാത്ത ഈ സാഹചര്യത്തിൽ ഈ കത്തിലൂടെ, സ്നേഹത്തിന്റെ ആത്മാവിൽ നിങ്ങളോടൊപ്പം ആയിരിക്കാൻ ഞാൻ ശ്രമിക്കട്ടെ.

എന്റെ പ്രിയപ്പെട്ട സ്നേഹിതരെ സംബന്ധിച്ച് മഹത്വപൂർണ്ണമായ നിരവധി കാര്യങ്ങൾ ഞാൻ ഗ്രഹിക്കു





മ്പോൾ എനിക്ക് എങ്ങനെ നാവടക്കി മൗനമായിരിക്കാൻ കഴിയും? പൊന്നും വെള്ളിയും ഖനനം ചെയ്യുന്ന ഖനികളിൽ ക്രിസ്തുവിന്റെ പൊൻവെള്ളിപ്പാത്രങ്ങളായി നിങ്ങളെ ആക്കിയിരിക്കുന്നു. ഖനിയുടെ സ്വഭാവത്തിന് ഇതാ മാറ്റം സംഭവിച്ചിരിക്കുന്നു! പൊന്നും വെള്ളിയും ലോകത്തിന് നൽകിക്കൊണ്ടിരിക്കുന്ന ഖനികൾ ഇതാ പൊന്നും വെള്ളിയും സ്വീകരിക്കാൻ നിർബന്ധിതമായിരിക്കുന്നു. മാത്രമല്ല, നിങ്ങളുടെ കാലുകളിൽ അവർ ചങ്ങലകൊണ്ട് വിലങ്ങുകൾ അണിയിച്ചിരിക്കുന്നു. നിങ്ങളുടെ അനുഗ്രഹിക്കപ്പെട്ട കാലുകളെ, ദൈവത്തിന്റെ മന്ദിരങ്ങളെ, അവർ നിന്ദ്യമായ ഇരുമ്പു ചങ്ങലകളാൽ തടവിലാക്കിയിരിക്കുന്നു! എന്നാൽ ഇരുമ്പിന്റെ സ്പർശനത്താൽ ആത്മാവിന് കളങ്കം ഏൽക്കാൻ കഴിയുകയില്ലെന്ന് അവർ അറിഞ്ഞിരുന്നെങ്കിൽ! ദൈവത്തിന് സമർപ്പിതരായവർക്ക്, ശക്തിയോടെ യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറയുന്നവർക്ക്, ഈ ഇരുമ്പുചങ്ങലകൾ വിലങ്ങുകളല്ല ആഭരണങ്ങളത്രേ. ക്രിസ്ത്യാനിയുടെ കാലുകളെ അപമാനിക്കുന്ന ചങ്ങലകളല്ല അവരുടെ തേജസ്സിന്റെ മുദ്രയായ കിരീടങ്ങളത്രേ അവ. ബന്ധിക്കപ്പെട്ടവയെങ്കിലും അനുഗൃഹീതമായ പാദങ്ങൾ! അവയെ സ്വതന്ത്രമാക്കുന്നത് കൊല്ലന്മാരല്ല കർത്താവു തന്നെയാണ്. അനുഗ്രഹ ബന്ധങ്ങൾ പേറുന്ന പാദങ്ങളേ, നിങ്ങളെ പറുദീസയിലേക്ക് രക്ഷാമാർഗ്ഗത്തിൽ നടത്തുന്നത് നാഥനാണ്. അല്പകാലത്തേക്ക് ലോകത്തിൽ ബന്ധിക്കപ്പെട്ട കാലുകളേ! നിങ്ങൾ എല്ലാക്കാലവും ക്രിസ്തുവിൽ സ്വതന്ത്രരാണ്.

അജ്ഞതമൂലമോ, മനഃപൂർവ്വമായോ നിങ്ങൾ അനുഭവിക്കുന്ന പീഡകൾ കുറേക്കാലത്തേക്ക് നിങ്ങളെ തടവിലാക്കിയിരിക്കുന്നു. ഈ ലോകത്തിൽനിന്നും കഷ്ടതകളിൽനിന്നും എത്രയും വേഗം നിങ്ങൾ സ്വർഗ്ഗരാജ്യത്തിലേക്ക് ആനയിക്കപ്പെടും. ഖനികളിൽ നിങ്ങളുടെ ശരീരങ്ങൾക്ക് കിടക്കയോ തലയിണകളോ സാന്ത്വനം നൽകുന്നില്ല; എന്നാൽ ക്രിസ്തുവിന്റെ ആശ്വാസം നിങ്ങളുടെ വേദനിക്കുന്ന ശരീരങ്ങളെ തലോടുന്നു. വൃത്തിഹീനമായ നിങ്ങളുടെ പാദങ്ങൾ വെള്ളത്തിനായി കേഴുമ്പോഴും ആന്തരികമായി ഒരു ആത്മീയശുദ്ധീകരണം നിങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു. പുറമേ നിങ്ങളുടെ ശരീരങ്ങൾ ദുർഗന്ധം വമിക്കുന്ന അവസ്ഥയിൽ ആയിരിക്കുമ്പോഴും അകമേ നിങ്ങൾ ശുദ്ധിയുള്ളവരാകുന്നു. നിങ്ങൾക്ക് വിശപ്പിന് അപ്പം കിട്ടാതെയിരിക്കുന്നു. മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ദൈവത്തിന്റെ വായിൽനിന്നും വരുന്ന ഓരോ വചനത്താലും ജീവിക്കുന്നു എന്ന സത്യം നിങ്ങളെ ജീവിപ്പിക്കുന്നു. അതിശൈത്യത്തിൽ നിങ്ങളുടെ ശരീരങ്ങൾ വിറകൊള്ളുമ്പോഴും ക്രിസ്തുവിനെ ധരിച്ചിരിക്കുന്ന നിങ്ങൾ സമൃദ്ധമായ വസ്ത്രങ്ങൾ അണിഞ്ഞവരത്രേ. നൊടിനേരത്തേക്കുള്ള ഈ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ലഭിപ്പാൻ വഴി മാറും. അനുഗൃഹീതനായ അപ്പൊസ്തോലന്റെ വാക്കുകൾ ശ്രദ്ധിക്കുക: "നമ്മുടെ താഴ്ചയുള്ള ഈ ശരീരത്തെ കർത്താവ് തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും."

ഇപ്പോൾ ഞാൻ എന്തു പറയേണ്ടൂ? ഉന്നതമായ ചിന്തകളോടെ, ക്രിസ്തുവിനോടുള്ള സ്നേഹവായ്പോടെ, നെഞ്ചിൽ വിജയ ധ്വനിയോടെ നിങ്ങൾ ഓരോരുത്തരും ദൈവം വാഗ്ദാനം ചെയ്ത പ്രതിഫലത്തിന് വളരെ അടുത്തെത്തി നിൽക്കുന്നു! തന്റെ ദാസന്മാരുടെ സഹിഷ്ണുതയിൽ സംപ്രീത

നായി ക്രിസ്തു നിങ്ങളുടെ ഉള്ളിൽ വസിക്കുന്നു. ഈ നിമിഷങ്ങളിൽ നിങ്ങളുടെ വാക്കുകൾക്ക് കൂടുതൽ ശക്തി പ്രാർത്ഥനയിലായിരിക്കട്ടെ. അതുകൊണ്ട് തീക്ഷ്ണമായ പ്രാർത്ഥനയാൽ, കെണികൾ നിറഞ്ഞ അന്ധകാരമയമായ ഈ ലോകത്തിൽ നിന്നും ദൈവം നിങ്ങളെ എത്രയും വേഗം സ്വതന്ത്രരാക്കാൻ പ്രാർത്ഥിക്കുക. തേജസ്സ് അണിഞ്ഞവരായി നമുക്ക് ഒരുമിച്ചു സ്വർഗ്ഗീയ രാജ്യത്തിൽ സന്തോഷിക്കാനുള്ള സമയം അടുത്തിരിക്കുന്നു. ഏറ്റവും അനുഗൃഹീതും പ്രിയരുമായ സഹോദരന്മാരേ, അല്പകാലത്തേക്കുമാത്രം ക്രിസ്തുവിൽ വിട....തേജസ്സിന്റെ തീരത്ത് വീണ്ടും കണ്ടുമുട്ടും വരെ.

**കടപ്പാട് :**(All the Saints Adore Thee Bruce Shelly)

**സമ്പാദകൻ: മാത്യു ജോർജ്**

❖

# ദൈവസാന്നിധ്യ പരിശീലനം

**-ബ്രദർ ലോറൻസ് -**

പതിനേഴാം നൂറ്റാണ്ടിൽ യൂറോപ്പിൽ ജീവിച്ചിരുന്ന ഒരു ക്രിസ്തുഭക്തനാണ് ബ്രദർ ലോറൻസ്. ചെറുപ്പത്തിൽ ഉയർന്ന വിദ്യാഭ്യാസം ലഭിക്കാതെ പോയ ഇദ്ദേഹം ഒരു സന്ന്യാസാശ്രമത്തിൽ പാചകക്കാരനായി ജോലി നോക്കിയിരുന്നു. ബ്രദർ ലോറൻസിന്റെ ഉയർന്ന ആധ്യാത്മികാനുഭവങ്ങൾ ഗ്രഹിക്കുവാനിടയായ ചില ആശ്രമാന്തേവാസികൾ അദ്ദേഹവുമായി നടത്തിയ അഭിമുഖസംഭാഷണങ്ങളും അദ്ദേഹം പല ആളുകൾക്കെഴുതിയിരുന്ന കത്തുകളും അദ്ദേഹത്തിന്റെ മറ്റ് ആധ്യാത്മികരഹസ്യങ്ങളും സമാഹരിച്ച് ലത്തീൻ ഭാഷയിലെഴുതിയ ഒരു ലഘുഗ്രന്ഥമാണ് 'ദൈവസാന്നിധ്യ പരിശീലനം.' (Practice of the presence of God) പിൽക്കാലത്ത് ഇത് ഇംഗ്ലീഷിലേക്കും മറ്റു വിശ്വഭാഷകളിലേക്കും ഭാഷാന്തരം ചെയ്യപ്പെടുകയും ആധ്യാത്മികസാഹിത്യത്തിലെ ഒരു ക്ലാസ്സിക്കായി നിലനിന്നുപോരികയുമാണുണ്ടായത്.

ഗ്രന്ഥത്തിന്റെ നാലുഭാഗങ്ങൾ

1. നാല് അഭിമുഖസംഭാഷണങ്ങൾ
2. വിവിധസമയങ്ങളിൽ പലർക്കായി എഴുതിയ 16 കത്തുകൾ
3. കഥാപുരുഷന്റെ ആധ്യാത്മികപ്രമാണങ്ങൾ
4. ബ്രദർ വെളിപ്പെടുത്തിയ ജീവിതവഴികൾ.

## 1

## സംഭാഷണങ്ങൾ

### ഒന്നാം സംഭാഷണം

**1666 ആഗസ്റ്റ് 3**

ഒന്നാമത്തെ സംഭാഷണത്തിൽ ബ്രദർ ലോറൻസ് വെളിപ്പെടുത്തിയ നാലു പ്രധാനകാര്യങ്ങൾ അക്കമിട്ടു താഴെ വിവരിക്കുന്നു:





1. പതിനെട്ടാമത്തെ വയസ്സിൽ നടന്ന തന്റെ മാനസാന്തരത്തിൽ വലിയ ദൈവകൃപയുടെ വ്യാപാരം അദ്ദേഹത്തിലുണ്ടായി. ശൈത്യകാലത്തൊരിക്കൽ ഇലകളെല്ലാം കൊഴിഞ്ഞ് തടിയും ശാഖകളും മാത്രമായി ശേഷിച്ചിരുന്ന ഒരു വൃക്ഷത്തിന് വസന്തകാലത്തിന്റെ വരവോടെ നവചൈതന്യം ലഭിച്ച് അതു തളിർത്ത് സമൃദ്ധമായ ഇലകളും പുഷ്പഫലങ്ങളും നിറഞ്ഞതായിത്തീരുന്ന അവസ്ഥാന്തരമോർത്തപ്പോൾ ദൈവത്തിന്റെ അദ്ഭുതശക്തിയെക്കുറിച്ചുള്ള ഒരു ബോധം അദ്ദേഹത്തിൽ വ്യാപരിച്ചു. പിന്നീടൊരിക്കലും ഈ ചിന്ത അദ്ദേഹത്തിൽ നിന്നു നീങ്ങിപ്പോയിട്ടില്ല. ദൈവത്തോടുള്ള വലിയൊരു സ്നേഹത്താൽ നിറഞ്ഞ കഥാപുരുഷന് അതിനുശേഷം കടന്നുപോയ നാല്പതു വർഷക്കാലത്തൊരിക്കലും അതു കുറഞ്ഞുപോയില്ല. മറിച്ച് ഈ ചിന്ത പിൽക്കാലത്ത് അധികമധികം ശക്തിയാർജ്ജിക്കുകയാണുണ്ടായത്.

   ആശ്രമത്തിലെ സാമ്പത്തികകാര്യവിചാരകനായിരുന്ന മോൺസിഞ്ഞോർ ഡി. ഫ്യൂബെർട്ടിന്റെ ഒരു ഭൃത്യനായി പ്രവർത്തിച്ചുപോന്ന ബ്രദർ ലോറൻസ് അശ്രദ്ധമൂലം പലപ്പോഴും പലതും ഉടച്ചുകളയുന്ന പ്രകൃതക്കാരനായിരുന്നു. സന്യാസാശ്രമത്തിലെ പ്രവർത്തനത്തിലേർപ്പെട്ടാൽ ഈ അശ്രദ്ധമാറിക്കിട്ടുമെന്നാശിച്ച് അപ്രകാരം ചെയ്തുവെങ്കിലും അതുകൊണ്ടും വലിയ ഫലമുണ്ടായില്ല. ആ രംഗത്തും ദൈവം തന്നെ നിരാശപ്പെടുത്തിയ അനുഭവമാണ് അദ്ദേഹത്തിനുണ്ടായത്.

2. ദൈവത്തോട് നിരന്തരസംഭാഷണത്തിലേർപ്പെട്ട് ദൈവസാന്നിധ്യാനുഭവത്തിൽ നാം സ്ഥിരത പ്രാപിക്കേണ്ടതാവശ്യമാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. ദൈവസംസർഗ്ഗം ഉപേക്ഷിച്ച് നിസ്സാരകാര്യങ്ങളിൽ മനസ്സിനെ വ്യാപരിപ്പിക്കുന്നത് ലജ്ജാകരമായ ഒരനുഭവമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള ഉന്നതമായ ചിന്തയാൽ നമ്മുടെ ആത്മശക്തിയെ പരിപോഷിപ്പിക്കേണ്ടത് ആവശ്യമത്രേ. അങ്ങനെ നമ്മുടെ വിശ്വാസം സജീവമായിത്തീരും. നമ്മുടെ വിശ്വാസം ദുർബ്ബലമായിരിക്കുന്നത് ദുഃഖകരമായ ഒരു വസ്തുത തന്നെ. വിശ്വാസത്തെ ജീവിതപ്രമാണമായി സ്വീകരിക്കുന്നതിനു പകരം അപ്പപ്പോൾ മാറിമാറിവരുന്ന നിസ്സാരകാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കുന്നതിലൂടെ സംതൃപ്തിനേടുവാൻ ശ്രമിക്കുന്നത് ശോചനീയമാണ്. ഈ വിശ്വാസമാർഗ്ഗമാണ് സഭയുടെ ചൈതന്യം. ആത്മീയപരിപക്വത നേടുവാനുള്ള ഏകമാർഗ്ഗവും അതു തന്നെ.

3. ഭൗതികവും ആത്മീയവുമായ കാര്യങ്ങളിൽ ഒരുപോലെ നാം നമ്മെത്തന്നെ പൂർണ്ണസമർപ്പണത്തോടെ ദൈവത്തിനായി വിട്ടുകൊടുക്കണം. ദൈവം നമ്മെ പീഡനങ്ങളിലൂടെ നടത്തിയാലും സന്തുഷ്ടിയിലൂടെ നടത്തിയാലും ഏതുസന്ദർഭത്തിലും ദൈവഹിതം ചെയ്യുന്നതിൽ നാം പൂർണ്ണസംതൃപ്തി കണ്ടെത്തണം. തന്നെത്തന്നെ ദൈവത്തിനായി സമർപ്പിച്ചിട്ടുള്ള ഒരുവന് ജീവിതത്തിലെ ഏതുവിധ അനുഭവവും ഒരുപോലെ സ്വീകാര്യമായിരിക്കും. ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തെ ശോധനചെയ്യുവാൻ വേണ്ടി നമ്മുടെ ജീവിതത്തിൽ ചിലപ്പോൾ വരൾച്ചയുടെ അനുഭവങ്ങൾ ദൈവം തന്നെന്നുവ

രാം. അത്തരം സന്ദർഭങ്ങളിൽ നാം വിശ്വസ്തരായി ദൈവത്തിൽ നില നിൽക്കണം. ദൈവത്തിനു കീഴടങ്ങി പൂർണ്ണവിധേയതയോടെ ജീവിക്കേണ്ടത് ഇത്തരം സന്ദർഭങ്ങളിലാണ്. ഈ വിധത്തിലുള്ള ഒരൊറ്റ സന്ദർഭം പോലും നമ്മുടെ ജീവിതമാർഗ്ഗത്തിൽ വലിയ പുരോഗതി നേടിത്തരുവാനിടയാക്കും.

ഓരോ ദിവസവും ചുറ്റുപാടും കാണുന്ന ദുരിതങ്ങളുടെയും പാപങ്ങളുടെയും മധ്യത്തിൽ നാം ചകിതരാകുകയല്ല വേണ്ടത്. നേരേമറിച്ച് ഇത്തരം ദുരിതങ്ങൾ കൂടുതൽ ഉണ്ടാകുന്നില്ലല്ലോ എന്നോർത്ത് ആശ്ചര്യപ്പെടുകയേ വേണ്ടൂ. അപ്രകാരമാണ് താൻ ചെയ്യാറുള്ളതെന്ന് ബ്രദർ ലോറൻസ് പറഞ്ഞു. ഒരൊറ്റ പാപിക്കുപോലും ചെയ്‌വാൻ കഴിയുന്ന ദുഷ്ടതയുടെ വ്യാപ്തിയാലോചിച്ചാൽ ഇതാണ് നാം ചെയ്യേണ്ടത്. താനിച്ഛിക്കുമ്പോൾ ഇതിനെല്ലാം പരിഹാരം വരുത്തുവാൻ ദൈവം ശക്തനാണെന്നോർത്ത് അത്തരം പാപികൾക്കുവേണ്ടി അദ്ദേഹം പ്രാർത്ഥിക്കുക പതിവായിരുന്നു.

4. നമ്മെത്തന്നെ പൂർണ്ണമായി ദൈവഹിതത്തിനു വിട്ടുകൊടുക്കുകയാണ് നാം എപ്പോഴും ചെയ്യേണ്ടത്. അപ്രകാരമൊരു സമർപ്പണത്തിലേക്കു നാം വന്നുചേരണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഈ വിധത്തിലുള്ള ആത്മീയ പുരോഗതിക്കു വിഘാതമായി നമ്മുടെ അന്തരംഗത്തിൽത്തന്നെ നടക്കുന്ന സംഘട്ടനങ്ങളെ നാം ശ്രദ്ധയോടെ നിരീക്ഷിക്കണം. പൂർണ്ണമായും ദൈവത്തിന്റെ വകയായിത്തീരുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർക്ക് അവിടുന്ന് അപ്പപ്പോൾ ആവശ്യമായ ആത്മീയ വെളിച്ചം നൽകിക്കൊണ്ടിരിക്കും. ഇതാണ് നമ്മുടെ ഉദ്ദേശ്യമെങ്കിൽ നാം ആഗ്രഹിക്കുമ്പോഴെല്ലാം ദൈവം നമ്മുടെ സഹായത്തിനു വന്നെത്തുകയും ചെയ്യും. ഇപ്രകാരമൊരു താൽപര്യം തന്നെ സന്ദർശിച്ച സ്നേഹിതന്മാർക്ക് ഇല്ലെങ്കിൽ ഭാവിയിൽ തന്നെ സന്ദർശിക്കുവാൻ വന്നുചേരേണ്ടതില്ലെന്നും ബ്രദർ ലോറൻസ് തന്റെ സന്ദർശകരെ അറിയിച്ചു.

**രണ്ടാം സംഭാഷണം**

**1666 സെപ്റ്റംബർ ഇരുപത്തിയെട്ട്**

ബ്രദർ ലോറൻസ് തന്റെ രണ്ടാമത്തെ സംഭാഷണം ആരംഭിക്കുന്നത് താൻ രക്ഷ പ്രാപിക്കുമോ ഇല്ലയോ എന്നു തന്നെക്കുറിച്ചുതന്നെ ഭാരപ്പെടാതെ താൻ എപ്പോഴും സ്നേഹത്താൽ ഭരിക്കപ്പെടുന്ന ഒരവസ്ഥയിലാണെന്നും മറ്റൊരു താൽപര്യവും തന്നെ ഭരിക്കുന്നില്ലെന്നും പ്രസ്താപിച്ചുകൊണ്ടാണ്. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തങ്ങളുടെയും ലക്ഷ്യം ദൈവസ്നേഹം തന്നെ ആയിരുന്നു. ഈ ഒരു ചിന്തയാൽ താൻ സദാ സംതൃപ്തായിത്തീർന്നിരുന്നു. നിലത്തുനിന്ന് ഒരു വയ്ക്കോൽത്തുരുമ്പ് എടുക്കുമ്പോൾ പോലും ഈ ചിന്തയാൽ താൻ സന്തുഷ്ടനായി ഭവിച്ചിരുന്നു. ആത്മീയവരങ്ങൾപോലും താൻ അന്വേഷിച്ചിരുന്നില്ല. ഈ മനോഭാവം മൂലം ദൈവം അദ്ദേഹത്തിന് അന്തമറ്റ കൃപകൾ നൽകിയിരുന്നു. എന്നാൽ ഈ കൃപകളുടെ ഫലം അതായത് അവമൂലം ലഭിക്കുന്ന ദൈവസ്നേഹം അനുഭവിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പരമലക്ഷ്യം. തന്മൂലം ആ ഫലത്തിന്റെ ദാതാവിനെപ്പോലും വിട്ടുകളയുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. മറ്റുള്ളതൊന്നും ദൈവത്തിൽ നിന്നില്ലായ്കയാലും ദൈവമാണ് തന്റെ ദാനങ്ങളെക്കാളും വലിയവനെന്ന് അറിഞ്ഞിരിക്കയാലും





തനിക്കുണ്ടാകുന്ന സന്തുഷ്ടമോ അസന്തുഷ്ടമോ ആയ അനുഭവങ്ങളെപ്പോലും അദ്ദേഹം ഗൗനിച്ചിരുന്നില്ല. ഈ പ്രവർത്തനത്തിൽ തന്റെ ആത്മാവും ദൈവവും തമ്മിൽ നടക്കുന്ന ഒരു സംഘർഷം അദ്ദേഹത്തിന് അനുഭവപ്പെട്ടിരുന്നു.ദൈവമാണ് സകലത്തിന്റെയും ദാതാവെന്നും തന്മൂലം അതു സ്വീകരിക്കുന്നവൻ ദൈവമല്ലെന്നും ഉള്ള ചിന്തയായിരുന്നു ഈ സംഘർഷത്തിന്റെ ഉറവിടം. ഈ സംഘർഷത്തിലും തന്റെ ആത്മാവ് വിശ്വാസത്താൽ ബലം പ്രാപിച്ചുപോന്നു. ദൈവം ദാനം ചെയ്തത് വാസ്തവത്തിൽ അവനെത്തന്നെയാണെന്നുള്ള ചിന്തയെ നിരാകരിക്കുക അദ്ദേഹത്തിനു സാധ്യമായിരുന്നില്ല.

**സകലവും ദൈവത്തിൽനിന്ന്**

ഈ പ്രവർത്തനത്തിൽ താൻ അനുഭവിച്ചആനന്ദവും ആത്മോൽകർഷവും ദൈവദാനത്തിന്റെ ഒരു ഭാഗമായിരുന്നതിനാൽ അതിനെ നിരാകരിക്കുന്നതിനുപകരം ദൈവദാനങ്ങൾക്കുമപ്പുറമായി ദൈവത്തെ മാത്രം കാണുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. എല്ലാറ്റിന്റെയും നിയന്ത്രണം ദൈവത്തിന്റെ പക്കൽ ആയിരുന്നതുകൊണ്ട് അദ്ഭുതാഹ്ളാദങ്ങളാൽ മതിമറന്നവനായിത്തീരുന്നത് അദ്ദേഹത്തിന് അസാധ്യമായിരുന്നു. ദൈവത്തിനുവേണ്ടി ഒരുവൻ ചെയ്യുന്ന എല്ലാകാര്യത്തിലും പ്രതിഫലം നൽകുന്നത് ദൈവം തന്നെയെന്ന് അദ്ദേഹം കരുതിപ്പോന്നു. ദൈവസ്നേഹത്തിനുവേണ്ടി താൻ ചെയ്യുന്ന ഒരു കാര്യത്തിന് ഒരു പ്രതിഫലവും സ്വീകരിക്കാതെ അതെല്ലാം മറച്ചുവയ്ക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. താൻ ഒരു കാര്യം ചെയ്യുന്നത് ദൈവത്തിനുവേണ്ടി അതേ, ദൈവത്തിനുവേണ്ടിത്തന്നെ എന്ന ചിന്തയാണ് അതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

**നാലുവർഷക്കാലം ആത്മാവിൽ സഹിച്ച യാതന.**

താൻ നാശമടയുന്ന ഒരു പാപിയോ എന്ന ദുഃഖചിന്ത ചിലപ്പോൾ അദ്ദേഹത്തെ പിടികൂടുക പതിവായിരുന്നു. ഈ ചിന്തയിൽ നിന്ന് അദ്ദേഹത്തെ കരകയറ്റുവാൻ ലോകത്തിലുള്ള ആർക്കും സാധ്യമായിരുന്നില്ല. അതിനെപ്പറ്റി അദ്ദേഹം താഴെക്കാണുംവിധം യുക്തിവാദം ചെയ്തു പോന്നു: "ദൈവസ്നേഹത്തിനുവേണ്ടിയാണ് ഞാൻ ഒരു സന്യാസജീവിതം ഏറ്റെടുത്തത്. അവിടത്തേക്കുവേണ്ടി ജീവിക്കുക എന്ന ഏകലക്ഷ്യമേ എനിക്കുണ്ടായിരുന്നുള്ളു. അതിനാൽ ഞാൻ നാശമടഞ്ഞാലും രക്ഷപ്രാപിച്ചാലും ദൈവസ്നേഹത്തിനു വേണ്ടി ജീവിക്കുക എന്നതു മാത്രമാണ് എന്റെ ലക്ഷ്യം. അതിനാൽ കുറഞ്ഞപക്ഷം ഈയൊരു നന്മയെങ്കിലും എനിക്കുണ്ടായിരിക്കും. മരണംവരെയും ദൈവത്തെ സ്നേഹിക്കുവാൻവേണ്ടി എന്റെ എല്ലാ കഴിവുകളും ഞാൻ വിനിയോഗിക്കും." ചിന്തയിലുള്ള ഈ യാതന നാലു വർഷം നീണ്ടുനിന്നു. അതിനു ശേഷം സ്വർഗ്ഗത്തെപ്പറ്റിയോ നരകത്തെപ്പറ്റിയോ അദ്ദേഹം ഉത്കണ്ഠിതനായിത്തീർന്നില്ല. നേരേമറിച്ച് ഇടതടവില്ലാത്ത സന്തോഷവും സ്വാതന്ത്ര്യവും ജീവിതകാലം മുഴുവൻ തനിക്കു ലഭിച്ചു. ബ്രദർ ലോറൻസ് ഇപ്രകാരം ചിന്തിച്ചു: "എന്റെ എല്ലാ പാപങ്ങളും എനിക്കും ദൈവത്തിനും മധ്യേ നിലകൊള്ളുന്നു. തന്മൂലം ദൈവത്തിന്റെ ഒരു കാരുണ്യത്തിനും ഞാൻ യോഗ്യനല്ല.

*ശേഷം പേജ് 32 ൽ*



# ബൈബിളിലൂടെ...

**ലൂക്കോസിന്റെ സുവിശേഷം**
*(തുടർച്ച)*

**സാക്പുന്നൻ**

ലൂക്കോസ് 9:49, 50 - നമ്മിൽ നിന്നും വ്യത്യസ്തമായ ഒരു ശുശ്രൂഷ മറ്റൊരാൾ ചെയ്യുന്നതു കാണുമ്പോൾ നാം എന്തുചെയ്യണമെന്ന് യേശു ഉപദേശിക്കുന്നു. ഒരുവൻ ഭൂതങ്ങളെ പുറത്താക്കുന്നതു ശിഷ്യന്മാർ കണ്ടു. അവൻ അവരുടെ കൂട്ടത്തിൽ ചേരുവാൻ വിസമ്മതിച്ചു. അയാളെ തടയുവാൻ യോഹന്നാൻ യേശുവിനോടു പറഞ്ഞു. അയാൾ ആ ശുശ്രൂഷ തുടരട്ടെ അതു വിലക്കരുത് എന്ന് യേശു മറുപടിപറഞ്ഞു. നിങ്ങൾ നിങ്ങളുടെ വിളിയിൽ തുടരുകയും അതിൽ ശ്രദ്ധവയ്ക്കുകയും ചെയ്യുക. മറ്റുള്ളവർ അവർക്കു ലഭിച്ചതിൽ തുടരട്ടെ. ഒട്ടേറെ ക്രിസ്ത്യാനികളും മറ്റുള്ളവർ കൂടി തങ്ങളുടെ ശുശ്രൂഷ തന്നെ ചെയ്യുവാൻ തക്കവണ്ണം അതു പ്രാധാന്യമേറിയതാണെന്നു കരുതും വിധം തങ്ങളുടെ ശുശ്രൂഷയെ വിലമതിക്കുന്നു. "എന്നാൽ ശരീരം മുഴുവൻ കണ്ണായാൽ കാതെവിടെ? ശരീരം മുഴുവൻ ശ്രവണമായാൽ ഘ്രാണമെവിടെ?" (1 കൊരി. 12.17) ദൈവം വിവിധ ശുശ്രൂഷകൾ പലർക്കായി വിഭാഗിച്ചു നൽകിയിരിക്കുന്നു എന്ന് പക്വതയുള്ളവർ തിരിച്ചറിയും. ഒരുവൻ സുവിശേഷമറിയിക്കുന്നു. മറ്റൊരുവൻ സാമൂഹികപ്രവർത്തനം നടത്തുന്നു. ഓരോരുത്തരും തങ്ങൾക്കു ലഭിച്ച ശുശ്രൂഷ നിറവേറ്റട്ടെ. എല്ലാം ക്രിസ്തുവിലെ ഓരോ ഗുണങ്ങൾ വെളിപ്പെടുത്തുന്നുവല്ലോ. നാം പരസ്പരം ചെറുതായിക്കാണാതിരിക്കുക. സൃഷ്ടിയിൽ വിപുലമായ വൈവിദ്ധ്യം ഉണ്ട്. എല്ലാ പൂവുകളെയും ഒരേ നിറത്തിലും മണത്തിലും വലിപ്പത്തിലുമല്ല ദൈവം ഉണ്ടാക്കിയിരിക്കുന്നത്. ക്രിസ്തുശരീരവും അങ്ങനെ തന്നെ. തങ്ങൾ ഒരു ബൈബിൾ കോളജിൽ പഠിച്ചിട്ടില്ലാത്തതിനാൽ ബൈബിൾകോളജ്പഠനം തന്നെ അനാവശ്യമാണെന്നു ചിലർ വിചാരിക്കുന്നു. മറ്റുചിലർ ബൈബിൾ കോളജ് വിദ്യാഭ്യാസം നേടിയവരാകയാൽ എല്ലാവരും അങ്ങനെ തന്നെയാകണമെന്നു വിചാരിക്കുന്നു. രണ്ടു കൂട്ടരും തെറ്റായ കാഴ്ചപ്പാടിലാണ്. ഓരോരുത്തരുടെ വിളിക്ക് ഒത്തവണ്ണം രണ്ടു തരത്തിലുള്ളവരെയും ഉപയോഗിക്കുവാൻ ദൈവത്തിനു കഴിയും. തങ്ങളുടെ ശുശ്രൂഷയൊഴികെ മറ്റൊന്നിനെയും വിലമതിക്കുവാൻ ഇടുങ്ങിയ കാഴ്ചപ്പാടുള്ളവർക്കു കഴിയില്ല. അങ്ങനെയുള്ളവരോട് ഒരു വാക്ക്: "എല്ലാ ശുശ്രൂഷകൾക്കായും ദൈവത്തെ സ്തുതിക്കുക. നിങ്ങളുടെ ശുശ്രൂഷയിൽ ശ്രദ്ധവയ്ക്കുക."

9:52 - ൽ യേശു ശമര്യയിലേക്കു പോകുന്നതായി നാം കാണുന്നു. ഒരു വർഷംമുമ്പ് വലിയ ഒരു ഉണർവ്വുണ്ടായ ഒരു സ്ഥലമാണത്. മാനസാന്തരപ്പെട്ട പാപിനിയായ ഒരു സ്ത്രീ മുഖാന്തരം വളരെ ആളുകൾ യേശുവിങ്കലേക്ക് ആകർഷിക്കപ്പെട്ടു (യോഹ. 4).







*ഒരു ദിവസം കർത്താവ് അവരോടു പറയും. " എല്ലാ ഉപദേശങ്ങളും ശരിയായിരുന്ന എന്റെ ജനം യോഗങ്ങളിൽ സംബന്ധിച്ചു തൃപ്തരായപ്പോൾ ചില തെറ്റായ ഉപദേശങ്ങളുള്ളവരെങ്കിലും നിങ്ങൾ വന്ന് എന്നെ സഹായിച്ചു."*

തങ്ങൾക്കു വേണ്ടി സ്ഥലം ഒരുക്കുവാൻ തനിക്കു മുമ്പായി യേശു ദൂതന്മാരെ അയച്ചു. എന്നാൽ ഇത്തവണ അവർ യേശുവിനെ സ്വീകരിച്ചില്ല. (വാ. 53) ശമര്യയിൽ മാനസാന്തരപ്പെട്ടവർ തങ്ങളുടെ യഹൂദവിരോധം അവസാനിപ്പിച്ച് തങ്ങളുടെ നിർജ്ജീവമായ മതസമ്പ്രദായങ്ങളെ ഉപേക്ഷിച്ച് കർത്താവിനെ അനുഗമിക്കുവാൻ ഒരു പക്ഷേ തീരുമാനിച്ചു കാണും. ഇത് അവരുടെ മതനേതാക്കളെ ചൊടിപ്പിച്ചതു കൊണ്ടായിരിക്കാം യേശുവിന് തങ്ങളുടെ പട്ടണത്തിൽ ഇനി ഇടം കൊടുത്തുകൂടാ എന്ന് അവർ തീരുമാനമെടുത്തത്. അങ്ങനെയായിരിക്കും ശമര്യയിൽ തീ ഇറങ്ങണമെന്ന ആഗ്രഹം യാക്കോബിലും യോഹന്നാനിലും ഉണ്ടായത്. താൻ വന്നത് മനുഷ്യരുടെ പ്രാണനെ നശിപ്പിക്കാനല്ല രക്ഷിക്കാനാണ് എന്നു പറഞ്ഞുകൊണ്ടു യേശു അവരെ ശാസിച്ചു (വാ. 55). ഏതെങ്കിലും ഒരു സഭ നിങ്ങളെ പുറത്താക്കുന്നു എങ്കിൽ വിനീതനായി മറ്റെവിടേക്കെങ്കിലും പോവുക. ഒന്നിലധികം തവണ എനിക്കതു ചെയ്യേണ്ടി വന്നിട്ടുണ്ട്.

മുകളിൽ പറഞ്ഞ രണ്ടവസരങ്ങളിലും തങ്ങളുടെ ഹൃദയത്തെ വിശാലമാക്കുവാൻ ശിഷ്യന്മാരെ അഭ്യസിപ്പിക്കുകയായിരുന്നു യേശു. പല ക്രൈസ്തവ വിഭാഗങ്ങളിലും അനുയായികൾക്കു നേതാവിനുള്ളത്ര ഹൃദയ വിശാലത കാണുകയില്ല. കാരണം നേതാവ് ദൈവത്തെ അറിയുന്ന അളവിൽ അവർ അറിഞ്ഞിരിക്കില്ല. 18-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന രണ്ടു വലിയ ശുശ്രൂഷകരായിരുന്നു ജോൺ വെസ്ലിയും ജോർജ് വൈറ്റ് ഫീൽഡും. ഒരിക്കൽ രക്ഷിക്കപ്പെട്ട ഒരുവന്റെ രക്ഷ നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടെന്ന് ജോൺ വെസ്ലിയും അനുയായികളും വിശ്വസിച്ചിരുന്നു. എന്നാൽ

**അസമാധാനത്തിന്റെ അലകടലാകുന്ന ഈ ലോകത്തിൽ നമ്മുടെ ഭവനങ്ങൾ സമാധാനത്തിന്റെ തുരുത്തുകളാകട്ടെ! വീടിന്റെ തലയാകുന്ന പുരുഷൻ പ്രത്യേകിച്ചും സമാധാനമുള്ളവനായിരിക്കണം- സ്ത്രീ അങ്ങനെയല്ലാതിരുന്നാലും. പുരുഷൻ കലഹിക്കാത്തവനും യുദ്ധതാൽപര്യമില്ലാത്തവനും വാഗ്വാദങ്ങളിൽ നിന്നകന്നിരിക്കുന്നവനും കോപിക്കാത്തവനും വിവാദങ്ങൾക്കിട നൽകാത്തവനുമായിരിക്കണം. എല്ലാം ക്രിസ്തീയ കുടുംബങ്ങളും ഭരിക്കേണ്ടത് അങ്ങനെയുള്ള പുരുഷന്മാരാണ്.**

ജോർജ് വൈറ്റ് ഫീൽഡും അനുയായികളും രക്ഷ നഷ്ടപ്പെടുക സാദ്ധ്യമല്ലെന്നു വിശ്വസിച്ചിരുന്നു. അവർ നല്ല സുഹൃത്തുക്കളായിരുന്നുതാനും. വൈറ്റ്ഫീൽഡ് മരിച്ചപ്പോൾ വെസ്ലിയായിരുന്നു ശവസംസ്ക്കാരശുശ്രൂഷ നടത്തിയത്. വെസ്ലിയുടെ ഒരു അനുയായി അദ്ദേഹത്തോടു ചോദിച്ചു: "താങ്കൾ സ്വർഗ്ഗത്തിലെത്തുമ്പോൾ വൈറ്റ് ഫീൽഡിനെ അവിടെ കാണുമോ?" അതിനു വെസ്ലി പറഞ്ഞ മറുപടി: "ഇല്ല എന്നാണ് ഞാൻ കരുതുന്നത് കാരണം അദ്ദേഹം സിംഹാസനത്തോടു വളരെ അടുത്തും ഞാൻ വളരെ പിന്നിലുമായിരിക്കും. അവിടെനിന്നുകൊണ്ട് എനിക്കദ്ദേഹത്തെ കാണാൻ കഴിയുമെന്നു തോന്നുന്നില്ല." വെസ്ലിയുടെ അനുയായികൾ ഇടുങ്ങിയ മനസ്സുള്ളവരായിരുന്നു. എന്നാൽ വെസ്ലിയോ വൈറ്റ് ഫീൽഡിനെ തന്നെക്കാൾ മഹാനായി മതിച്ചവിശാലഹൃദയവും എളിമയുമുള്ള ഒരുവനായിരുന്നു.

## അധ്യായം - 10

ലൂക്കോസ് 10:5ൽ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു: നിങ്ങൾ ഒരു വീട്ടിലേക്കു പ്രവേശിക്കുമ്പോൾ "ഈ വീട്ടിന്നു സമാധാനമുണ്ടാകട്ടെ" എന്ന് ആശംസിക്കുക. അവിടെ ഒരു സമാധാനപുരുഷൻ ഉണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവന്റെ മേൽ വസിക്കും. ഇല്ലെങ്കിൽ അതു നിങ്ങളിലേക്കു മടങ്ങിപ്പോരും." അസമാധാനത്തിന്റെ അലകടലാകുന്ന ഈ ലോകത്തിൽ നമ്മുടെ ഭവനങ്ങൾ സമാധാനത്തിന്റെ തുരുത്തുകളാകട്ടെ! വീടിന്റെ തലയാകുന്ന പുരുഷൻ പ്രത്യേകിച്ചും സമാധാനമുള്ളവനായിരിക്കണം- സ്ത്രീ അങ്ങനെയല്ലാതിരുന്നാലും. പുരുഷൻ കലഹിക്കാത്തവനും യുദ്ധതാൽപര്യമില്ലാത്തവനും വാഗ്വാദങ്ങളിൽ നിന്നകന്നിരിക്കുന്നവനും കോപിക്കാത്തവനും വിവാദങ്ങൾക്കിട നൽകാത്തവനുമായിരിക്കണം. എല്ലാ ക്രിസ്തീയ കുടുംബങ്ങളും ഭരിക്കേണ്ടത് അങ്ങനെയുള്ള പുരുഷന്മാരാണ്.

10:19-ൽ സാത്താന്റെ എല്ലാ ശക്തികൾക്കും മേൽ യേശു തന്റെ ശിഷ്യന്മാർക്ക് അധികാരം കൊടുത്തിട്ട് 'യാതൊന്നും നിങ്ങൾക്കു ദോഷം ചെയ്യുകയില്ല' എന്ന വാഗ്ദാനവും നൽകുന്നതായി നാം കാണുന്നു. ശക്തിയും അധികാരവും തമ്മിൽ വലിയ ഒരു വ്യത്യാസമുണ്ട്. ഒരു വലിയ ട്രക്ക് വളരെ ശക്തിയുള്ളതാണെങ്കിലും ഒരു പോലീസുകാരൻ കയ്യുയർത്തി നില്ക്കാനാജ്ഞാപിക്കുമ്പോൾ അത വിടെ നിൽക്കുന്നു. കാരണം പോലീസുകാരൻ അധികാരമുള്ളയാളാണ്. സാത്താന്റെ എല്ലാ ശക്തികളുടെമേലും നമുക്കു ലഭിച്ചിരിക്കുന്ന അധികാരത്തിന്റെ ഒരു ചിത്രമാണിത്. ബൈബിൾ പറയുന്നു: "ദൈവത്തിനു കീഴടങ്ങുവിൻ. പിശാചിനോട് എതിർത്തു നിൽപ്പീൻ. എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും (യാക്കോ. 4:7, 8)





മിന്നലിന്റെ വേഗതയിൽ (സെക്കന്റിൽ 3 ലക്ഷം കി.മീ. ) സാത്താൻ ഓടിപ്പോകും. സാത്താന്റെ വീഴ്ച ഇത്ര വേഗത്തിൽ സംഭവിക്കുന്നതു യേശു കണ്ടു. 10:18)! എന്നാൽ നാം സന്തോഷിക്കേണ്ടതു സാത്താനെ കീഴടക്കുവാനുള്ള അധികാരം ലഭിച്ചതിലല്ല. നാം ദൈവമക്കളാണെന്ന യാഥാർത്ഥ്യത്തിലാണ്. നാം ദൈവത്തിനുവേണ്ടി ചെയ്ത കാര്യങ്ങളിലല്ല നാം സന്തോഷിക്കേണ്ടത്. ദൈവം നമുക്കു വേണ്ടി ചെയ്ത കാര്യത്തിൽ- ജീവന്റെ പുസ്തകത്തിൽ നമ്മുടെ പേര് എഴുതപ്പെട്ടതിൽ-ആണ്.

10: 30-37-ൽ നല്ല ശമര്യാക്കാരന്റെ ഉപമ നാം വായിക്കുന്നു. അവിടെ കാണുന്ന ലേവ്യനും പുരോഹിതനും മാന്യതയുള്ള ,തങ്ങളുടെ ഉപദേശങ്ങൾ തികച്ചും ശരിയായിട്ടുള്ള, മതവിഭാഗത്തിൽ നിന്നുള്ളവരാണ്. എന്നാൽ ആവശ്യത്തിലിരിക്കുന്ന മനുഷ്യനെ സഹായിക്കുവാൻ അവർക്കു കഴിഞ്ഞില്ല. നമ്മുടെ നിഷ്ക്രിയത്വം കൊണ്ടു തന്നെ നമുക്കു പാപികളാകുവാൻ കഴിയും. ഗർഹണീയവും തിരസ്കൃതവുമായ ഒരു മതവിഭാഗത്തിൽ നിന്നുള്ള ആളായിരുന്നു ശമര്യാക്കാരൻ. (അവരുടെ ഉപദേശങ്ങൾ അധികവും തെറ്റായിരുന്നു). പക്ഷേ ആവശ്യത്തിലിരിക്കുന്ന മനുഷ്യനു സഹായിയായിത്തീർന്നത് ശമര്യനാണ്. മിക്കപ്പോഴും വചനം കൃത്യമായി പഠിപ്പിക്കുവരെക്കാൾ ദരിദ്രരെയും നിരാലംബരെയും അധികം സഹായിക്കുന്നത് ഉപദേശങ്ങൾക്കു വലിയ കൃത്യത ഇല്ലാത്തവരാണെന്ന് യേശു പഠിപ്പിച്ചു. പുരോഹിതനും ലേവ്യനും വഴിയിൽ കിടക്കുന്ന ഒരു സാധുവിനെ സഹായിക്കുന്നതിലധികം ഗൗരവമുള്ള കാര്യമായിരുന്നു യെരുശലേമിലെ തങ്ങളുടെ ആരാധനായോഗം. നല്ല ശമര്യാക്കാരന് തന്റെ യോഗം മുടങ്ങി. എങ്കിലും ആ മനുഷ്യനെ സഹായിക്കാൻ കഴിഞ്ഞു.

**എല്ലാ ഉപദേശങ്ങളും ശരിയായിരിക്കുന്ന നമ്മെക്കാളധികം പ്രതിഫലം അല്പം ഉപദേശപ്പിശകുകൾ ചില നിസ്സാരകാര്യങ്ങളിലുള്ളവർ പ്രാപിക്കുന്നതു ക്രിസ്തുവിന്റെ ന്യായാസനത്തിൻ മുമ്പിൽ നാം കണ്ടെത്തും. അതുകൊണ്ടു നമ്മിൽനിന്നും വ്യത്യസ്തമായി കാര്യങ്ങൾ കാണുകയും ചെയ്യുകയും ചെയ്യുന്ന മറ്റു വിഭാഗങ്ങളിലുള്ളവരെ നമുക്കു നിന്ദിക്കാതിരിക്കാം. ക്രിസ്തുവിന്റെ നാമത്തിൽ ദരിദ്രരെ ശുശ്രൂഷിക്കയും മനസ്സലിവു കാണിക്കയും ചെയ്യുന്നവരെ ദൈവം വിലമതിക്കുന്നു.**

എല്ലാ ഉപദേശങ്ങളും ശരിയായിരിക്കുന്ന നമ്മെക്കാളധികം പ്രതിഫലം അല്പം ഉപദേശപ്പിശകുകൾ ചില നിസ്സാരകാര്യങ്ങളിലുള്ളവർ പ്രാപിക്കുന്നതു ക്രിസ്തുവിന്റെ ന്യായാസനത്തിൻ മുമ്പിൽ നാം കണ്ടെത്തും. അതുകൊണ്ടു നമ്മിൽനിന്നും വ്യത്യസ്തമായി കാര്യങ്ങൾ കാണുകയും ചെയ്യുകയും ചെയ്യുന്ന മറ്റുവിഭാഗങ്ങളിലുള്ളവരെ നമുക്കു നിന്ദിക്കാതിരിക്കാം. ക്രിസ്തുവിന്റെ നാമത്തിൽ ദരിദ്രരെ ശുശ്രൂഷിക്കയും മനസ്സലിവു കാണിക്കയും ചെയ്യുന്നവരെ ദൈവം വിലമതിക്കുന്നു. "ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ ശുശ്രൂഷിച്ചു. എനിക്കു വിശന്നു നിങ്ങൾ ഭക്ഷിക്കുവാൻ തന്നു. എനിക്കു ദാഹിച്ചു നിങ്ങൾ കുടിക്കുവാൻ തന്നു എന്ന് ഒരു ദിവസം കർത്താവ് അവരോടു പറയും. " എല്ലാ ഉപദേശങ്ങളും ശരിയായിരുന്ന എന്റെ ജനം യോഗങ്ങളിൽ സംബന്ധിച്ചു തൃപ്തരായപ്പോൾ ചില തെറ്റായ ഉപദേശങ്ങളുള്ളവരെങ്കിലും

**നമ്മുടെ ജീവിതത്തിൽ അതിപ്രധാനമായ കാര്യമെന്തെന്ന് യേശു നമ്മെ പഠിപ്പിക്കുന്നു. ദരിദ്രരെ സഹായിക്കുന്നതല്ല, തന്നെ കേൾക്കുന്നതും താൻ കല്പിക്കുന്നത് അനുസരിക്കുന്നതുമാണ് പ്രധാനം. ദൈവത്തിനുവേണ്ടി എന്തെങ്കിലുമൊക്കെ ചെയ്തു ജീവിതം കഴിക്കാനല്ല നാം വിളിക്കപ്പെട്ടിരിക്കുന്നത്, ദൈവേഷ്ടം അറിഞ്ഞു ചെയ്യുവാനാണ്. ഒരു ദാസനെ സംബന്ധിച്ച അതിപ്രധാന കാര്യം തന്റെ യജമാനൻ കല്പിക്കുന്നതു മാത്രം ചെയ്യുന്നതാണ്.**

നിങ്ങൾ വന്ന് എന്നെ സഹായിച്ചു."

ദരിദ്രരെയും ആവശ്യത്തിലിരിക്കുന്നവരെയും സഹായിക്കുന്നതിലൂടെ കർത്താവിനെ സേവിക്കുന്നതാണ് അതിപ്രധാനമായ കാര്യമെന്ന് ഈ ഉപമ കേൾക്കുമ്പോൾ ചിലർക്കെങ്കിലും തോന്നാനിടയുണ്ട്. അതുകൊണ്ടുതന്നെ ഇതിനോടു ചേർത്തു മറ്റൊരു സംഭവവും പരിശുദ്ധാത്മാവു രേഖപ്പെടുത്തി വച്ചിരിക്കുന്നു- നമ്മെ സമതുലിതാവസ്ഥയിലേക്കു നയിക്കുവാൻ. 10:38-42-ൽ നമ്മുടെ ജീവിതത്തിൽ അതിപ്രധാനമായ കാര്യമെന്തെന്ന് യേശു നമ്മെ പഠിപ്പിക്കുന്നു. ദരിദ്രരെ സഹായിക്കുന്നതല്ല, തന്നെ കേൾക്കുന്നതും താൻ കല്പിക്കുന്നത് അനുസരിക്കുന്നതുമാണ് പ്രധാനം. അവിടെ മാർത്ത എന്നു പേരുള്ള ഒരു സ്ത്രീ വളരെ ശുഷ്കാന്തിയോടെ കർത്താവിനെ ശുശ്രൂഷിക്കുന്നതിൽ ബദ്ധയായിരിക്കുന്നു. സഹോദരി മറിയ കർത്താവിനെ കേൾക്കുന്നതിലും. മറിയയുടെ ഈ പ്രവൃത്തിയെ അലസത എന്നോ നിഷ്ക്രിയത്വമെന്നോ വിളിക്കാൻ കഴിയും. പക്ഷേ യേശു മാർത്തയുടെ ബദ്ധപ്പാടിനെ ശാസിച്ചുകൊണ്ടു പറയുന്നു മറിയ ചെയ്യുന്നതാണ് ഏറ്റവും ആവശ്യമായിരിക്കുന്ന ഒരേ ഒരു കാര്യം. (വാ. 42). ദൈവത്തിനുവേണ്ടി എന്തെങ്കിലുമൊക്കെ ചെയ്തു ജീവിതം കഴിക്കാനല്ല നാം വിളിക്കപ്പെട്ടിരിക്കുന്നത്, ദൈവേഷ്ടം അറിഞ്ഞു ചെയ്യുവാനാണ്. ഒരു ദാസനെ സംബന്ധിച്ച അതിപ്രധാന കാര്യം തന്റെ യജമാനൻ കല്പിക്കുന്നതു മാത്രം ചെയ്യുന്നതാണ്. (1 കൊരി. 2:2 ലിവിംഗ്)

**അധ്യായം 11**

11:1-13-ൽ യേശു ഒരു സ്ഥലത്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നതു ശിഷ്യന്മാർ കേട്ടുകൊണ്ടിരുന്നു എന്നു നാം വായിക്കുന്നു. അവർ വിസ്മയഭരിതരായി. കാരണം ആരും ഒരിക്കലും അങ്ങനെ പ്രാർത്ഥിക്കുന്നത് അവർ കേട്ടിരുന്നില്ല. പരീശന്മാർ പള്ളികളിൽ പ്രാർത്ഥിക്കുന്നതുപോലെ വാക്യഭംഗിയുള്ള ഒരു പ്രസംഗം പോലെ ആയിരുന്നില്ല സ്നേഹനിധിയായ ഒരു പിതാവിന്റെയടുക്കൽ മകൻ ചെന്ന് സംസാരിക്കുന്ന അടുപ്പത്തോടും സ്വാതന്ത്ര്യത്തോടും കൂടെയുള്ള ഒരു സംഭാഷണമായിരുന്നു അവർ കേട്ടത്. അതുകൊണ്ട് തങ്ങളെയും അതുപോലെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെന്ന് അവർ പറഞ്ഞു. അങ്ങനെ പിതാവിനോടു സംസാരിക്കുന്നതെങ്ങനെയെന്ന് യേശു അവരെ പഠിപ്പിച്ചു. ഇതൊരു വിപ്ലവാത്മകമായ കാര്യമായിരുന്നു. കാരണം യിസ്രായേലിന്റെ ചരിത്രത്തിൽ അന്നുവരെ ആരും ദൈവത്തെ ''അപ്പച്ചാ'' എന്നോ ''ഡാഡി'' എന്നോ സംബോധന ചെയ്തിരുന്നില്ല (അബ്ബാ എന്ന എബ്രായപദത്തിന്റെ അർത്ഥം അങ്ങനെയൊക്കെയാണ്.) ഇന്നു നാംദൈവത്തെ യഹോവ എന്നു സംബോധന





ചെയ്തു പാടുകയോ പ്രാർത്ഥിക്കയോ ചെയ്യേണ്ടതായിട്ടില്ല, "പിതാവേ" എന്നു തന്നെ നമുക്കു വിളിക്കാം.

**പിതാവിനോടു സംസാരിക്കുന്നതെങ്ങനെയെന്ന് യേശു അവരെ പഠിപ്പിച്ചു. ഇതൊരു വിപ്ലവാത്മകമായ കാര്യമായിരുന്നു. കാരണം യിസ്രായേലിന്റെ ചരിത്രത്തിൽ അന്നുവരെ ആരും ദൈവത്തെ "അപ്പച്ചാ" എന്നോ "ഡാഡി" എന്നോ സംബോധന ചെയ്തിരുന്നില്ല (അബ്ബാ എന്ന എബ്രായ പദത്തിന്റെ അർത്ഥം അങ്ങനെയൊക്കെയാണ്.) ഇന്നു നാംദൈവത്തെ യഹോവ എന്നു സംബോധന ചെയ്തു പാടുകയോ പ്രാർത്ഥിക്കയോ ചെയ്യേണ്ടതായിട്ടില്ല, "പിതാവേ" എന്നുതന്നെ നമുക്കു വിളിക്കാം.**

തുടർന്ന് പ്രാർത്ഥനയെക്കുറിച്ച് അവരുടെ ചോദ്യത്തിനുള്ള മറുപടി പൂർണ്ണമാക്കുവാനായി യേശു ഒരു ഉപമയും പറഞ്ഞു: ഒരു മനുഷ്യന്റെ വീട്ടിൽ അർദ്ധരാത്രിയിൽ ഒരു അതിഥി വന്നു. അവനു കൊടുക്കാൻ ആ മനുഷ്യന്റെ വീട്ടിൽ ഭക്ഷണമൊന്നും ഉണ്ടായിരുന്നില്ല. ആ മനുഷ്യൻ തന്റെ സ്നേഹിതന്റെ വീട്ടിൽ ചെന്ന് അദ്ദേഹം എഴുന്നേറ്റ് വാതിൽ തുറന്നു ഭക്ഷണം കൊടുക്കുവോളം തുടരെ മുട്ടിക്കൊണ്ടിരുന്നു. പരിശുദ്ധാത്മശക്തിക്കുവേണ്ടി എങ്ങനെയാണ് അന്വേഷിക്കേണ്ടതെന്നു യേശു ഇതിലൂടെ വിശദീകരിക്കുകയായിരുന്നു (11:13). അതിന്നർത്ഥം ആവശ്യത്തിലിരിക്കുന്ന ആളുകളോട് ഒരു മനസ്സലിവും ഭാരവും ഉണ്ടായിരിക്കണം. അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടത് ദൈവത്തിനു മാത്രമെ നൽകാൻ കഴിയൂ എന്ന തിരിച്ചറിവിൽ നിങ്ങളെത്തും. അങ്ങനെ നിങ്ങൾ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിക്കുവേണ്ടി പ്രാർത്ഥിക്കും. വചനം പ്രസംഗിക്കുവാനാണു നിങ്ങൾക്കുള്ള വിളിയെങ്കിൽ നിങ്ങൾ ആരോടു പ്രസംഗിക്കുന്നുവോ അവരോടുള്ള സ്നേഹവും മനസ്സലിവും കൊണ്ടു നിങ്ങളുടെ ഹൃദയത്തെ നിറയ്ക്കുവാൻ ദൈവത്തോടപേക്ഷിക്കണം. തുടർന്ന് അവരുടെ പ്രത്യേകമായ ആവശ്യത്തിനനുസരിച്ചുള്ള പ്രത്യേകമായ വചനം ആത്മാവിന്റെ അഭിഷേകത്തോടെ ലഭിക്കാൻ തുടർമാനമായി ചോദിച്ചുകൊണ്ടിരിക്കണം. ഇപ്രകാരം ഒരു വ്യക്തിയുടെ രോഗസൗഖ്യത്തിനു വേണ്ടി പ്രാർത്ഥിക്കയോ ഭൂതത്തെ പുറത്താക്കുകയോ ചെയ്യേണ്ട സന്ദർഭം വരുമ്പോഴും മേൽപറഞ്ഞതുപോലെ ചെയ്യാവുന്നതാണ്. ലോകത്തിലുള്ളവരെയെല്ലാം ശുശ്രൂഷിക്കുവാനല്ല, ദൈവം നമ്മുടെ അടുത്തേക്ക് അയയ്ക്കുന്നവരെ ശുശ്രൂഷിക്കുവാനാണ് നമുക്കുള്ള വിളി. ആ ഗ്രാമപ്രദേശത്തുള്ള എല്ലാ പട്ടിണിക്കാർക്കും ഭക്ഷണം ആ മനുഷ്യൻ ആവശ്യപ്പെട്ടില്ല- തന്റെ അടുക്കൽ രാത്രിയിൽ വന്ന ഒരാൾക്കുവേണ്ടി മാത്രം. ആവശ്യത്തിലിരിക്കുന്ന ഒരു വ്യക്തി ഒരു പക്ഷേ നിന്റെ മകനോ മകളോ ആകാം. ആ മനുഷ്യൻ ചെയ്തതുപോലെ യാചിക്കയോ മുട്ടുകയോ ചെയ്യുന്ന ഏതു വ്യക്തിക്കും ലഭിക്കുമെന്ന് യേശു വാഗ്ദാനം ചെയ്തു. (വാ. 9, 10) രണ്ടോ മൂന്നോ പ്രാവശ്യം മുട്ടിയശേഷം മടുത്തുപോകുന്നവർ ഒന്നും പ്രാപിക്കുന്നില്ല. ഭൂമിയിലെ ഏതു പിതാവിനെക്കാളും നന്മയുള്ളവനാണ് സ്വർഗ്ഗീയ പിതാവ്. നമുക്ക് നന്മയുണ്ടാക്കുന്ന ഒരു കാര്യവും അവിടുന്നു നിരസിക്കുന്നില്ല.

(വാ. 11) അതുകൊണ്ടു നമുക്കു സ്നേഹത്തിനുവേണ്ടി മുട്ടിക്കൊണ്ടിരിക്കാം. ആത്മവരങ്ങൾക്കായി ദാഹിക്കാം (1 കൊരി. 14:1)

**അധ്യായം 12**

ലൂക്കോസ് 12 :1-ൽ പരീശന്മാരുടെ കപടഭക്തിയാകുന്ന പുളിമാവിനെ സൂക്ഷിച്ചൊഴിയുവാൻ "യേശു ശിഷ്യന്മാരോടു പറയുന്നു. കപടഭക്തിയെ സൂചിപ്പിക്കുന്ന ഹിപ്പോക്രിസി എന്ന പദത്തിന്റെ മൂലം ഇംഗ്ലീഷല്ല ഗ്രീക്കാണ്. അത് ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തവർ ആ പദത്തിന്റെ ഇംഗ്ലീഷ് അർത്ഥം എഴുതുന്നതിനു പകരം (hupokrisis-ഹ്യൂപ്പോക്രിസിസ്) എന്ന ഗ്രീക്കു പദത്തെ ആംഗലേയവൽക്കരിച്ച് ഹിപ്പോക്രിസി എന്നാക്കുകയാണ് ചെയ്തത്. ഹ്യൂപ്പോക്രിസിസ് എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം നാട്യം, അഭിനയം എന്നൊക്കെയാണ്. ഗ്രീസിൽ നാടകനടന്മാരെ "ഹിപ്പോക്രിറ്റ്" എന്നാണു വിളിച്ചിരുന്നത്. ഇതുപോലെ വിശുദ്ധന്മാരായി അഭിനയിക്കുന്നതിനെതിരെ ഒരു മുന്നിറിയിപ്പാണു യേശു യഥാർത്ഥത്തിൽ നൽകിയത്. ഒരു ഹോളിവുഡ് നടന് വിശുദ്ധനായ യോഹന്നാൻ സ്നാപകനെ ഒരു സിനിമയിൽ സമർത്ഥമായി അവതരിപ്പിക്കാൻ കഴിയും. സിനിമാ ഷൂട്ടിംഗ് തീരുന്നതോടെ അയാൾ തന്റെ പഴയ മദ്യവും മദിരാക്ഷിയും വിവാഹമോചനവുമൊക്കെയുള്ള ജീവിതത്തിലേക്കു തിരിച്ചു പോകുന്നു. അതാണ് അയാളുടെ യഥാർത്ഥ ജീവിതം. വീണ്ടും ഒരു വിശുദ്ധന്റെ റോൾ വരുന്നതോടെ അയാൾ ഒരു വിശുദ്ധനായി മാറുന്നു.

അധികം ക്രിസ്ത്യാനികളും തികച്ചും അങ്ങനെ തന്നെയാണ് ഞായറാഴ്ച യോഗങ്ങളിൽ അവർ വിശുദ്ധ ജനമാണ്. അന്യഭാഷയുമുണ്ട്. സാക്ഷ്യമുണ്ട്. മറ്റുപലതുമുണ്ട്. വീട്ടിൽചെന്ന് മാതൃഭാഷയിൽ സംസാരിക്കുമ്പോൾ ഭാര്യമാരോട് കോപിക്കയും അരുതാത്ത വാക്കുകളും വ്യാജവും സംസാരിക്കുകയും ചെയ്യുന്നു. തുടർന്ന് ഞായറാഴ്ച എത്തുമ്പോൾ ഒരു വിശുദ്ധന്റെ റോളിൽ അഭിനയിക്കുന്നു. (ഹോളിവുഡ് നടന്മാർ യഥാർത്ഥത്തിൽ കൂടുതൽ സത്യസന്ധരാണ്.) ഇതിനെതിരെയാണ് യേശു ശിഷ്യന്മാർക്ക് മുന്നറിയിപ്പ് നൽകിയത്. നാം ഞായറാഴ്ചയും ആഴ്ചവട്ടത്തിന്റെ മറ്റു ദിവസങ്ങളിലെന്നപോലെ തന്നെയായിരിക്കണം. അതിനു നാം കപടഭക്തിയെ വെറുക്കുന്നവരാകണം.

12:3-12 ൽ യേശു പറയുന്നു " പീഡനങ്ങളെ ഭയപ്പെടരുത്. നിങ്ങളുടെ തലയിലെ ഓരോ രോമവും പിതാവിനാൽ എണ്ണപ്പെട്ടിരിക്കുന്നു. ഈ ലോകത്തിലുള്ള ഓരോ കുരുവിയുടെയും അവസ്ഥപോലും അവിടുന്നറിയുന്നവനാണ്. അവയെക്കാൾ എത്രയോ വിലയേറിയവരായി നമ്മെ അവിടുന്നു കരുതുന്നു. നമ്മെ കോടതി കയറ്റുവാനും കൊല്ലുവാനുമൊക്കെ ദൈവം മനുഷ്യരെ അനുവദിച്ചേക്കാം. പക്ഷേ നാമൊരിക്കലും മനുഷ്യരെ ഭയപ്പെടുവാൻ പാടുള്ളതല്ല. ചോദ്യം ചെയ്യപ്പെടുമ്പോൾ എന്തു മറുപടി പറയണമെന്ന കാര്യത്തിൽപ്പോലും നാം ഭാരപ്പെടേണ്ടതില്ല. അതു ആ സന്ദർഭത്തിൽത്തന്നെ പരിശുദ്ധാത്മാവു നമുക്കുതരും" (വാ. 12) നാം പ്രസംഗിക്കുവാൻ നിൽക്കുന്ന സന്ദർഭത്തിനുള്ള ഒരു വാഗ്ദാനമല്ല ഇത് കോടതികളിലും വ്യവഹാര സ്ഥലങ്ങളിലും നമ്മുടെ വിശ്വാസം ചോദ്യം ചെയ്യപ്പെടുമ്പോഴുള്ള വാഗ്ദാനമാണിത്. (തുടരും)

**മൊഴിമാറ്റം : സാജു ജോസഫ്**

❖





ചരിത്രകഥ



# മരണത്തെ പേടിയില്ലാത്തവർ

കഥ ഇതുവരെ

*റോമാനഗരം ആദ്യനൂറ്റാണ്ടിൽ . റോമൻചക്രവർത്തിമാരുടെ പീഡനത്തെ ഭയന്ന് ക്രിസ്ത്യാനികൾ രഹസ്യതാവളത്തിൽ കഴിയുന്ന കാലം. റോമിലെ അരീനയിൽ ക്രിസ്തീയവിശ്വാസികൾ മൃഗങ്ങളോട് ഏറ്റുമുട്ടി രക്തസാക്ഷി മരണം വരിക്കുന്നത് റോമൻ പട്ടാളഉദ്യോഗസ്ഥനായ മാർസില്ലസ് തന്റെ സഹപ്രവർത്തകനായ ലൂക്യുല്ലസിനോടൊപ്പം കാണാൻ ഇടയായി. മാർസില്ലസിന് ക്രിസ്ത്യാനികളോട് സഹതാപം തോന്നി. ഇതിനിടെ ക്രിസ്ത്യാനികളെ പിടികൂടി നിയമത്തിനു മുൻപിൽ കൊണ്ടുവരിക എന്ന ദൗത്യം ചക്രവർത്തി മാർസില്ലസിനെ ഏൽപ്പിച്ചു. മാർസില്ലസ് ഒരു കുട്ടിയെ പിന്തുർന്ന് ക്രിസ്ത്യാനികളുടെ ഭൂഗർഭതാവളത്തിൽ എത്തിച്ചേർന്നു. അവിടെ അദ്ദേഹം ക്രിസ്ത്യാനികളെ സംബന്ധിച്ച സത്യങ്ങൾ മനസ്സിലാക്കി. മാർസില്ലസും സുവിശേഷം അംഗീകരിച്ചു.തുടർന്ന് മാർസില്ലസ് പട്ടാളക്യാമ്പിൽ മടങ്ങിയെത്തി. എന്നാൽ അദ്ദേഹം ക്രിസ്ത്യാനിയായത് അറിഞ്ഞ് പട്ടാളമേധാവി തടവിലാക്കാൻ തുനിഞ്ഞു. സുഹൃത്ത് ലൂക്യുല്ലസ് അദ്ദേഹത്തെ രക്ഷപെടാൻ അനുവദിച്ചു. ക്രിസ്ത്യാനിയായ പോളിയോ എന്ന ബാലൻ ഇതിനിടെ അധികാരികളുടെ പിടിയിലായി.അവനെ രക്ഷിക്കാൻ മാർസില്ലസ് ശ്രമിച്ചെങ്കിലും പ്രയോജനമുണ്ടായില്ല പോളിയോ രക്തസാക്ഷിയായി. മാർസില്ലസും പിടിയിലായി.*

***..തുടർന്നു വായിക്കുക.***

## അദ്ധ്യായം 10

# ഒരു പരീക്ഷ

**ആ** രാത്രി മാർസില്ലസിനൊപ്പം തടവറയിൽത്തന്നെ ലൂക്യുല്ലസ് ചെലവഴിച്ചു. മാർസില്ലസിന്റെ മനസ്സിൽ ഉറച്ചുപോയ ആശയങ്ങളിൽനിന്നും അവനെ പിന്തിരിപ്പിക്കാൻ സാദ്ധ്യമായതൊക്കെ ചെയ്യുകയായിരുന്നു ഉദ്ദേശ്യം.

"ഞാൻ ഒരു ചെറിയ കാര്യം മാത്രമാണ് നിന്നോടപേക്ഷിക്കുന്നത്. നിന്റെ ഈ വിശ്വാസം എന്നേയ്ക്കുമായി ത്യജിക്കണമെന്നു ഞാൻ പറയുന്നില്ല. പക്ഷേ, ഇപ്പോഴത്തേക്ക് താൽക്കാലികമായി മാത്രം. ഭയങ്കരമായ ഒരു പീഡനം ഇപ്പോൾ അഴിച്ചുവിട്ടിരിക്കയാണ്. അതിൽ എല്ലാവരെയും പെടുത്തിയിരിക്കുന്നു. വൃദ്ധനും ബാലനും ആണും

പെണ്ണും എല്ലാം തന്നെ. നീ തന്നെ നേരിൽ കണ്ടല്ലോ ഒരു പ്രായക്കാർക്കും അതിൽനിന്നും ഒഴിവില്ല എന്നുള്ളത്. സാദ്ധ്യമായിരുന്നെങ്കിൽ പോളിയോ ഒഴിവാക്കപ്പെടുമായിരുന്നു. അവനോട് വലിയ ഒരു സഹതാപം തന്നെ ഉയർന്നു വന്നിരുന്നു. അവൻ ചെറുപ്പമായിരുന്നു. അവന്റെ തെറ്റുകൾ പ്രായത്തിന്റെ പരിഗണനയിൽ ക്ഷന്തവ്യവുമായിരുന്നു. അവൻ കുലീനനായിരുന്നു. ഒരു പുരാതനകുടുംബത്തിലെ അവസാന കണ്ണിയുമായിരുന്നു."

"എനിക്കതൊക്കെ നന്നായറിയാം. പാതാളത്തിന്റെ ശക്തികൾ ദൈവത്തിന്റെ സഭയോട് എതിർത്തു നിൽക്കും. പക്ഷേ അത് വലിയ ഒരു പാറയിലാണ് അടിസ്ഥാനമിട്ടിരിക്കുന്നത്. പാതാളത്തിന്റെ കവാടങ്ങൾ ഒരിക്കലും നിലനിൽക്കയില്ല. നിഷ്ക്കളങ്കരും നിർമ്മലരും വിശുദ്ധരും ശ്രേഷ്ഠരും നല്ലവരും എല്ലാം ഒരുപോലെ സഹിക്കുന്നതും ഞാൻ കാണുന്നില്ലേ?"

"മാർസില്ലസേ, കേൾക്കുക, ഈ വലിയ കൊടുങ്കാറ്റിനു മുമ്പിൽ അല്പസമയം തലകുനിച്ചു മൗനമായിരിക്കുക. ഒരു ഭ്രാന്തനെപ്പോലെയാകാതെ ബുദ്ധിമാനാവുക."

"എന്താണ് നീ എന്നിൽ നിന്നാവശ്യപ്പെടുന്നത്?"

"കാലത്തിന്റെ പ്രയാണത്തിൽ ചില വർഷങ്ങൾക്കുശേഷം ഒരു മാറ്റം സംഭവിക്കും. ഒന്നുകിൽ ഈ പീഡനപ്രക്രിയ തണുത്തുപോകും. അല്ലെങ്കിൽ അതിനെതിരെ ഒരു ജനവികാരം ഉയർന്നുവരും. അതുമല്ലെങ്കിൽ ഈ ചക്രവർത്തി നാടുനീങ്ങുകയും വ്യത്യസ്ത കാഴ്ചപ്പാടുള്ള ഭരണാധികാരികൾ ചുമതലയേൽക്കുകയും ചെയ്തു എന്നു വന്നേക്കാം. അപ്പോൾ ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നത് സുരക്ഷിതമായ ഒരു കാര്യമാകും."

"ഇതു വഞ്ചനയാണ് ലൂക്യുല്ലസ്. ഞാനതിനെ വെറുക്കുന്നു. എന്ത്? ഞാനൊരു ഇരട്ട കാപട്യക്കാരനാവുകയാണെന്നോ?" "എനിക്കു നിരാശ തോന്നുന്ന തരത്തിലാണു നിന്റെ തീവ്രവാദം. നിനക്ക് അല്പം സുബോധത്തോടെ ഇക്കാര്യം ചിന്തിച്ചുകൂടേ? ഇതു ഒരു വ്യാജം കാണിക്കലല്ല നാം നയപരമായി പെരുമാറുന്നു എന്നേയുള്ളു. ഇതു കാപട്യമല്ല, ജ്ഞാനത്തോടെ ചിന്തിക്കുകയും പ്രവർത്തിക്കയുമാണ്."

"ഞാൻ ഇത്തരത്തിൽ ചിന്തിക്കയും പ്രവർത്തിക്കുകയും ചെയ്തു പാപം ചെയ്യുന്നതിനെ ദൈവം വെറുക്കുന്നു."

"മുമ്പോട്ടു നോക്കുക. ഇതു നിനക്കു മാത്രമല്ല ഗുണം ചെയ്യാൻ പോകുന്നത്. നീ സ്നേഹിക്കുന്ന മറ്റു ക്രിസ്ത്യാനികൾക്കും കൂടിയാണ്. നിന്റെ തീരുമാനം അവർക്കു വളരെ സഹായകരമായിരിക്കും."

"തങ്ങളെ വീണ്ടെടുത്ത രക്ഷിതാവിനെ തള്ളിപ്പറയുന്നതിനാൽ ഒരു ക്രിസ്ത്യാനി ഏറ്റവും മാന്ദ്യമുള്ളവനായിരിക്കും. അക്കാര്യത്തിൽ തന്റെ സഹജീവികളെ സഹായിക്കാനുള്ള ഔദാര്യം അവരിൽ തീരെ കുറവായിരിക്കും."

"മാർസില്ലസേ, അവസാനമായി ഒരു കാര്യം കൂടി പറഞ്ഞിട്ടു ഞാൻ വിടകൊള്ളട്ടെ. ഇത് അവസാനത്തെ പിടിവള്ളിയാണ്. ഒരു മടങ്ങിവരവു നടത്തുക. ഹൃദയം കൊണ്ടല്ല, വേഷംകൊണ്ടു മാത്രം. നീ ഇതിനു മുമ്പായിരുന്ന പ്രകാരം തന്നെ. അന്നു നീ നിന്റെ ഉത്തരവാദിത്വങ്ങളിൽ മാത്രം ശ്രദ്ധിച്ചിരുന്ന സന്തുഷ്ടനും ഉല്ലാസവാനുമായ യുവാവായിരുന്നു. നീ ഒരിക്കലും ക്ഷേത്രങ്ങളിൽ പോവുകയോ കർമ്മങ്ങളിൽ പങ്കെടുക്കുകയോ ചെയ്തിരുന്നില്ല. നിന്റെ സമയം നീ ക്യാമ്പിൽത്തന്നെ ചെലവഴിച്ചു. നിന്റെ ആത്മീയകാര്യങ്ങളിൽ നിന്റെ സ്വകാര്യതയ്ക്കുള്ളിലായിരുന്നു.





അദ്ധ്യാത്മിക പ്രബോധനങ്ങൾ തത്വചിന്തകരുടെ ഗ്രന്ഥങ്ങളിൽ നിന്നായിരുന്നു നീ സ്വീകരിച്ചിരുന്നത്. പുരോഹിതന്മാരിൽ നിന്നായിരുന്നില്ല. ആ ജീവിതത്തിലേക്കു മടങ്ങിവരിക. നിന്റെ ഔദ്യോഗിക പദവിയിലേക്കു മടങ്ങിവരിക. ഒരല്പം ശ്രദ്ധമാത്രമേ ആവശ്യമുള്ളു. തന്ത്രപരമായ നിശ്ശബ്ദത. നീ നിന്റെ ജോലിയിലേക്കു പ്രത്യക്ഷമായി തിരികെ വന്നിരിക്കുന്നു. നീ ഇപ്രകാരം റോമിലേക്കു മടങ്ങിവരികയാണെങ്കിൽ നിന്റെ മതംമാറ്റം യഥാർത്ഥമായിരുന്നില്ല എന്നൊരു ധാരണ പതുക്കെ ഉടലെടുത്തുകൊള്ളും. നിനക്ക് ആരുമറിയാതെ വിദേശത്തെവിടെയെങ്കിലും കടക്കുകയുമാകാം."

"അങ്ങനെയല്ല ലൂക്യുല്ലസ്, ഞാൻ സമ്മതിച്ചാൽത്തന്നെയും നിന്റെ ഈ പദ്ധതി വിജയിക്കയില്ല. അതിനു കാരണങ്ങളുണ്ട്. എന്നെക്കുറിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്റെ തലയ്ക്കു വിലയും വച്ചിട്ടുണ്ട്. പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. അതിലെല്ലാമുപരി ചക്രവർത്തിയുടെ മുമ്പാകെയാണ് ഞാൻ പോർക്കളത്തിൽ പ്രത്യക്ഷപ്പെട്ടത്. അതുമാത്രം മതിയാകും എനിക്കു ദയ നിരാകരിക്കപ്പെടുവാൻ. അതുമാത്രമല്ല, എന്റെ രക്ഷകനെ ആരാധിക്കുന്നത് ഇത്തരത്തിലല്ല. എനിക്കതു കഴിയില്ല. അവിടുത്തെ ശിഷ്യന്മാർ മനുഷ്യരുടെ മുമ്പാകെ അവിടുത്തെ ഏറ്റുപറയേണ്ടതുണ്ട്. എന്നെ മനുഷ്യരുടെ മുമ്പാകെ ഏറ്റുപറയുന്നവരെ ഞാനും ദൈവദൂതന്മാരുടെ മുമ്പിൽ ഏറ്റുപറയും എന്നാണ് അവിടുന്ന് കല്പിച്ചിട്ടുള്ളത്. എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി ഏല്പിച്ചു തന്നവനെ ഞാനും സ്നേഹിക്കുന്നു. മനുഷ്യരുടെ മുമ്പാകെ തന്നെ ഏറ്റുപറയുന്നതാണ് എന്റെ ഏറ്റവും വലിയ സന്തോഷം. അവനുവേണ്ടി മരിക്കുന്നതാണ് എന്നെ സംബന്ധിച്ച് ഏറ്റവും മഹത്തായ കൃത്യം. ഒരു രക്തസാക്ഷിയുടെ കിരീടമാണ് എനിക്ക് ഏറ്റവും ശ്രേഷ്ഠവും ഉന്നതവുമായ പ്രതിഫലം." ലൂക്യുല്ലസ് പിന്നെ ഒന്നും സംസാരിച്ചില്ല. എല്ലാ ശ്രമങ്ങളും വിഫലമായിത്തീർന്നിരിക്കുന്നു. തന്റെ സ്നേഹിതനൊത്ത് ചെലവഴിക്കാൻ കഴിഞ്ഞ ഈ അവസാന നിമിഷങ്ങൾ മാർസില്ലസ് ഒട്ടും പാഴാക്കിയില്ല.

ലൂക്യുല്ലസ് അവനെ ശ്രദ്ധിച്ചുതന്നെയിരുന്നു. താൽപര്യംകൊണ്ടല്ല, സൗഹൃദത്തിന്റെ പേരിൽ. എന്നിരുന്നാലും മാർസില്ലസിന്റെ വാക്കുകൾ അവന്റെയുള്ളിലും നേരിയ ചലനങ്ങളുണ്ടാക്കി. തന്റെ സ്മൃതിദളങ്ങളിൽ ചെറുതെങ്കിലും വ്യക്തമായ മുദ്രകങ്ങൾ പതിഞ്ഞു.

അടുത്ത ദിവസം തന്നെ വിചാരണ നടന്നു. മരണവിധി പ്രഖ്യാപിക്കപ്പെട്ടു. വന്യമൃഗങ്ങളാലോ പോരാളിയുടെ വാളിനാലോ അല്ല, അഗ്നിയാലുള്ള ഭീകര മരണം.

പോർക്കളത്തിന് നടുവിൽതന്നെയായിരുന്നു വേദി വേദിക്കു ചുറ്റും വിറകു കുന്നുകൂടിയിരുന്നു.

പരിഹാസവും മർദ്ദനവും ചൊരിയുന്ന ക്രൂരരായ സൂക്ഷിപ്പുകാരാൽ ആനയിക്കപ്പെട്ടവനായി മാർസില്ലസ് ആ ഭീകരാന്തരീക്ഷത്തിലേക്കു പ്രവേശിപ്പിക്കപ്പെട്ടു. വൃത്താകാരമായ ഇരിപ്പിട നിരകളിൽ ഉപവിഷ്ടരായ സ്ത്രീപുരുഷന്മാരെ അവൻ ചുറ്റും നോക്കി. നിർദ്ദയത്വവും ക്രൗര്യവും കാഠിന്യവും വഴിഞ്ഞൊഴുകുന്ന മുഖങ്ങൾ. തനിക്കു മുമ്പെ ആയിരമായിരം ക്രിസ്ത്യാനികൾ പീഡനമേറ്റു വിടവാങ്ങിയ പോർക്കളത്തിലേക്ക് അവൻ നോക്കി. താൻ കണ്ട കുട്ടികളുടെ അന്ത്യവും അവർ പാടിയ പാട്ടിന്റെ വരികളും അവന്റെ ഓർമ്മയിലെത്തി.

"നമ്മെ സ്നേഹിച്ചവന്

# ദൈവസാന്നിധ്യപരിശീലനം

*21-ാം പേജിൽ നിന്നു തുടർച്ച*

എങ്കിലും ഈ വസ്തുതയെ മറികടന്ന്, തന്നെ രക്ഷിക്കുന്നതിൽ നിന്നു ദൈവത്തെ തടയുവാൻ യാതൊന്നിനും സാധ്യമല്ല. ചിലപ്പോൾ ദൈവം തന്റെ കരത്താൽ എന്നെപ്പിടിച്ച് സകല സ്വർഗ്ഗീയ സമൂഹത്തിന്റെയും മുമ്പിൽ എന്നെ പ്രദർശിപ്പിച്ചുകൊണ്ട് – "ഇതാ, ഞാൻ കൃപ കാട്ടുവാൻ പ്രസാദിച്ച ഒരു മനുഷ്യൻ!" എന്ന് ഉൽഘോഷിക്കുമെന്ന് ഞാൻ കരുതുന്നു.

**ശക്തി ദൈവത്തിൽ നിന്ന്**

എല്ലാ സമയത്തും ദൈവവുമായി സംഭാഷിക്കയും സകലത്തെയും ദൈവത്തോടു ബന്ധപ്പെടുത്തുകയും ചെയ്യുന്ന ഒരു ശീലം വളർത്തിയെടുക്കുവാൻ ആരംഭത്തിൽ ഞാൻ കുറച്ചൊന്നു പാടുപെടേണ്ടിവന്നു. എങ്കിലും അല്പമൊരു പരിശ്രമം മൂലം പ്രയാസം കൂടാതെ ദൈവസ്നേഹത്താൽ പ്രേരിതനായിത്തീരുവാൻ എനിക്കു സാധിച്ചു. ഇപ്രകാരം ദൈവം ബ്രദർ ലോറൻസിനു നൽകിയ ഒരു ഇടവേളയ്ക്കുശേഷം തന്റെ എല്ലാ പ്രയാസങ്ങളും ഉപദ്രവങ്ങളും ദൈവവുമായി പങ്കുവയ്ക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. പിന്നീട് അവയെപ്പറ്റി അദ്ദേഹം വ്യാകുലചിത്തനായിത്തീർന്നില്ല. എനിക്കുവേണ്ടിത്തന്നെ ഒന്നും ചെയ്യുവാൻ എനിക്കു സാധ്യമല്ലാത്തതുമൂലം

---

നമ്മുടെ പാപം പോക്കിയവന്..."

സൂക്ഷിപ്പുകാർ അവനെ പിടുച്ചുലച്ചു വലിച്ച് പോർക്കളമദ്ധ്യത്തിലേക്കു കൊണ്ടുവന്നു. കനത്തചങ്ങലകളാൽ അവനെ ബന്ധിച്ചു. രക്ഷപ്പെടൽ അസാദ്ധ്യമാക്കുംവണ്ണം.

"ഞാൻ തയ്യാറാണ്. എന്റെ വിടവാങ്ങലിന്റെ സമയം ഏതാണ്ട് അടുത്തു. നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് എനിക്ക് നൽകും." അവന്റെ ചുണ്ടുകൾ മന്ത്രിച്ചു.

കത്തുന്ന പന്തങ്ങൾ തീ പടർത്തി. തീജ്വാലകൾ അന്തരീക്ഷത്തിലേക്ക് ഉയർന്നു. കറുത്ത കട്ടപ്പുക ഒരു സ്തംഭം പോലെ ആകാശത്തോളമുയർന്നു. തീയും പുകയും മാർസില്ലസിനെ കാണികളിൽ നിന്നും മറച്ചു. പുകയമർന്നപ്പോൾ രക്തസാക്ഷിയുടെ രൂപം ദൃശ്യമായി. മുഖം ആകാശത്തേക്കുയർത്തി കൈകൾ കൂപ്പിയ നിലയിൽ.

തീജ്വാലകൾ അടുത്തടുത്തു വന്നുകൊണ്ടിരുന്നു. ആ സമയം ആത്മാവു ശരീരം വിട്ട് സ്വർഗ്ഗത്തിലേക്കു പോകുവാൻ തയ്യാറെടുത്തുകൊണ്ടിരുന്നു.

പെട്ടെന്നു കടുത്ത വേദനയിലെന്നവണ്ണം ശരീരം പിടഞ്ഞു. എങ്കിലും മനസ്സൊരുക്കത്താൽ അവൻ വേദനയെ കീഴടക്കിക്കൊണ്ടിരുന്നു. പൊങ്ങിയുരുകിക്കരിയുന്ന ശരീരം. അവൻ കരങ്ങളുയർത്തി കാണികൾക്കു നേരം വീശി. ഒരവസാന പരിശ്രമത്തിലെന്നവണ്ണം അവൻ വിളിച്ചു പറഞ്ഞു:

"വിജയിച്ചു."

അതോടെ അവന്റെ ശരീരം മുന്നോട്ടു വീണു. അതിൽ നിന്നും തീജ്വാല ആളിക്കൊണ്ടിരുന്നു. മാർസില്ലസിന്റെ ആത്മാവു വിട്ടുപിരിഞ്ഞു. അത്യുത്തമമായി ക്രിസ്തു സന്നിധിയിലേക്ക്. (തുടരും.)

**മൊഴിമാറ്റം: ബോബി ചെറിയാൻ**

❖





എല്ലാ വിഷമങ്ങളെയും സഹിക്കുവാനുള്ള ശക്തി ദൈവം എനിക്കു നൽകാതിരിക്കയില്ല എന്നു ഞാൻ വിശ്വസിച്ചു. ഏതെങ്കിലുമൊരു സൽഗുണം പ്രായോഗികമാക്കുവാൻ ശ്രമിക്കുമ്പോൾ അദ്ദേഹം ദൈവത്തോട് ഇപ്രകാരം പറയും: "ദൈവമേ, അങ്ങ് എന്നെ സഹായിക്കുന്നില്ലെങ്കിൽ ഇതു ചെയ്യാൻ എനിക്കു സാധ്യമല്ല." എല്ലാം ഇപ്രകാരം സമർപ്പിക്കുമ്പോൾ അതും അതിലധികവും ചെയ്‌വാനുള്ള ശക്തി എനിക്കു ലഭിക്കും.

എപ്പോഴെങ്കിലും താൻ പരാജയപ്പെടുന്നപക്ഷം തന്റെ വീഴ്ച ഏറ്റുപറഞ്ഞുകൊണ്ട് അദ്ദേഹം ഇപ്രകാരം പറയും: "അങ്ങ് എന്നെ തനിയേ വിട്ടാൽ ഇങ്ങനെയല്ലാതെ ഒന്നും ചെയ്‌വാൻ എനിക്കു സാധ്യമല്ല. ഞാൻ വീഴാതെ എന്നെ സൂക്ഷിപ്പാനും തെറ്റിപ്പോയവയെ നേരേയാക്കുവാനും അങ്ങേയ്ക്കു കഴിയും." ഇപ്രകാരം പ്രാർത്ഥിച്ചു കഴിയുമ്പോൾ സ്വന്തം തെറ്റുകളെപ്പറ്റി ഞാൻ പിന്നീടു ഭാരപ്പെടുകയില്ല. ദൈവത്തോട് ഇപ്രകാരം തുറന്ന ഹൃദയത്തോടെ കാര്യങ്ങൾ ഏറ്റുപറകയും അപ്പപ്പോൾ വരുന്ന സാഹചര്യങ്ങളെ നേരിടുവാനുള്ള ശക്തി നാം പ്രാപിക്കയും വേണം. അങ്ങനെയെങ്കിൽ ഒരു സമയത്തും ദൈവം നമ്മെ നിസ്സഹായരായി തനിയേ വിട്ടുകളകയില്ല.

**സമ്പൂർണ്ണാശ്രയം**

കുറെ നാൾ മുമ്പ് വീഞ്ഞുവാങ്ങിക്കൊണ്ടുവരുവാൻ അധികൃതർ അദ്ദേഹത്തെ ബർഗണ്ടിയിലേക്കയച്ചു. വ്യാപാരകാര്യങ്ങളിൽ അഭിരുചിയില്ലാഞ്ഞതിനാൽ ഇത് അദ്ദേഹത്തിനു ദുഷ്കരമായ ഒരു പ്രവൃത്തിയായിരുന്നു. മാത്രമല്ല, ഒരു കാലിൽ മുടന്തുണ്ടായിരുന്നതിനാൽ യാത്ര ചെയ്‌വാനും പ്രയാസം അനുഭവപ്പെട്ടു. ഇതിനെപ്പറ്റി അദ്ദേഹം ദൈവത്തോട് ഇപ്രകാരം പറഞ്ഞു. "ദൈവമേ, അത് അങ്ങയുടെ കാര്യമാണ്; അങ്ങയുടെ പക്കൽ ഞാനിത് ഏല്പിച്ചു തരുന്നു." അതിനുശേഷം കാര്യങ്ങളെല്ലാം ഭംഗിയായി മുന്നോട്ടു പോയി. ഇതുപോലെയുള്ള മറ്റൊരാവശ്യത്തിന് തലേവർഷം 'ആവേൺ' എന്ന സ്ഥലത്തേക്കും പോകേണ്ടിയിരുന്നു. എന്നാൽ കാര്യങ്ങൾ ദൈവത്തിൽ ഭരമേല്പിക്കപ്പെട്ട ശേഷം എല്ലാം സുഗമമായി നിർവഹിക്കപ്പെട്ടു.

അടുക്കളയിലെ ജോലികൾ നോക്കുന്നതിലും ഇതേ അനുഭവമാണ് അദ്ദേഹത്തിനുണ്ടായത്. ഈ ജോലിയോട് സ്വാഭാവികമായ ഒരു വൈമുഖ്യം അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ ദൈവസ്നേഹത്തിനു വേണ്ടി എല്ലാം ചെയ്‌വാനുള്ള ഒരു പരിശീലനം അദ്ദേഹം സമ്പാദിച്ചു. തൽഫലമായി കഴിഞ്ഞ പതിനഞ്ചുവർഷം കാര്യങ്ങൾ അനായാസമായി നടന്നു. ഇപ്പോൾ അദ്ദേഹം ചെരിപ്പുകുത്തിയുടെ വർക്ഷോപ്പിൽ പ്രവർത്തിച്ചു പോരുന്നു. എന്നാൽ അതും ദൈവകരങ്ങളിൽ സമർപ്പിച്ചു കഴിഞ്ഞതോടെ എല്ലാം സുഗമമായിത്തീർന്നു. ചെറിയ ചെറിയ കാര്യങ്ങൾ ദൈവസ്നേഹത്തിനു വേണ്ടി ചെയ്‌വാൻ അദ്ദേഹം പരിശീലിച്ചു കൊണ്ടിരുന്നു.

**പ്രാർത്ഥനയും ജോലിയും**

ബ്രദർ ലോറൻസിനെ സംബന്ധിച്ചിടത്തോളം ജോലിക്കും പ്രാർത്ഥനയ്ക്കും വേറേ വേറേ സമയങ്ങൾ ഉണ്ടായിരുന്നില്ല. എല്ലായ്പോഴും എന്തുചെയ്യുമ്പോഴും അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടാണ് അതെല്ലാം ചെയ്തിരുന്നത്. പിതാവ് ഏതെങ്കിലും ജോലിയിൽ നിന്നു

പിൻവാങ്ങി തന്റെ അടുക്കൽ ചെല്ലുവാൻ ദൈവം നിർദ്ദേശിക്കുമ്പോൾ മാത്രം അദ്ദേഹം അപ്രകാരം ചെയ്തിരുന്നു. ഏതു പ്രയാസമുള്ള ജോലിയും അദ്ദേഹത്തെ ദൈവത്തിൽ നിന്ന് അകറ്റിയിരുന്നില്ല.

എല്ലാറ്റിലും ദൈവത്തെ സ്നേഹിക്കണമെന്ന പരിജ്ഞാനം നിമിത്തം ഓരോ ജോലിയിലും തന്നെ നിയന്ത്രിക്കുന്ന ഒരു പ്രത്യേക ഡയറക്ടറുടെ ആവശ്യം അദ്ദേഹത്തിനുണ്ടായിരുന്നില്ല. ചെയ്യുന്ന ജോലിയിൽ തെറ്റുപറ്റിയാൽ ആ തെറ്റ് ഏറ്റു പറയുവാൻ അദ്ദേഹം ദൈവത്തെ എപ്പോഴും സമീപിച്ചിരുന്നു. അതു കഴിഞ്ഞ് തന്റെ പതിവുള്ള പരിപാടികളിലേക്ക് അദ്ദേഹം മടങ്ങുകയും ചെയ്തിരുന്നു.

തന്റെ വിഷമഘട്ടങ്ങളിൽ വിശ്വാസം മൂലം തനിക്കു ലഭിച്ച വെളിച്ചത്തോട് അദ്ദേഹം ആലോചന ചോദിച്ചിരുന്നു. ഇതല്ലാതെ മറ്റാലോചനക്കാർ അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. ദൈവം തന്റെ ഉള്ളിൽ സന്നിഹിതനാണെന്ന അറിവുമൂലം ആ ദൈവത്തോട് ഇടപെടുന്നതിൽ അദ്ദേഹം സംതൃപ്തി കണ്ടെത്തിയിരുന്നു. മാനുഷികചിന്തകളാണ് എല്ലാറ്റിനെയും നിഷ്ഫലമാക്കിയിരുന്നത്. എല്ലാ തിന്മകളും അവിടെ നിന്ന് ആരംഭിക്കുന്നു. നമ്മെ വഴിനടത്തുവാൻ അത്തരം ചിന്തകൾ പര്യാപ്തമല്ലായ്കയാൽ അവയെ അദ്ദേഹം ഉപേക്ഷിച്ചുപോന്നു. അപ്പോൾ ദൈവത്തോടുള്ള സംഭാഷണം തുടരുവാൻ നമുക്ക സാധിക്കും. ഇതിലൂടെ ലഭിക്കുന്ന ദൈവികചിന്തകളാണ് നമ്മുടെ പരമമായ നന്മ.

പ്രാർത്ഥനയെ ചില പ്രത്യേക സമയങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നില്ല. എന്നാലും ആദ്യഘട്ടങ്ങളിൽ വാക്കുകൾ ഉപയോഗിച്ചുള്ള പ്രാർത്ഥനകൾ അദ്ദേഹം നടത്തിയിരുന്നു. പിന്നീട് ആ പതിവു നിറുത്തുകയും ചെയ്തു. എന്തുകൊണ്ടാണങ്ങനെ നിറുത്തിയതെന്ന് അദ്ദേഹത്തിന് അറിവുണ്ടായിരുന്നില്ല.

**പശ്ചാത്താപത്തിന്റെ മാർഗ്ഗത്തിൽ**

ഒരു നവശിഷ്യനായി എപ്പോഴും തുടരുവാൻ ബ്രദർ ലോറൻസ് ആഗ്രഹിച്ചു. തന്നെ സന്യാസചര്യയിൽപ്പെട്ട ഒരുവനായി മറ്റുള്ളവർ പരിഗണിക്കണമെന്ന് ഇച്ഛിക്കാതെയും തന്റെ വിലയേറിയ രണ്ടു സംവത്സരങ്ങൾ നഷ്ടപ്പെട്ടല്ലോ എന്നു ചിന്തിക്കാതെയുമാണ് അദ്ദേഹം ഈ ആഗ്രഹം വച്ചു പുലർത്തിയത്. പശ്ചാത്താപമാർഗ്ഗത്തിലേക്കു തന്നെ കൈക്കൊള്ളാമെന്ന് ദൈവത്തോടപേക്ഷിക്കുവാൻ തക്ക സ്ഥിരചിത്തത അദ്ദേഹത്തിന് ഉണ്ടായില്ല. അതിനായി അദ്ദേഹം ആഗ്രഹിച്ചതുമില്ല. എങ്കിലും തനിക്കതിന് അർഹതയുണ്ടെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ദൈവം അത് അനുവദിച്ചുതരുമ്പോൾ അതിൽ സ്ഥിരത പ്രാപിക്കുവാനുള്ള കൃപയും കൂടി ലഭിക്കുമെന്നും അദ്ദേഹം വാഞ്ഛിച്ചു. എല്ലാ പശ്ചാത്താപപ്രവർത്തനവും മറ്റ് ആത്മീയാഭ്യാസങ്ങളും സ്നേഹത്തിലൂടെ ദൈവത്തോട് ഏകീഭാവം പ്രാപിക്കുക എന്നൊരു ഫലമാണ് സമ്പാദിച്ചു തരേണ്ടത്. ഇതിനെപ്പറ്റി ഗാഢമായി വിചിന്തനം ചെയ്തശേഷം സുസ്ഥിരമായ സ്നേഹത്തിലൂടെ അതിലെത്തുകയാണ് കൂടുതൽ എളുപ്പമായ വഴിയെന്ന നിഗമനത്തിൽ അദ്ദേഹം ചെന്നുചേർന്നിരുന്നു.

മനനത്തെയും ഇച്ഛാവ്യാപാരത്തെയും തമ്മിൽ വേർതിരിച്ചറിയുന്ന ഒരു വലിയ വ്യവച്ഛേദനം ആവശ്യമാണെന്ന് ബ്രദർ ലോറൻസ് മനസ്സിലാ





ക്കി. ഇതിൽ ആദ്യത്തേതിന് അല്പമായ പ്രാധാന്യമേയുള്ളൂ. രണ്ടാമത്തേതാകട്ടെ, സർവ്വപ്രധാനവും. സ്നേഹിക്കുകയും അതിലൂടെ ദൈവികസന്തുഷ്ടി പ്രാപിക്കയും ചെയ്കയാണ് നമ്മുടെ കർത്തവ്യം. എല്ലാവിധ പശ്ചാത്താപവും നമ്മിൽ പ്രവർത്തിച്ചാലും അതിൽ സ്നേഹം വ്യാപരിക്കാത്തപക്ഷം ഒറ്റ പാപത്തെപ്പോലും മായിച്ചു കളവാൻ സാധ്യമല്ല. വ്യാകുലചിത്തരാകാതെ ക്രിസ്തുവിന്റെ രക്തത്തിലൂടെ ലഭിക്കുന്ന പാപക്ഷമ നാം പ്രാപിക്കണം. പൂർണ്ണഹൃദയത്തോടെ കർത്താവിനെ സ്നേഹിക്കുവാൻ നാം ശ്രമിക്കയും വേണം. ദൈവം പാപരഹിതരായ വ്യക്തികളെ ആദരിക്കാതെ ഏറ്റവും വലിയ പാപികളെ തന്റെ വലിയ കൃപകൾ പ്രാപിക്കുവാൻ തിരഞ്ഞെടുത്തതായി നാം കാണുന്നു. ഇതിലാണ് ദൈവത്തിന്റെ സ്നേഹവും അനുകമ്പയും അത്യധികം തെളിഞ്ഞുപ്രകാശിക്കുന്നത്.

**സ്നേഹത്തിനുവേണ്ടി ചെയ്യുന്ന ചെറിയ കാര്യങ്ങൾ**

ബ്രദർ ലോറൻസ് മരണത്തെയോ പാപത്തെയോ സ്വർഗ്ഗനരകങ്ങളെപ്പോലുമോ ഉന്നതങ്ങളായിക്കരുതാതെ ദൈവസ്നേഹത്തിനുവേണ്ടി ചെറിയ കാര്യങ്ങൾ ചെയ്യുന്ന മാർഗ്ഗം തിരഞ്ഞെടുത്തു. വൻകാര്യങ്ങൾ ചെയ്‌വാൻ തനിക്കു കഴിവില്ലെന്ന് അദ്ദേഹം പറഞ്ഞു. എന്നാലിപ്രകാരം സ്നേഹത്തിനുവേണ്ടി പ്രവർത്തിക്കുന്നതിലൂടെ ദൈവം നിശ്ചയിച്ചിട്ടുള്ള കാര്യങ്ങൾ തനിക്കു ലഭിക്കുമെന്നതിനാൽ അതിനെപ്പറ്റി വലിയ ഉൽകണ്ഠയൊന്നും അദ്ദേഹത്തെ ബാധിച്ചില്ല. ജീവനോടെതന്നെ തോലുരിച്ചിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന യാതനയോടു താരതമ്യപ്പെടുത്തിയാൽ

**ക്രിസ്തുവിന്റെ രക്തത്തിലൂടെ ലഭിക്കുന്ന പാപക്ഷമ നാം പ്രാപിക്കണം. പൂർണ്ണഹൃദയത്തോടെ കർത്താവിനെ സ്നേഹിക്കുവാൻ നാം ശ്രമിക്കയും വേണം. ദൈവം പാപരഹിതരായ വ്യക്തികളെ ആദരിക്കാതെ ഏറ്റവും വലിയ പാപികളെ തന്റെ വലിയ കൃപകൾ പ്രാപിക്കുവാൻ തിരഞ്ഞെടുത്തതായി നാം കാണുന്നു. ഇതിലാണ് ദൈവത്തിന്റെ സ്നേഹവും അനുകമ്പയും തെളിഞ്ഞുപ്രകാശിക്കുന്നത്.**

ആത്മീയമായി താൻ അനുഭവിച്ചവേദനയോ തനിക്കു ലഭിച്ച നിസ്തുല്യമായ സന്തോഷമോ നിസ്സാരമായിട്ടാണ് പരിഗണിക്കേണ്ടത്. ദൈവത്തെ താൻ ദുഃഖിപ്പിക്കുവാൻ ഇടയാകരുതെന്നുള്ള ഒരു കാര്യമല്ലാതെ മറ്റൊന്നിനെയും അദ്ദേഹം ഭയപ്പെടുകയോ ഗൗരവാവഹമായി പരിഗണിക്കുകയോ ചെയ്തില്ല.

അല്പമായ ചില ആശങ്കകൾ തനിക്കുള്ളതായി അദ്ദേഹം എന്നോടു പറഞ്ഞു. അതിനാൽ ആരെങ്കിലും തന്നെ കുറ്റം ചുമത്തുമ്പോൾ അദ്ദേഹം അതിനെ നിഷേധിക്കാതെ ഇപ്രകാരം പറയുക പതിവായിരുന്ന. "അതാണ് എന്റെ പ്രവർത്തനസമ്പ്രദായം. ഇത്രയും മാത്രമേ എനിക്കു ചെയ്‌വാൻ കഴിയൂ." എന്നാൽ ആ വിധത്തിൽ താൻ പരാജിതനാകാതിരുന്നാലോ? അദ്ദേഹം ദൈവത്തിനു നന്ദി പറകയും. അതു ദൈവത്തിൽ നിന്നാണെന്ന് ഏറ്റുപറയുകയും ചെയ്യും.

(തുടരും)

**മൊഴിമാറ്റം: വി.ഐ**

## എഡിറ്റോറിയൽ തുടർച്ച

ക്കൽ പരിശുദ്ധാത്മാവിന്റെ നിയോഗം അനുസരിച്ചു ന്യൂയോർക്കിലേക്ക് എവിടെ നിന്നു വണ്ടിയോടിച്ചു വന്നുവോ അതേ ഫിലിപ്സ് ബർഗ്ഗിലേക്ക് പിറ്റേന്നു തന്നെ യാത്രയായി. അവിടെ തന്റെ പഴയ പഴ്സനേജിനു പിന്നിലുള്ള ആൽബേർട്ട് കുന്നിന്റെ ശാന്തതയിൽ അദ്ദേഹം ദൈവസന്നിധിയിൽ ഇരുന്നു. പ്രവർത്തനത്തെക്കാൾ പ്രധാനം തന്റെ ജീവിതമാണെന്ന ബോധ്യം ദൈവം അദ്ദേഹത്തിനു കൊടുത്തു. പ്രവർത്തനങ്ങളിൽ നിന്നു ഉൾവലിഞ്ഞ 'നിശ്ശബ്ദവർഷ'ങ്ങളാണു വിൽക്കേഴ്സൺന്റെ ജീവിത്തിൽ തുടർന്നുണ്ടായത്. ആ നിശ്ശബ്ദവർഷങ്ങളിൽ ദൈവം പഠിപ്പിച്ച ആഴമേറിയ ബോധ്യങ്ങളുമായാണ് ഏകദേശം രണ്ടു ദശകത്തിനു ശേഷം വിൽക്കേഴ്സൺ ടൈംസ് സ്ക്വയറിൽ പരിശുദ്ധാത്മാവു നൽകിയ പുതിയ നിയോഗത്തിന്റെ അമരക്കാരനായത്.

'ക്രോസ് ആൻഡ് ദ് സ്വിച്ച് ബ്ലേഡിനുശേഷമുള്ള വിൽക്കേഴ്സൺ' നമുക്കു നൽകുന്ന പാഠങ്ങൾ എന്തെല്ലാമാണ്? അവ അക്കമിട്ട് ഇങ്ങനെ പറയാമെന്നു തോന്നുന്നു:

- യേശുവിനോടുള്ള ലളിതവും നിർമലവുമായ അടുപ്പമാണു പ്രധാനം.
- നമ്മുടെ ജയങ്ങളും ദൈവം നമ്മിലൂടെ പ്രവർത്തിച്ച കാര്യങ്ങളും തന്നെ നമുക്ക് ഒരു 'കനം' നൽകിയേക്കാം. ഈ കനം നമുക്കും ദൈവത്തിനും ഇടയിൽ ഒരു അകലം സൃഷ്ടിക്കും. അതു നമ്മുടെ ലാളിത്യം ചോർത്തിക്കളയും.
- പ്രവർത്തനം ജീവിതത്തിൽ നിന്നു വേറിട്ടു നിൽക്കുന്നില്ല: ജീവിതത്തിന്റെ സ്വാഭാവികമായ ഒഴുക്കാണു പ്രവർത്തനം.
- 'ഇന്നലെ'കളിൽ നമുക്കുണ്ടായിരുന്ന ലാളിത്യം 'ഇന്നു'നമ്മെ തുണയ്ക്കുകയില്ല.
- ഓരോ ദിവസവും ആ ലാളിത്യം കൈവിടാതെ ജീവിക്കണമെന്നുണ്ടെങ്കിൽ ദൈവം തരുന്ന വെളിച്ചത്തിൽ നാം നമ്മെത്തന്നെ വിധിക്കണം.
- പരിശുദ്ധാത്മാവിന്റെ മന്ത്രണങ്ങൾക്കു ചെവികൊടുക്കുക; അനുസരിക്കുക ഇതാണു നമുക്കു വേണ്ടത്.

ഒന്നോർക്കുക: ക്രിസ്തീയശുശ്രൂഷയും ദൈവംതന്ന ദാനമാണ്.ദാനത്തെക്കാൾ പ്രധാനം ദാതാവാണ്. 'ഇഹലോകത്തിലേക്കു നാം ഒന്നു കൊണ്ടുവന്നിട്ടില്ല; ഇവിടെ നിന്നു യാതൊന്നും കൊണ്ടു പോകുവാൻ കഴിയുന്നതുമല്ല' (1 തിമൊഥെയോസ് 6:7)

**പ്രതീക്ഷിക്കുക!**

**ഓരോ ചുവടിലും അനുസരണം**

വെയ്ൽസിലെ ഉണർവിന് ദൈവം ഉപയോഗിച്ച

**റീസ് ഹോവൽസിന്റെ ജീവിത കഥ.**

സംഭവബഹുലമായ ഈ അനുഭവകഥ

ആദ്യ അധ്യായം മുതൽതന്നെ വായിക്കുക!





# ദൈവമഹത്വം നമ്മെ വിട്ടുമാറുന്നത് എങ്ങനെ?

**അജ്ഞാതകർത്തൃകം**

"ദോഷകരമായ വാക്കുകൾ ഉപയോഗിക്കരുത്. ബന്ധങ്ങൾ കെട്ടിപ്പടുത്തുയർത്തുവാൻ സഹായകരവും ആവശ്യത്തിന് ഉതകുന്നതും കേൾക്കുന്നവർക്ക് നന്മവരുത്തുന്നതും ആയ വാക്കുകൾ ഉച്ചരിക്കുക പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്." (എഫെ. 4:29, 30 ഗുഡ്ന്യൂസ് ബൈബിൾ)

യെഹെസ്ക്കേലിന്റെ കാലത്ത് ആളുകൾ തങ്ങളുടെ ദുഷിച്ച പ്രവൃത്തികളാൽ ദേവാലയത്തെ അശുദ്ധമാക്കി. അതുമൂലം ദൈവമഹത്വം ആലയത്തെ വിട്ടുപോയതായി യെഹെസ്ക്കേൽ കണ്ടു. മുകളിൽ ഉദ്ധരിച്ച വേദഭാഗത്ത് വായിൽനിന്ന് ദുഷിച്ച വാക്കുകൾ പുറപ്പെടുക നിമിത്തം പരിശുദ്ധാത്മാവിന്റ മന്ദിരമായ ശരീരം അശുദ്ധമാകുമെന്ന് പൗലോസ് പറയുന്നു. അപ്രകാരം ദൈവമഹത്വം നമ്മെ വിട്ടുപോകുന്നു. നാം നമ്മെത്തന്നെ അശുദ്ധമാക്കുന്നത് എങ്ങനെയാണെന്ന് യേശുക്രിസ്തു പറയുന്നുണ്ട്: "വായിൽ നിന്നു പുറപ്പെടുന്നത് മനുഷ്യനെ അശുദ്ധനാക്കുന്നു..... വായിൽ നിന്നു പുറപ്പെടുന്നതോ ഹൃദയത്തിൽ നിന്നു വരുന്നു. അതു മനുഷ്യനെ അശുദ്ധനാക്കുന്നു. ദുശ്ചിന്ത, കൊലപാതകം, കള്ളസ്സാക്ഷ്യം, എന്നിവ ഹൃദയത്തിൽ നിന്നു പുറപ്പെട്ടുവരുന്നു. മനുഷ്യനെ അശുദ്ധമാക്കുന്നത് ഇതത്രേ." (മത്താ. 15:11, 18-20). നമ്മുടെ ദുഷിച്ച ചിന്തകൾ പുറത്തേക്കു വരുന്നതു വഴി നാം നമ്മെത്തന്നെ അശുദ്ധരാക്കുന്നു. ഇക്കാര്യത്തിൽ നാമെല്ലാവരും ശ്രദ്ധാലുക്കൾ ആകേണ്ടതാണ്.

"ദുഷിച്ച ചിന്തകൾ" എന്നുവച്ചാൽ സംഭവിച്ച കാര്യങ്ങളെക്കുറിച്ച് നമ്മുടെ മനസ്സിൽ ഉള്ള കൃത്യമായ വിവരണങ്ങളും, ഓർമ്മകളും ആണ്, പക്ഷേ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ ആ ചിന്തകളെ ഭരിക്കുന്നില്ല.

ആളുകളെക്കുറിച്ച് നമ്മുടെ മനസ്സിലുള്ള ചിന്തകൾ ക്രിസ്തുവിന്റെ സ്നേഹത്താൽ ഭരിക്കപ്പെടുന്നില്ലെങ്കിൽ അവ "കൊലപാതക ചിന്തകൾ" ആയിത്തീരുവാൻ സാധ്യതയുണ്ട്. കാരണം സ്നേഹത്തിന്റെ അഭാവമുള്ള ഹൃദയത്തിൽ പകയുണ്ടാകുവാൻ എളുപ്പമാണ്. പകയേയും കൊലപാതകത്തേയും തമ്മിൽ ബന്ധപ്പെടുത്തി യോഹന്നാൻ തന്റെ ലേഖനത്തിൽ എഴുതിയിട്ടുണ്ട്. പലപ്പോഴും നമ്മോടു തെറ്റു ചെയ്ത വ്യക്തിയുടെ പ്രവൃത്തിയെപ്പറ്റി നാം ആവർത്തിച്ചു പറയുന്നത് ആ വ്യക്തിയുടെ സ്വാധീനത്തെയും, മാനത്തേയും നശിപ്പിച്ചു കളയുവാൻ വേണ്ടിയാണ്.

ഇനി "കള്ളസ്സാക്ഷ്യ"ത്തെപ്പറ്റി ചിന്തിക്കുക. ഒരാൾ നിങ്ങളോടു ചെയ്ത തെറ്റിനെക്കുറിച്ച് ആവർത്തിച്ചു സംസാ

നാം സംസാരിച്ചുപോയ ഓരോ അനാവശ്യവാക്കിനും ന്യായവിധിദിവസത്തിൽ കണക്കു കൊടുക്കേണ്ടിവരും. അതിനാൽ നമ്മുടെ വായിൽ നിന്ന് കൃപയോടുകൂടിയതും, പ്രയോജനപ്രദവുമായ വാക്കുകൾ മാത്രമേ പുറത്തു വരികയുള്ളു എന്നു നാം തീർച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കരുണയില്ലാത്തവർക്കു ദൈവത്തിൽനിന്ന് കരുണയില്ലാത്ത ന്യായവിധി ഉണ്ടാകും. അന്തിമദിവസം യേശു നമ്മോട് കരുണകാണിക്കണമെന്ന് നാം ആഗ്രഹിക്കുന്ന അതേവിധത്തിൽ നാം മറ്റുള്ളവരോടും കരുണയുള്ളവർ ആയിരിക്കണം.

രിക്കവേ അയാൾ നിങ്ങളോടു ക്ഷമാപണം നടത്തി എന്നുള്ള പരമാർത്ഥം പറയാതെയിരിക്കുമ്പോൾ അതൊരു കള്ളസ്സാക്ഷ്യം അല്ലേ? തിരുവെഴുത്തിനെക്കുറിച്ചുള്ള നിങ്ങളുടെ വ്യാഖ്യാനത്തോടു ഏതെങ്കിലും ഒരു സംഗതിയിൽ വിയോജിക്കുന്നവരെ "മതഭ്രാന്തന്മാർ" എന്നു വിളിക്കുന്നത് കള്ളസ്സാക്ഷ്യം അല്ലേ?

"ക്രിസ്തുവിന്റെ സഹോദരന്മാരിൽ ഏറ്റവും ചെറിയവരോട്" നാം ചെയ്യുകയോ, പറയുകയോ ചെയ്യുന്നത് ക്രിസ്തുവിനോടു തന്നെയാണ് നാം ചെയ്യുന്നത്. "നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്?" എന്നു കർത്താവായ യേശു പൗലോസിനോട് ചോദിച്ചുവല്ലോ.

യാക്കോബ് തന്റെ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാൺ ഇടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ട് താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥമത്രേ."

തങ്ങളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ സന്തോഷവും, സമാധാനവും, ജയത്തിനുള്ള ശക്തിയും ഇല്ലാത്ത അനേക വിശ്വാസികൾ ഉണ്ട്. ഇതിന്റെ കാരണം അവർ തങ്ങളുടെ ദുഷിച്ച സംസാരത്തിലൂടെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചു എന്നതാണ്. ദുഷിച്ച സംസാരത്താൽ അശുദ്ധമാക്കപ്പെട്ട ഒരു മന്ദിരത്തിൽ പരിശുദ്ധാത്മാവ് വാസം ചെയ്യുന്നില്ല. എന്നാൽ കരുണയില്ലാത്തതും, ക്ഷമിക്കുവാൻ കഴിയാത്തതുമായ ഹൃദയം നമുക്ക് ഉണ്ടെങ്കിലും നമ്മുടെ പതനത്തിന് മറ്റേതെങ്കിലും കാരണം കണ്ടുപിടിച്ച് നാം നമ്മെത്തന്നെ വഞ്ചിക്കുന്നു.

നാം സംസാരിച്ചുപോയ ഓരോ അനാവശ്യവാക്കിനും ന്യായവിധിദിവസത്തിൽ കണക്കു കൊടുക്കേണ്ടിവരും. അതിനാൽ നമ്മുടെ വായിൽ നിന്ന് കൃപയോടുകൂടിയതും, പ്രയോജനപ്രദവുമായ വാക്കുകൾ മാത്രമേ പുറത്തു വരികയുള്ളു എന്നു നാം തീർച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കരുണയില്ലാത്തവർക്കു ദൈവത്തിൽനിന്ന് കരുണയില്ലാത്ത ന്യായവിധി ഉണ്ടാകും. അന്തിമദിവസം യേശു നമ്മോട് കരുണകാണിക്കണമെന്ന് നാം ആഗ്രഹിക്കുന്ന അതേവിധത്തിൽ നാം മറ്റുള്ളവരോടും കരുണയുള്ളവർ ആയിരിക്കണം. ക്രിസ്തുവിലുള്ള ഒരു സഹോദരനോ, സഹോദരിക്കോ എതിരായി നാം ഓർത്തുവയ്ക്കുകയും, ആവർത്തിച്ചുപറയുകയും ചെയ്യുന്ന ഓരോ കുറ്റവും ക്രിസ്തു നമ്മെ ഒരു ദിവസം എപ്രകാരം വിധിക്കണം എന്നുള്ളതിനും അടിസ്ഥാനമായിത്തീരുകയാണ് ചെയ്യുന്നത്. ഇത് എത്ര ഭയാനകമാണ്!

**മൊഴിമാറ്റം–സുജാ ഏബ്രഹാം**

❖








# Christian Identity and Personality

(Part-I)

**Sandeep Poonen**

**Question:**

Philippians 2:3 says, "*Do nothing from selfishness or empty conceit, but with humility of mind regard one another as more important than yourselves.*" What does this last part mean? If I have a low esteem about myself, this can lead to an inferiority complex.

This can lead to a false belief that 'He is better than me' even though in terms of talent, he may not be as talented as I am. This can also lead to a fear to take up any responsibility simply because everyone is better than me; since ("regard others as more important than yourself"). This can in turn lead to a very low self confidence. The person may grow up into a shy, timid and reserved person not using his potential to the fullest. Please reply when you have the time.

**Answer:**

Thanks for your question. You asked a very good question, and it spurred me to write a more extended reply than I initially intended to. But I hope it is nonetheless useful to you.

As I thought about your question, I wanted to make sure that I addressed how God works with our *identity* and He works with our *personality* after we're born again. 2 Corinthians 5:17 (I'm a new creation) can make me assume that every part of me is made brand new. But that's not exactly true. As I'll try to explain in more detail, God does not change our personality. But He does fundamentally change our identity.

When we are born again, the Holy Spirit comes to live within us. He comes to dwell in our hearts (or our spirits) – the innermost part of who we are. But yet we still sin, don't we? Yes - the Holy Spirit does not so dominate our existence that we cannot sin anymore. And neither is it true that the Holy Spirit leaves us every time we sin. 1 John 1:8 tells me that if I say I have no sin in me, the truth is not in me. So even the Apostle John admitted that he had sin in him **in his 90s**! But that does not mean that the Holy Spirit left him every time he sinned. Of course, if we intentionally disregard the voice of the Holy Spirit and keep on sinning, then of course

the Holy Spirit can leave us altogether.

But the Holy Spirit definitely wants to get rid of all sin within us. So when we ask the Holy Spirit to live inside of us, He transforms our identity immediately, but also longs to transform all the rest of us. He will transform all of us even as we fully surrender our bodies to Him and be <u>*renewed*</u> in our minds (Romans 12:1-2).

So let me describe this transformation and renewal:

**A transformation in our identity:**

I think we can often lose the significance of the words "born again" and what that means. To be born again clearly implies that there is a first birth, and then a first DEATH. What is this first death? From Scripture, we know that we must die to self **-** so we must die to everything that we have defined ourselves by. This death goes way beyond specifics of our past and even our personality – all the way to the most basic ways in which we define ourselves. For some it is their personality that *defines* them, for others it might be academic success, a family status, some past or present event, or something else.

Once we are willing to ***truly*** die to everything, then we are ready to be born *again*. And the rebirth is not mystical or fancy. But it is always the simple quiet assurance of the Holy Spirit that we are immensely loved – so much so that our sins are forgiven, and we are now viewed as new beings without fault.

**This is a fundamental identity shift**. I cannot stress how DEEP this change is. We must now look at ourselves differently **at our very core**. This is our new identity whether we *feel* it or not. And this is also our identity whether we embrace it or not. Of course, if we don't embrace it, we miss out on the many privileges that are afforded us as a result of this new identity.

And what is the basic view of our identity? It is this: ***We are infinitely loved by God Almighty***

So much is wrapped up in this phrase, and we must spend the rest of our lives unpacking this more and more. This is exactly what we must FOCUS on doing. So I must be in the business of using every situation, every trial, and every circumstance – to somehow plumb the greater depths of the love of God FOR ME! Every Christian must individually do this, and we are all equals in this. There are no hierarchies in this – there is no male or female, Greek or barbarian, master or slave, etc. EACH ONE OF US is infinitely loved by God Almighty.

And as we have heard it said another way: *God loves us just as much as He loved Jesus* (John 17:23). So if we can concede that God must have loved Jesus infinitely, then we must accept God's Word that He loves US JUST AS MUCH!





But again, I want to stress that this must become our identity. So this must be how we define ourselves now. We refuse to use any other metric to define ourselves – and choose to use the truth of "I am loved" to be the constant refrain of my new identity.

The oxygen that my born again being breathes in, is the oxygen of "I am loved." This is what gives life to my born again being. And this is what will sustain its life as well.

**A renewal of our personality:**

With that said, we are now ready to look at our personality and how this is affected when we are born again.

Our identity is completely transformed instantly when we are born again. But God does not desire to change our personality. Each of our personalities is a gift from God and is <u>**not**</u> part of our sinful nature. Rather, it is part of God's unique GIFT to us.

Many of us can believe a subtle lie that some personality traits are better than others. This is simply not true. God has as much to accomplish through the extrovert and the introvert. God has as much to accomplish through the naturally hot-headed as through the naturally mild-mannered. And so on. No personality trait is inherently good or evil. Every single personality trait can be leveraged either for God's glory and honor, or for our own glory and honor.

So the same Holy Spirit who comes to **transform** our identity, comes to also renew our personality by <u>**complementing**</u> it with His gifts. He doesn't desire in any way to destroy or mangle our personality. Yes, our love for our self and its will needs to completely die (and be replaced by the identity of being infinitely loved), but our personalities need to be renewed for His glory instead of ours.

**And the Holy Spirit gives His gifts to perfectly complement our personality to make us useful for the building of the body of Jesus Christ here on earth.**

And in this matter, I need to be very clear about something:

We cannot and must not rely on human personality tests to predict what our spiritual gifts might be for the building up of the church. When we do this, we are truly limiting the Holy Spirit and His power.

Let me give you an example:

Many might think that a person who is extroverted and charismatic would probably be gifted as a teacher or preacher. And vice versa, if a person is introverted, that means that he is probably not gifted to be a teacher.

But this is simply not true. God can use an extrovert and an introvert to be a powerful preacher of God's Word. The Holy Spirit is not at all limited by a particular personality.

The extrovert might be more comfortable in front of crowds, and might be able to speak really well, but this could be his very undoing as he may not take the time to listen to God and sit at His feet. How can such a person *ever* speak the words of God? He can speak his own complex and refined thoughts, but they are still just the thoughts of dust particles aligned in a particular way! Meanwhile, the introvert might be terribly shy and nervous in front of others, but his measured and halting words might still be immersed in the Holy Spirit (God). So the hearts of the hungry listeners will be touched and turned towards God Himself.

So let us not think that ANY particular personality trait can hamper or prevent us from being fully useful for every task the Lord has for us.

And to build from another truth in Scripture:

We can think of the fruit of the Spirit as being the outworking of one's identity. So every born again Christian has EQUAL AND LIMITLESS ABILITIES to bear the fruit of the Spirit (Galatians 5:22-23). Because as I discussed above, every born-again Christian is EQUALLY AND LIMITLESSLY loved!

And we can think of the gifts of the Spirit as being given to complement our personalities. The Holy Spirit leverages every one of our unique personality traits to exhibit the life of Jesus in us. And as long as we stay FULLY AVAILABLE to God (and not limit God because of our feeling on our personality strengths and weaknesses), He will give us the ABILITY for every task that He wants us to do, in how we build up the Body of Christ.

One last verse: *Romans 8:15 – You have not received a spirit of slavery leading to fear again, but a spirit of adoption as sons by which we cry out, "Abba! Father!"* It is this born again cry that we have now – that approaches God as our infinitely-loving Heavenly Father (Daddy). And I am convinced that the path to freedom from *every* form of slavery to sin is by CRYING OUT more instinctively to our Daddy in heaven.

So when I fall, I don't have to beat myself up. I just need to realize that I have not cried out for Daddy like I should have. I just need to realize that I did not reach up for the Father's hand when trying to cross the various roads of life. So let me get up and redouble my efforts to recognize my new identity and give way to the "Abba! Father!" cry within me.

Let us meditate on this. And in my next part, I will address the specific verse that you brought up, and how I apply what I have written as a foundation to my overall understanding on this matter.

(please mail your genuine doubts to: **sandeep@poonen.org**)

❖

# ജീവമൊഴികൾ

വാല്യം 9 ജൂൺ 2011 ലക്കം 6

**എഡിറ്റോറിയൽ ബോർഡ്**

ജോജി ടി. സാമുവൽ (കോട്ടയം)
ജോസ് മാത്യു (തിരുവനന്തപുരം)
മാത്യു ജോർജ് (തിരുവല്ല)
ജോബി ചെറിയാൻ (റാന്നി)
സാബു ജോസഫ് (ആലപ്പുഴ)
മാനേജർ
ജേക്കബ് മാത്യു (കോട്ടയം)

വാർഷിക സംഭാവന

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള- 686016,
ഫോൺ 0481-2392753,
9495324087, 9349516234
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

**വിദേശപ്രതിനിധികൾ**

**U.S.A - Binoy James**
Phone: 51290-2808(O) 51282-5028(O)
Email: binoyjames@hotmail.com
**DUBAI - Shabu Kuruvilla**
Phone: 050-7970839
E-mail: skuruvi@gmail.com


മൊഴിമുത്ത്

## ഉണർവ്വ് : ഇന്നിന്റെ ആവശ്യം



പരിശുദ്ധാത്മ ശക്തിയോടുകൂടിയ സർവ്വവ്യാപകവും ആഴത്തിലുള്ളതുമായ ഒരു ഉണർവ്വ് നമുക്ക് ആവശ്യമാണ്. ഒരു പൊതുഉണർവ്വ് ഉണ്ടായില്ലെങ്കിൽ സഭയുടെയും ഭവനങ്ങളുടെയും രാജ്യത്തിന്റെയും തന്നെ നാശം സംഭവിച്ചു എന്നുവരും. ദൈവത്തിങ്കൽ നിന്നുള്ള പുതുജീവൻ – ഉണർവ്വ് – മാത്രമാണ് ഇതിനുള്ള പ്രതിവിധി. അസാന്മാർഗ്ഗികത്വത്തിന്റെയും അവിശ്വാസത്തിന്റെയും വേലിയേറ്റത്തെ അതു തടയും. ന്യായവാദം കൊണ്ട് അതു സാധ്യമല്ല. നിയോഗാനുസരണമായ ഒരു ഉണർവ്വ് ഉണ്ടായാൽ മാത്രം മതി. നിരീശ്വരത്വം, അമിതകാത്തിരിപ്പ്, ക്രിസ്ത്യൻ സയൻസ്, ഏക മതവാദം ഇവയെല്ലാം തന്നെ ആത്മപകർച്ചയുടെ മുൻപിൽ താളടിയാകും.

## ഈസ്റ്റർ കാഴ്ച

A Joyful 'toon by Mike Waters




അവർ ദൈവത്തെ തപ്പിനോക്കി കണ്ടെത്തുമോ എന്നുവച്ച് അവനെ അന്വേഷിക്കേണ്ടതിനു തന്നേ. അവൻ നമ്മിൽ ആർക്കും അകന്നിരിക്കുന്നവനല്ലതാനും–
അപ്പൊ.17:27

# THE SPECK AND THE LOG

Jesus said it is possible for us to want to take out the tiny speck in another person's eye while there is a great big log of wood in our own eye! In that case, we simply cannot see properly ourselves. We are only pretending to help someone else if this is the case.

Now we all know what the Lord Jesus meant by the speck in some other person's eye. It is some fault which we think we can see in him. He may have done something to us which was nor good. But what did the Lord Jesus mean by the log in our own eye?. May I suggest that is our hard thoughts about the speck in this eye?. There is no doubt something wrong in other person, but our hard thoughts about that wrong is also wrong! His fault has made us think hard about him to others, or felt bitter about him. We do not want him to get on well. All of these things shows a lack of love in us! And this says the Lord Jesus, tells us that our lack of love is like a big log compared to our brother's tiny fault which is like a little speck of wood. He may not know it is there!

Everytime we point to someone and say "This is your fault," three fingers are pointing at us. But how often have we done it! while we have tried to deal with some one else's fault. God has seen this much bigger fault in our own hearts. May He have mercy up on us.

## *Just a minute*

*"Faith is the assuarance of things hoped for and the conviction of things not seen"*

*Hebrews.11:1*

